KNANAYADEEPAM

# ക്നാനായ ദീപം

SINCE 1989

Vol: 31 / Issue: 5 May 2020 ₹ :10/-








ക്നാനായ സിറിയൻ അതിഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ചിങ്ങവനം സ്റ്റേഷനിലെ പോലീസ് ഉദ്യോഗസ്ഥർക്കുള്ള ഭക്ഷണക്രമീകരണത്തിനുള്ള ധനസഹായം 23-04-2020 ൽ ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്താ സർക്കിൾ ഇൻസ്പെക്ടർ ബിൻസ് ജോസഫിന് കൈമാറുന്നു. എസ്.ഐ. ടോം മാത്യും, സെമിനാരി മാനേജർ ഫാ. ഷിബിൻ ഏബ്രഹാം മണിമലേത്ത് എന്നിവ് സമീപം



ചിങ്ങവനം സെന്റ് മേരീസ് ശാലേം ക്നാനായ പള്ളി ഇടവകയിലെ ഭവനങ്ങൾക്ക് 1500 രൂപ ധനസഹായം നൽകുന്നതിന്റെ വിതരണോദ്ഘാടനം വികാരി ഫാ. ജേക്കബ് ഫിലിപ്പ് നടയിൽ, ഇടവക സെക്രട്ടറി സിബി മാത്യു തോണ്ടുകുഴിയിലിനു നൽകി നിർവ്വഹിക്കുന്നു. നിർവ്വാഹക സമിതി അംഗങ്ങളായ അരുൺ തകിടിയിൽ, കൊച്ചുമോൻ മടുക്കുംമൂട്ടിൽ എന്നിവർ സമീപം.

SINCE 1989

# ക്നാനായ ദീപം

2020 മെയ് പുസ്തകം 31 ലക്കം 5

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം

## ഉള്ളടക്കം

എഡിറ്റോറിയൽ 04

വലിയ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ

ചില കോവിഡ്കാല കരിയർ ചിന്തകൾ 07
ഡോ. സുനിൽ ഡി. കുരുവിള

ക്നാനായ കുടിയേറ്റവും മലങ്കര സഭാചരിത്രത്തിലെ നിർണ്ണായക സ്വാധീനങ്ങളും 10
ഡോ. കുറിയാക്കോസ് കോർഎപ്പിസ്ക്കോപ്പാ മൂലയിൽ

EDESSA THE FIRST KINGDOM OF THE NAZARENES 12
Sundeep Abraham BE, LLB.

കൊറോണ (കവിത) 13
ഷാജൻ പെരുമ്പള്ളിപ്പറമ്പിൽ

നേതൃത്വ പരിശീലനം 14
ഡോ. കെ. റ്റി. തോമസ്

സ്വർഗ്ഗീയ മണവാളനും തിരുസഭയാം മണവാട്ടിയും 16
ഡോ. ഐബി ജോസ്

19 വിനീതഭാവം
ഫാ. മാത്യു ചെറുകരേത്ത്

20 സൂലോക്കോ
ഫാ. ജേക്കബ് ഫിലിപ്പ് നടയിൽ

21 പെന്തിക്കോസ്തിയും ജീവിത നവീകരണവും
ഫാ. മാത്യു കുരുവിള

22 മലർവാടിക്കൂട്ടം ബാലദീപം ക്വിസ്

23 കാൽപ്പാടുകൾ
എബി

24 എപ്പോഴും സന്തോഷിക്കുവിൻ
ഫാ. സിജിൻ ജോസ് വിലങ്ങൻപാറ

26 കൊറോണക്കാലവും വീട്ടിലെ വിദ്യാഭ്യാസവും
അനിൽബോസ് എ.

**ക്നാനായദീപം വരിസംഖ്യ കുടിശ്ശിഖയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം**

**മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.**

**Chief Patron**
**H.E. Mor Severios Kuriakose**
Chief Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**

**Chief Editor**
**V. Rev. Roy Mathew Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
T. S. Mathukutty Thekkeparambil
E. P. Kuriakose, Edavazhikkal
K. A. Thomas Komarathumparambil
Sibi Mathew Thondukuzhiyil
Anu Kurian Padakasseril

**Press Manager**
**Fr. Sherin C. Kollamparambil**

**Press Managing Committee**
Abraham Kurian Kaipuzha
Benny Mathew Kariyil
P. A. Joseph Puthenpurackal
A. U. Kuriakose Ayikkara
Shino Joseph Kalloorthundiyil
Sibi Baby Thoppil

**Ex-officio Members**
Scaria Thomas (Ex. M.P.)
(Lay Trustee)
T. O. Abraham Thottathil
(Samudaya Secretary)

Visit www.
knanayadeepam.com

**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com

**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176
Mob. 7034400176
E-mail:
**kna.deepam@gmail.com**

ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക

# editorial



## എഡിറ്റോറിയൽ

*ഞാൻ ദേശത്തെ നശിപ്പിക്കാതെവണ്ണം അതിനു മതിൽ കെട്ടി എന്റെ മുൻപാകെ ഇടിവിൽ നിൽക്കേണ്ടതിന് ഒരു പുരുഷനെ ഞാൻ അവരുടെ ഇടയിൽ അന്വേഷിച്ചു ആരെയും കണ്ടില്ല.* (യെഹെസ്കേൽ. 22:30.)

യെഹെസ്കേലിന്റെ കാലത്തെപ്പോലെ തന്നെയാണ് ഇന്ന് ലോകത്തിന്റെ നിലം. ജനങ്ങൾ, പട്ടക്കാർ, മേൽപട്ടക്കാർ, ഉപദേഷ്ടാക്കൾ, പാസ്റ്റർമാർ, പൂജാരികൾ നേതാക്കന്മാർ എല്ലാവരും ദൈവഹിതത്തിൽ നിന്ന് വ്യതിചലിച്ച് ലൗകിക കാര്യങ്ങളിൽ ശ്രദ്ധപതിപ്പിച്ചിരിക്കുകയാണ്. ദ്രവ്യാഗ്രഹം, ലോക സ്നേഹം, ലൗകിക സുഖങ്ങളിലൂള്ള ആസക്തി, മനുഷ്യരിൽ നിന്നുള്ള പുകഴ്ച, സ്വയസ്നേഹം എന്നിവകളത്രെ, ദൈവത്തിന് തങ്ങളുടെ ജീവിതത്തിൽ നൽകേണ്ട സ്ഥാനം നൽകാതിരിക്കുന്നത്. അതിനാൽ ക്രിസ്തീയ സഭകളിൽ കാണുന്ന ശക്തിയും ദൈവസാന്നിദ്ധ്യവും അനുഗ്രഹങ്ങളും കാണുന്നില്ല. ഇതു നിമിത്തം ദൈവം ജനത്തെ നശിപ്പിക്കും എന്നുള്ളതിനു സംശയമില്ല. സോദോമിന്റെയും ഗോമോറേയുടെയും പാപം ഏറ്റവും ഭയങ്കരമായി തീർത്തതിനാൽ അതിനെ നശിപ്പിക്കുന്നതിനു ദൈവം നിശ്ചയിച്ചു. സോദോമിൽ ഉണ്ടായിരുന്ന പാപം ഇന്ന് ഇൻഡ്യ ഉൾപ്പെടെ എല്ലാ രാജ്യങ്ങളും നിയമപരമായി അംഗീകരിച്ച് നടപ്പാക്കി ദൈവകോപം സോദോമിന്റെ മേൽ ഇറങ്ങുന്നതിനു മുമ്പ് അബ്രഹാം ഇടിവിൽ നിന്നു പ്രാർത്ഥിച്ചു. അബ്രഹാമിന്റെ ഓരോ പ്രാർത്ഥനയ്ക്കും ദൈവം മറുപടി നൽകി. അബ്രഹാം പ്രാർത്ഥന നിർത്തി യശേഷം മാത്രമേ ദൈവം അതിന്റെമേൽ കൈവച്ചുള്ളു. ദൈവമക്കളുടെ പ്രാർത്ഥനയുടെ ഫലമായി തന്റെ ന്യായവിധിയുടെ മധ്യത്തിലും കരുണ കാണിക്കുന്നവനത്രേ ദൈവം.

ഇന്ന് ലോകം അഭിമുഖീകരിക്കുന്ന കൊറോണ എന്ന പകർച്ച വ്യാധിയുടെ പുറകിൽ ദൈവത്തിന്റെ കരങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ജനം തങ്ങളെതന്നെ താഴ്ത്തി മനസ്സുതിരിഞ്ഞ് ഉപവസിച്ച് പ്രാർത്ഥിക്കുമെങ്കിൽ ദേശത്തിനു സൗഖ്യം ലഭിക്കും. ദാനിയേലിന്റെ പുസ്തകം 9-ാം അദ്ധ്യായത്തിൽ ദാനിയേൽ 21 ദിവസം മത്സ്യം, മാംസം ഇവ വർജിച്ച് ഉപവസിച്ചു പ്രാർത്ഥിച്ചപ്പോൾ ദൈവം വിടുതൽ നൽകി. നമ്മുടെ പ്രധാനമന്ത്രിയെക്കൊണ്ട് സർവ്വശക്തനായ ദൈവമാണ് 40 ദിവസം എല്ലാ പ്രവർത്ത നങ്ങളും നിർത്തിയാൽ രക്ഷപ്പെടാം എന്ന് പറയുന്നത്. 40 ദിവസത്തെ ഉപവാസത്തിനു ശക്തിയുണ്ട്.

യിസ്രായേൽ വിഗ്രഹാരാധനകൊണ്ടും പുരോഹിതന്മാർക്ക് വിരോധമായി പിറുപിറു ത്തതു നിമിത്തവും ദൈവ കോപം ജനത്തിന്റെമേൽ ഉണ്ടായ സന്ദർഭത്തിൽ മോശ പ്രാർത്ഥിച്ചു. യഹോവയുടെ നിയമപെട്ടകം നഷ്ടപ്പെടുത്തിയ ജനത്തിനുവേണ്ടി ശമു വേൽ പ്രവാചകൻ ഇടിവിൽനിന്നു പ്രാർത്ഥിച്ചു. ഇയ്യോബ് തന്റെ കുടുംബത്തിനും മക്കൾ ക്കും വേണ്ടി പ്രാർത്ഥിച്ചു. അതിരാവിലെ എഴുന്നേറ്റ് ഹോമ യാഗങ്ങൾ കഴിച്ചു പ്രാർത്ഥിച്ചു വിടുതൽ ലഭിച്ചു.

അബ്രഹാം, മോശ, ശമുവേൽ, ഇയ്യോബ് ഇവരെപ്പോലെ ഇടിവിൽ നിൽക്കേണ്ടതിന് ദൈവം ഒരു പുരുഷനെ അന്വേഷിക്കും. യഹോവയുടെ കണ്ണ് തങ്കൽ ഏകാഗ്രചിത്തന്മാ രായിരിക്കുന്നവർക്കുവേണ്ടി തന്നത്താൻ ബലവാൻ എന്നു കാണിക്കേണ്ടതിന് ഭൂമിയിൽ എല്ലാടവും ഊടാടിക്കൊണ്ടിരിക്കുന്നു. നമുക്ക് അവന്റെ മുൻപിൽ വന്ന് പൂർണ്ണ വിശ്വാസ ത്തോടെ ദേശത്തിനുവേണ്ടി പ്രാർത്ഥിക്കാം. ദൈവം ഉത്തരം അരുളും. ഇതുപോലെ ഒരു ദൈവം വേറെയില്ല. നമ്മുടെ കർത്താവ് ജീവിക്കുന്നു.

എന്ന്

**റോയി അച്ചൻ**

# വലിയ മെത്രാപ്പോലീത്തായുടെ സന്ദേശം



മരിച്ചവരുടെ ഇടയിൽനിന്ന് ആദ്യമായി ഉയർത്തെഴുന്നേറ്റ ക്രിസ്തു (1 കോരി.15:20) നാല്പതുനാൾ ഈ ഭൂമിയിൽ പരിശുദ്ധ സഭയ്ക്കുവേണ്ടി പ്രവർത്തിച്ചു. കേഫാവിന്നും (പത്രോസ്) പന്തിരുവർക്കും, അഞ്ഞൂറിലധികം സഹോദരന്മാർക്കും കർത്താവിന്റെ സഹോദരനായ യാക്കോബിനും, അപ്പസ്തോലന്മാർക്കും പ്രത്യക്ഷനായി (1കോരി.15:4-7) അനേകരെ താൻ സന്ദർശിച്ചതു പരിശുദ്ധ സഭയുടെ വളർച്ചയ്ക്കുവേണ്ടുന്ന ഉപദേശങ്ങൾ കൊടുപ്പാനായിരുന്നു. പുനരുത്ഥാനത്തിന്റെ സന്ധ്യയ്ക്കുതന്നെ ശ്ലീഹന്മാരെ സന്ദർശിച്ചുകൊണ്ട് താൻ ഉയർത്തെഴുന്നേറ്റിരിക്കുന്നു എന്നവർക്ക് കാണിച്ചുകൊടുക്കുകയും പൗരോഹിത്യ നൽവരങ്ങൾ അവർക്കു കൊടുക്കുകയും ചെയ്തു. പാപമോചനത്തിനുള്ള അധികാരം അവർക്കുകൊടുത്തു. പരിശുദ്ധാത്മാവിനെ കൈക്കൊൾവിൻ എന്നരുളിച്ചെയ്തുകൊണ്ടു അവരുടെമേൽ ഊതുകയും ചെയ്തു (യോഹ. 20:22-23).

നിങ്ങൾ യെറുശലേമിൽ വാങ്ങിപ്പോകാതെ കർത്താവിൽ നിന്നു കേട്ട പിതാവിന്റെ വാഗ്ദത്തമായ പരിശുദ്ധ റൂഹായ്ക്കായി കാത്തിരിക്കണം (അപ്പോ പ്ര.1:4) എന്നും പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ ശക്തിപ്രാപിച്ച് യരുശലേമിലും യഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും തന്റെ സാക്ഷികളാകും (അപ്പോ പ്ര.1:8) എന്നരുളിചെയ്യുകയും ചെയ്തു.

നമ്മുടെ കർത്താവിന്റെ ഒലിവുമലയിൽ നിന്നുള്ള സ്വർഗ്ഗാരോഹണത്തിനുശേഷം ശിഷ്യന്മാർ യറുശലേമിലേക്കു മടങ്ങുകയും അവർ പാർത്തിരുന്ന മാളികമുറിയിൽ വാഗ്ദത്ത നിവർത്തിക്കായി കാത്തിരിക്കയും ചെയ്തു.

പഴയനിയമ സഭ അനുഷ്ഠിച്ചിരുന്ന ഒരു പെരുന്നാളായിരുന്നു പെന്തക്കോസ്തിപ്പെരുന്നാൾ. വാരപ്പെരുന്നാൾ അഥവാ ആദ്യഫലപ്പെരുന്നാൾ എന്നും ഈ പെരുന്നാളിനു പേരുണ്ട്. പെന്തക്കോസ്തി എന്ന വാക്കിനർത്ഥം അമ്പതാമത്തേത് (50th) എന്നത്രേ. യവം കൊയ്തു പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ ആചരിച്ച് 50-ാം ദിവസം ഗോതമ്പു കൊയ്തു ഗോതമ്പുകറ്റ ദേവാലയത്തിൽ ആദ്യഫലമായി സമർപ്പിക്കുന്നു. ഈ ദിവസം തന്നെയാണ് കർത്താവ് ഉയർത്തെഴുന്നേറ്റതിന്റെ ശേഷമുള്ള 50-ാം ദിവസം. അന്നു കർത്താവിന്റെ കല്പനപ്രകാരം കാത്തിരുന്ന ശ്ലീഹന്മാരുടെ മേൽ പരിശുദ്ധ റൂഹാ തീനാവുകളുടെ സാദൃശ്യത്തിൽ ഇറങ്ങി ആവസിച്ചു. പരിശുദ്ധ റൂഹായുടെ നിറവിൽ പത്രോസ് അപ്പസ്തോലൻ ചെയ്ത പ്രസംഗത്തിൽ മാനസാന്തരപ്പെട്ട 3000-ത്തോളം യഹൂദ പുരുഷന്മാർക്കു സ്നാനം നല്കി പുതിയ നിയമസഭയ്ക്കു ആരംഭം കുറിച്ചു.

പിതാവിനെപ്പോലെയും പുത്രനേപ്പോലെയും പരി. റൂഹാ ഒരു ആളത്വം (ക്നൂമാ) ആകുന്നു എന്നും അവൻ ആശ്വാസപ്രദനാണെന്നും താൻ നമുക്കുവേണ്ടി ദൈവസന്നിധിയിൽ പക്ഷപാതം ചെയ്യുന്നവനാണെന്നും (Advocate) പരിശുദ്ധ ശ്ലീഹന്മാരും, വിശുദ്ധഗ്രന്ഥവും നമ്മെ പഠിപ്പിക്കുന്നു.

അവൻ സകലത്തേയും ജീവിപ്പിക്കുന്ന കർത്താവാണെന്നും പിതാവിൽനിന്നും പുറപ്പെട്ടവനാണെന്നും, പിതാവിനോടും പുത്രനോടുംകൂടെ വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുന്നവനാണെന്നും നിബിയന്മാരാലും ശ്ലീഹന്മാരാലും സംസാരിക്കപ്പെട്ടവനാണെന്നും പിതാക്കന്മാർ നമ്മെ പഠിപ്പിക്കുന്നു.

സഭയോടു ചേർന്ന ആദ്യനാളുകളിലെ ക്രിസ്ത്യാനികൾ ആരും നിർബന്ധിക്കാതെതന്നെ ഒരു തീരുമാനം എടുത്തു. തങ്ങൾക്കുള്ള സ്വത്തെല്ലാം പൊതുവകയാണെന്നും അതു ശ്ലീഹന്മാരുടെ കാര്യവിചാരണയിൽ വിട്ടുകൊടുക്കാനുമാണ് തീരുമാനിച്ചത്. അപ്രകാരം വിശ്വാസികൾ തങ്ങൾക്കുള്ളതെല്ലാം വിറ്റു ശ്ലീഹന്മാരുടെ കാൽക്കൽ വച്ചുകൊണ്ടിരുന്നു. എന്നാൽ അനന്യാസും ഭാര്യ സഫീറയും തങ്ങളുടെ സ്വത്തുവിറ്റ് ഒരുഭാഗം തങ്ങളുടെ കൈവശം വച്ചു, ബാക്കി ശ്ലീഹന്മാരുടെ കാൽക്കൽ സമർപ്പിച്ചു. പത്രോസ് ശ്ലീഹാ പറഞ്ഞു "നിങ്ങൾ പരിശുദ്ധാത്മാവിന്റെ നേരെയാണു വ്യാജം കാണിച്ചത്" അവർ പത്രോസ് ശ്ലീഹായുടെ മുമ്പിൽ തന്നെ വീണു മരിക്കയും ചെയ്തു.

ദൈവഹിതത്തിനു വിരോധമായി നാം ചെയ്യുന്ന തെറ്റുകൾ, പരിശുദ്ധാത്മാവിനു വിരോധമായി ചെയ്യുന്ന തെറ്റുകൾ തന്നെയാണ്. കർത്താവിൽ നിന്നും പ്രാപിച്ചു പിതാക്കന്മാർ നമ്മെ ഏല്പിച്ച വിശ്വാസസത്യങ്ങൾ അക്ഷരംപ്രതി പാലിക്കേണ്ടവരാണ് നാം. ചെയ്യുന്നില്ലാ എങ്കിൽ പരിശുദ്ധാത്മാവിനു വിരോധമായി നാം ചെയ്യുന്ന തെറ്റുകളാണ് അവ. മരണമാണു പ്രതിഫലം. അങ്ങനെ ഉണ്ടാകാതിരിപ്പാൻ കാര്യസ്ഥനായ പരിശുദ്ധാത്മാവിന്റെ തന്നെ സഹായം തേടുക.

കർത്തൃശുശ്രൂഷയിൽ നിങ്ങളുടെ

**ആർച്ച്ബിഷപ്പ് സേവേറിയോസ് കുറിയാക്കോസ്**
**വലിയമെത്രാപ്പോലീത്താ**



റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ, ക്നാനായ സമുദായ സെക്രട്ടറി

# സമുദായ വാർത്തകൾ

പ്രിയപ്പെട്ട സമുദായ അംഗങ്ങളെ,

കോവിഡ് എന്ന മഹാമാരി അതിർത്തികൾ ഇല്ലാതെ വ്യാപനം നടത്തുന്നതിന്റെ മുന്നിൽ എന്ത് ചെയ്യണം എന്നറിയാതെ ലോകരാഷ്ട്രങ്ങൾ പകച്ചു നിൽക്കുന്നു. നമ്മുടെ കൊച്ചുസമുദായവും അതിന്റെ ഭവിഷ്യത്തുകളിൽ അമരുന്ന കാഴ്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. മഹാമാരിയുടെ വ്യാപനം തടയുവാൻ സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന നിയമങ്ങൾ പാലിക്കുവാൻ നാം ബാധ്യസ്ഥർ ആണ്. എല്ലാ ക്രിസ്തീയ ദേവാലയങ്ങളിലും ആരാധനയിൽ അഞ്ച് ആളുകൾ മാത്രമേ പങ്കെടുക്കാവു എന്ന ഗവൺമെന്റിന്റെ കർശന നിർദ്ദേശം ഉള്ളതിനാൽ വി. കുർബ്ബാനയിൽ വൈദികൻ ഉൾപ്പെടെ അഞ്ച് പേർക്ക് മാത്രമെ സംബന്ധിക്കുവാൻ സാധിക്കുകയുള്ളു. ആയതിനാൽ പള്ളികളിലെ വരുമാനം കുറഞ്ഞു എന്നത് വസ്തുത ആണ്. സമുദായത്തിലെ നമ്മുടെ ബഹു. വൈദികർക്ക് ഓരോ മാസവും ശമ്പളം കൊടുക്കുന്നത് പള്ളിയിൽ നിന്ന് ശമ്പള വിഹിതം കേന്ദ്രത്തിൽ അടയ്ക്കുന്നതിന്റെകൂടെ കുറെ പണം കൂടി കണ്ടെത്തിയാണ്.

സാമ്പത്തിക ശേഷി കുറവുള്ള പള്ളികളിലെ വൈദിക ശമ്പള വിഹിതത്തിന്റെ കൂടെ സാമ്പത്തികശേഷിയുള്ള ദേവാലയങ്ങളിലെ ശമ്പള വിഹിതവും സമുദായത്തിൽ നിന്ന് കണ്ടെത്തുന്ന തുകയും ചേർത്താണ് ഓരോ മാസവും വൈദിക ശമ്പളം എന്ന കർത്തവ്യം നിർവ്വഹിക്കുന്നത്. എന്നാൽ ഈ കോവിഡ് കാലത്തെ പള്ളികളിലെ വരുമാനം കുറഞ്ഞതുമൂലം ചില പള്ളികൾ ശമ്പളം കേന്ദ്രത്തിൽ അടയ്ക്കുവാൻ ബുദ്ധിമുട്ടുന്നു. ഇത് സമുദായത്തിന്റെ സാമ്പത്തിക ഭദ്രതയെ ബാധിക്കും. നമ്മുടെ ബഹു. വൈദികരുടെ ശമ്പളം മുടങ്ങാതെ ഇരിക്കുവാൻ എല്ലാ പള്ളിഭാരവാഹികളും വികാരിമാരും കേന്ദ്രത്തിൽ അടക്കുവാനുള്ള തുക കണ്ടെത്തി അടയ്ക്കുന്നതിനുള്ള സാഹചര്യം ഒരുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈ അവസരത്തിൽ ബഹു. വൈദികർക്ക് ഒരു കൈത്താങ്ങായി റവ.ഫാ.ഡോ.എ.റ്റി. ഏബ്രഹാം ആലുംമൂട്ടിൽ ചാരിറ്റബിൾ ട്രസ്റ്റ് നമ്മുടെ സമുദായത്തിലെ ഉന്നത വിദ്യാഭ്യാസം നടത്തുന്ന വൈദികർക്കും, കേരളത്തിലും കേരളത്തിനു പുറത്തും വിദ്യാഭ്യാസം നടത്തിക്കൊണ്ടിരിക്കുന്ന വൈദീകരുടെ മക്കൾക്ക് പഠനസഹായത്തിനും, കൂടാതെ കേരളത്തിലുള്ള നമ്മുടെ ദൈവാലയങ്ങളിലെ എല്ലാ പ്രധാന ശുശ്രൂഷകർക്കും കൊറോണാ ദിനങ്ങളിലെ കരുതൽ എന്ന നിലയിൽ ക്യാഷ് ഗിഫ്റ്റ് നൽകുന്നതിനും കൂടാതെ കോവിഡ് കാലത്ത് സമുദായത്തിലെ പാവപ്പെട്ടവരെ സഹായിക്കുന്നതിനുവേണ്ടി തുടങ്ങിയ കൊറോണാ സഹായ ഫണ്ടിന് ഒരു ലക്ഷം രൂപ ഉൾപ്പെടെ Rs. 6,02000/- (ആറു ലക്ഷത്തി രണ്ടായിരം) നൽകുവാൻ കമ്മറ്റി തീരുമാനിച്ചു. ഈ തുക ഉടനെ വിതരണം ചെയ്യുന്നതാണ്. സമുദായത്തിലെ വൈദീകരെയും പാവപ്പെട്ടവരെയും സഹായിക്കുന്നതിനുവേണ്ടി 60 ലക്ഷം രൂപ നീക്കിവെച്ച ബഹു.റവ.ഡോ.എ.റ്റി.ഏബ്രഹാം അച്ചനോടും, ഇതിനു സഹകരിച്ച എല്ലാവരോടും ഉള്ള നന്ദി ഈ അവസരത്തിൽ അറിയിക്കുന്നു.

കൂടാതെ നമ്മുടെ സമുദായത്തിലെ പാവപ്പെട്ടവരായ സമുദായ അംഗങ്ങൾക്ക് ഈ കോവിഡ് കാലത്ത് ഒരു കൈത്താങ്ങ് കൊടുക്കുവാൻ നമ്മൾ ബാധ്യസ്ഥരാണ്. നിത്യോപയോഗ സാധനങ്ങളായും, പണമായും അവരെ സഹായിക്കുന്നതിനുവേണ്ടി 5 ലക്ഷം രൂപ മെത്രാപ്പോലീത്തായുടെ ദുരിതാശ്വാസനിധിയിൽ നിന്നും മാറ്റിവെക്കാൻ ക്നാനായ കമ്മിറ്റി തീരുമാനിച്ചു. ഈ മാസം തന്നെ തുക വിതരണം ചെയ്യുന്നതാണ്. ഈ സംരംഭത്തിൽ ഭാഗഭാക്ക് ആകുവാൻ സന്മനസ്സുള്ള സമുദായ അംഗങ്ങൾ സമുദായ മെത്രാപ്പോലീത്തയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് Federal Bank, Chingavanam. Acc. No.12990100146537, IFSC: FDRL 0001299 നിങ്ങളുടെ സംഭാവന അയച്ചാൽ അതനുസരിച്ച് കൂടുതൽ ആളുകളെ സഹായിക്കാൻ നമുക്ക് സാധിക്കും.

സമുദായത്തിലെ പല ദേവാലയങ്ങളും അവരുടേതായ രീതിയിൽ ഇടവക അംഗങ്ങളെ സഹായിക്കുന്നുണ്ട്. അതുപോലെ ക്നാനായ കോൺഗ്രസ് പ്രവർത്തകരും അവരുടേതായ രീതിയിൽ അർഹതപ്പെട്ടവർക്ക് സഹായം നൽകുന്നുണ്ട്. എല്ലാവരേയും അനുമോദിക്കുന്നു. ഈ മഹാമാരിയിൽ ജീവൻ പണയം വച്ച് പ്രവർത്തിക്കുന്ന ആരോഗ്യ പ്രവർത്തകരെയും പോലീസുകാരെയും സമുദായം അനുമോദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. അതിന്റെ ഭാഗമായി അതിഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ചിങ്ങവനം സ്റ്റേഷനിലെ പോലീസ് ഉദ്യോഗസ്ഥർക്കുള്ള ഭക്ഷണക്രമീകരണത്തിനുള്ള ധനസഹായം 23-04-2020 ൽ ആർച്ച്ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയമെത്രാപ്പോലീത്ത സർക്കിൾ ഇൻസ്പെക്ടർ ബിൻസ് ജോസഫിനും, എസ്.ഐ. ടോം മാത്യുവിനും കൈമാറി.

ഈ സാഹചര്യത്തിൽ നമ്മുടെ ഇടയിലുള്ളവരേയും സമുദായ ഇതരരായ സാധാരണക്കാരെയും സഹായിക്കുവാൻ നമ്മൾ ബാധ്യസ്ഥരാണ്. അവരവരുടെ കഴിവിനനുസരിച്ച് സാധുക്കളെ സഹായിക്കുവാൻ ആഹ്വാനം ചെയ്തുകൊണ്ട് ഈ മഹാമാരി ഭൂമുഖത്തുനിന്നും തുടച്ചു മാറ്റുന്നതിന് ദൈവസന്നിധിയിൽ കണ്ണീരോടെ നമുക്ക് എല്ലാവർക്കും ഒരുമിച്ച് പ്രാർത്ഥിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.



ഡോ. സുനിൽ ഡി. കുരുവിള

# ചില കോവിഡ്കാല കരിയർ ചിന്തകൾ

**ഡിഗ്രി ഏതു പഠിക്കണം; എവിടെ പഠിക്കണം**

ലോക്ക് ഡൗൺ ഒക്കെയാണെങ്കിലും ഇന്ത്യയിലെ മിക്ക പ്രൈവറ്റ് യൂണിവേഴ്സിറ്റികളും ഡിഗ്രി അഡ്മിഷനുമായി ബന്ധപ്പെട്ടു ആപ്ലിക്കേഷൻ വിളിക്കുകയും ഓൺ ലൈൻ ടെസ്റ്റ് നടത്തി അഡ്മിഷനുമായി മുമ്പോട്ടു പോവുകയുമാണ്.

നല്ലകാര്യം.

പല കോഴ്സുകളും specialisation നും ഒക്കെ വളരെ ആകർഷകമാണ്. കോവിഡ് ആശങ്കയിൽ ആയിരിക്കുന്ന സമയത്തു ഇതൊക്കെ പെട്ടെന്ന് നമ്മളെ ഉന്മാദരാക്കിയേക്കാം. പ്രത്യേകിച്ചും നന്നായി പഠിക്കുകയോ, പ്ലാൻ ചെയ്യുകയോ ചെയ്യാത്ത കുട്ടികൾക്ക് വലിയ കോഴ്സിന്റെ എൻട്രൻസ് ജയിച്ചു, റാങ്ക് ലിസ്റ്റിൽ ഉണ്ട് എന്നൊക്കെ അറിയുമ്പോൾ വലിയ സന്തോഷം തോന്നാം. സൂക്ഷിക്കുക. പ്രൈവറ്റ് യൂണിവേഴ്സിറ്റികൾ ഒക്കെ നല്ലതാണ്. അവരുടെ കോഴ്സും നല്ലതായിരിക്കും. നിങ്ങൾ നിങ്ങളുടെ പഠിക്കാനും ഗ്രഹിക്കാനും ഉള്ള കഴിവുകളെ ഒക്കെ വിലയിരുത്തുക. അതിനായി നിങ്ങൾ ചിലവാക്കാൻ പോകുന്ന പണം ഒന്ന് കൂട്ടി നോക്കുക.(വലിയ ഫീസ് ആണ് പല യൂണിവേഴ്സിറ്റികളും വാങ്ങുന്നത്) അതുപോലെ ഒരു ഡിഗ്രി കോഴ്സ് കഴിഞ്ഞാൽ (എന്ത് specialistion നും ആയിക്കോട്ടെ) എന്ത് ജോലി കിട്ടും. എവിടെ ജോലികിട്ടും എന്നൊക്കെ ഒന്ന് മനസ്സിലാക്കുക. വീണ്ടും തുടർന്ന് പഠിക്കേണ്ടി വന്നാൽ ഈ ചെലവ് കൊണ്ട് കാര്യങ്ങൾ എങ്ങും എത്തില്ല എന്ന് അറിയണം. കോഴ്സിന്റെ content എന്താണ്, അതിൽ പറയുന്ന വിഷയങ്ങൾ ഒക്കെ നിങ്ങൾക്ക് പഠിക്കാൻ പറ്റുമോ? ഒക്കെ ചിന്തിക്കണം.

കോവിഡിനുശേഷം പണത്തിനു ബുദ്ധിമുട്ടുവരാം. തൊഴിൽ രംഗത്ത് വലിയ മാറ്റങ്ങൾ വരാം. ഇവിടുത്തെ സ്ഥിതി മാറാം, വിദേശ രാജ്യങ്ങളിലെ സ്ഥിതി മാറാം. എല്ലാം ചിന്തിക്കുക. ചില ഉദാഹരണങ്ങൾ സൂചിപ്പിക്കട്ടെ.

BCA (Artificial intelligence) കൊള്ളാമോ എന്ന് ചോദിച്ചുകൊണ്ടാണ് ഗൾഫിൽ നിന്ന് ഒരു പേരന്റ് വിളിച്ചത്. ചോദിച്ചു വന്നപ്പോൾ കുട്ടിക്ക് ഏറ്റവും പാടുള്ള വിഷയം കണക്കാണ്. കണക്കിന് കുറവുള്ള ഒരു കുട്ടി ഇത് പഠിച്ചു എവിടെയെത്താനാണ്? വേറൊരു കുട്ടി വിളിച്ചത് സൈബർ സെക്യൂരിറ്റി ഡിഗ്രി കോഴ്സിനു അഡ്മിഷൻ കിട്ടി, നല്ലതാണോ എന്ന് തിരക്കാനാണ്. കമ്പ്യൂട്ടർപോലും വലിയ സാമർത്ഥ്യമില്ല. ലോജിക്ക് ആയോ intelligent ആയോ ഒന്നും ചെയ്തു ഒരു കഴിവും ഇന്നേവരെ തെളിയിച്ചിട്ടില്ല. Confidence ഇല്ല.

“ഇതിനു ചേരാനാ പ്ലാൻ ചെയ്യുന്നത്?”

Teacher പറഞ്ഞു വലിയ scope ആണെന്ന്?

The real opportunity for success lies within the person and not in the course.

ലക്ഷങ്ങൾ ചെലവഴിക്കും മുമ്പ് ചിന്തിക്കുക. ഈ കോഴ്സ് പഠിച്ചാൽ എന്ത് ജോലി കിട്ടും. ചിലവാക്കുന്ന പണം ന്യായമുള്ളതാണോ. ഇത്തരത്തിൽ ഒരു ‘specialisation’ ഡിഗ്രിക്ക് പഠിക്കുന്നത് നല്ലതോ? ഈ യൂണിവേഴ്സിറ്റി ഗുണമുള്ളതാണോ? അവിടെ പഠിച്ചവർക്ക് എന്തെല്ലാം നേട്ടങ്ങൾ ഉണ്ടായി. ജോലിയുടെ സ്വഭാവം പരിസ്ഥിതി ഒക്കെ എന്തായിരിക്കും. ഹയർ സ്റ്റഡിയ്ക്ക് ഈ കോഴ്സ് ഉപകരിക്കുമോ? കോളേജിന് മാത്രമല്ല കോഴ്സിനും അംഗീകാരമുണ്ടോ? എല്ലാം അന്വേഷിക്കാം. ഒരു പക്ഷെ എടുത്തു ചാടി ഒരു കോഴ്സിനു ചേരുമ്പോൾ അതിനേക്കാൾ നല്ല അവസരങ്ങൾ നഷ്ടപ്പെട്ടേക്കാം. ഒരിക്കൽ ‘പെട്ട്’പോയാൽ പെട്ടതു തന്നെ

This is your life, your time, your money...

“A stitch in time saves nine”

**കൊമേഴ്സ് പഠിച്ചിട്ട് വല്ല ഗുണവും ഉണ്ടോ?**

അക്കൗണ്ടൻസി, ബിസിനസ്സ് സ്റ്റഡീസ്, എക്കണോമിക്സ്, കണക്കു/കമ്പ്യൂട്ടർ ആപ്ലിക്കേഷൻ/ലീഗൽ സ്റ്റഡീസ്/സൈക്കോളജി ഒക്കെയാണ് സാധാരണ സബ്ജക്റ്റ് ആയി പഠിക്കേണ്ടി വരുക. പ്ലസ് ടു കൊമേഴ്സ് എടുക്കുന്ന കുട്ടികൾക്ക് അവരുടെ കഴിവും അഭിരുചിയും വ്യക്തിത്വവും താല്പര്യവും ഒക്കെ അനുസരിച്ചു തുടർ പഠനങ്ങൾ പ്ലാൻ ചെയ്യാം.

B.Com, BBA, BA Economics, BCA Hotel Management, Tourism Management, B.A. Psychology, Communicate English ഒക്കെ ബിരുദതലത്തിൽ പഠിക്കാം. ചാർട്ടേർഡ് അക്കൗണ്ടൻസി, കോസ്റ്റ്/മാനേജ്മെന്റ് അക്കൗണ്ടിംഗ്, കമ്പനി സെക്രട്ടറി കോഴ്സുകളും തിരഞ്ഞെടുക്കാം.

ബിരുദം കൊണ്ട് തന്നെ ബാങ്കിംഗ്, ഇൻഷുറൻസ്, സ്റ്റോക്ക് മാർക്കറ്റ്, റിടൈലിങ്, കസ്റ്റമർ കെയർ സെയിൽസ് & മാർക്കറ്റിംഗ്, അക്കൗണ്ടിംഗ്, ഹോട്ടൽ ടൂറിസം, ട്രാൻസ്പോർട്ട് , അഡ്മിനിസ്ട്രേഷൻ, ഐറ്റി, ലോജിസ്റ്റിക്ക്സ്, എയർലൈൻസ് മുതലായ മേഖലകളിൽ ഒക്കെ ജോലി സാദ്ധ്യതയുണ്ട്. സർക്കാർ ജോലിക്കും അപേക്ഷിക്കാം. തുടർന്ന് പഠിക്കാൻ താൽപര്യമുള്ളവർക്ക് ടീച്ചിംഗ്, സിവിൽ സർവ്വീസ് മേഖലകളിൽ ഒക്കെ ലക്ഷ്യം വെക്കാം. ഡിഫെൻസ്, റെയിൽവേ, പൊതു മേഖല സ്ഥാപനങ്ങളിൽ ഒക്കെ തൊഴിൽ നേടാൻ അവസരമുണ്ട്.

എല്ലാവർക്കും മികച്ച കരിയറും ജീവിതവും ആശംസിക്കുന്നു.

B.Com (Co-operation), HDC Course കൾ പഠിച്ചവർക്ക് Co-operative Sector, കളിലും ബാങ്കിലും ജോലി നേടാം.

ആകർഷകമായ വ്യക്തിത്വം, ഇംഗ്ലീഷ് ഹിന്ദി ഭാഷാ

മികവ്, ആശയ വിനിമയ പാടവം, കണക്കിലുള്ള കഴിവ്, പൊതു വിജ്ഞാനം, ശാരീരിക മികവ് ഒക്കെ കൊമേഴ്സ് രംഗത്തു കൂടുതൽ വിജയം നേടാൻ നിങ്ങളെ സഹായിക്കും.

നിയമ പഠനവും കൊമേഴ്സ് വിദ്യാർത്ഥികൾക്ക് അവസരങ്ങൾ തരുന്ന മേഖലയാണ്. ഒരു സംരംഭകൻ (entrepreneur) ആകാനും കൊമേഴ്സ് പഠനം നിങ്ങളെ പ്രോത്സാഹിപ്പിക്കും.

എല്ലാം കോഴ്സും എല്ലാവർക്കും ചേരില്ല. ഇതിൽ എതിനാണ് 'സ്കോപ്പ്' എന്ന് തിരക്കുന്നതിലും കാര്യമില്ല. ഓരോരുത്തർക്കും ചേരുന്നത് തിരഞ്ഞെടുക്കുമ്പോൾ തന്നെ നമ്മൾ പകുതി വിജയിച്ചു. നമ്മൾ ആണ് 'സ്കോപ്പ്' ആയി മാറേണ്ടത്.

ഉന്നതമായ സ്ഥാപനങ്ങളിൽ പഠിക്കേണ്ടത് വളരെ പ്രധാനമാണ്.

**വലിയ പരസ്യങ്ങളിൽ വീഴാതിരിക്കാം.**

നിലവാരമുള്ള കരിയർ ഗൈഡൻസ് തീരുമാനങ്ങളെ കൂടുതൽ വ്യക്തതയും ഉറപ്പുമുള്ളതും ആക്കും.

Career guidance can be defined as a comprehensive, developmental program designed to assist individuals in making and implementing informed educational and occupational choices. In simple words, it is a journey on which people develop to make mature and informed decisions."

**Careers : കോവിഡിനു ശേഷം**

കോവിഡിനു ശേഷമുള്ള ലോകം ആരോഗ്യ പരിപാലന ജീവൻ-പരിസ്ഥിതി സംരക്ഷണ മേഖലയിലേക്ക് കൂടുതൽ നിക്ഷേപിക്കാൻ നിർബന്ധിതമാകും. ഇത് ബേസിക് സയൻസ്, മെഡിക്കൽ, പാരാമെഡിക്കൽ, പരിസ്ഥിതി മേഖലകളിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കും.

എന്നാൽ അത്തരം അവസരങ്ങൾ മുതലെടുക്കാം എന്ന് കരുതി അഭിരുചിയോ താല്പര്യമോ ഇല്ലാത്തവർ അതിനു മുതിരാതിരിക്കുന്നതാണ് നല്ലത്. അതുപോലെ തന്നെ നിലവാരം കുറഞ്ഞ സ്ഥാപനങ്ങൾ പഠിക്കാനായി തിരഞ്ഞെടുത്താൽ തൊഴിലില്ലായ്മ ആയിരിക്കും ഫലം.



കോവിഡ് ശേഷമുള്ള ലോകം കൂടുതൽ quality ക്കു പ്രാധാന്യം നൽകുന്നതായിരിക്കും. ഏതു രംഗത്തു പഠിക്കാൻ പോകുമ്പോഴും ആ രംഗത്തിനു ചേരുന്ന വ്യക്തിത്വവും മനോഭാവവും അനിവാര്യമാണ്. അവയാണ് നമ്മെ മികച്ച professionals ആക്കുന്നത്.

TOP BACHELOR'S DEGREE - PARAMEDICAL COURSES

- Nursing
- Bachelor of Physiotherapy
- Bachelor of Occupational Therapy

- B.Sc. in OTT (Operation Theatre Technology)
- B.Sc. in Dialysis Technology
- B.Sc. in MLT (Medical Lab Technology)
- B.Sc. in X-Ray Technology
- B.Sc. in Radiography
- B.Sc. in Medical Imaging Technology
- B.Sc. in Medical Record Technology
- B.Sc. in Ophthalmic Technology
- B.Sc. in Audiology and Speech Therapy
- B.Sc. in Optometry
- B.Sc. in Anaesthesia Technology
- Public health & Hygiene
- Nutrition & Dietetics
- Rural Health Care
- Community Health Care
- Child Development
- Psychology & Counselling
- Pharmacy etc

**Science Related Graduate Courses:**

- Zoology
- Botany
- Chemistry
- Physics
- Agriculture,
- Fisheries
- Food science
- Anatomy
- Behavioural Sciences
- Biology, Biochemistry and Biotechnology
- Biophysics
- Virology
- Bio chemistry
- Microbiology
- Bacteriology
- Pathology
- Ecology, Evolution & Environment
- Entomology
- Forestry
- Genetics & Heredity
- Immunology
- Parasitology
- Pharmacology & Pharmacy
- Physiology
- Plant Sciences
- Toxicology
- Veterinary Sciences
- Diary Science etc

നഴ്സിംഗ് രംഗത്ത് മാത്രം ലോകത്ത് ആറ് മില്യൻ തൊഴിൽ അവസരങ്ങൾ ഉണ്ട് എന്ന് UN വെളിപ്പെടുത്തുന്നു.

എല്ലാവർക്കും സയൻസ് പഠിക്കാൻ കഴിയണമെന്നില്ല. ഇനി കഴിയുന്നവർ തന്നെ മെഡിക്കൽ/പാരാമെഡിക്കൽ രംഗം ഇഷ്ടപ്പെടണം എന്നില്ല. നന്നായി ആലോചിച്ചു ആസൂത്രണം ചെയ്തു മാത്രം കരിയൻ തെരഞ്ഞെടുക്കുക. അറിവല്ല, നന്നായി കാര്യങ്ങൾ മനസിലാക്കുക. ആവശ്യമെങ്കിൽ ഗൈഡൻസ് എടുക്കുക.

In the coming years, we can expect an increase in demand on the healthcare system. Now more than ever, the world needs qualified healthcare professionals to handle the demand increase, enforce new policies, manage technological advancements and further accelerate the biopharmaceutical industry.”

എല്ലാവർക്കും മികച്ച കരിയറും ജീവിതവും ആശംസിക്കുന്നു.

# അറിയിപ്പ്

പ്രിയ വായനക്കാരെ,

കൊറോണ ( Covid 19) എന്ന മഹാമാരി ലോകം മുഴുവൻ വ്യാപിച്ചിരിക്കുന്ന ഈ സന്ദർഭത്തിൽ നമ്മുടെ രാജ്യത്ത് ഇപ്പോൾ മെയ് 17 വരെ ലോക്ഡൗൺ പ്രാഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ ക്നാനായ ദീപം മാസിക ഏപ്രിൽ, മെയ് ലക്കങ്ങൾ Online ൽ ആണ് പ്രസിദ്ധീകരിച്ചത്.

നിങ്ങൾ നൽകിയ പരസ്യങ്ങൾ ദൈവഹിതമായാൽ മാറിവരുന്ന സാഹചര്യത്തിൽ 2020 ജൂൺ ലക്കത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്. ക്നാനായദീപം മൊബൈൽ ആപ്പ് ഡൗൺലോഡ് ചെയ്താൽ ക്നാനായദീപം ഏപ്രിൽ, മെയ് ലക്കങ്ങൾ വായിക്കാവുന്നതാണ്. www.knanayadeepam.in ലും വായിക്കാവുന്നതാണ്.

ഈ മഹാമാരി ലോകത്തുനിന്നും നീങ്ങിപോകുവാൻ നമുക്ക് പ്രാർത്ഥിക്കാം. ആരോഗ്യപ്രവർത്തകരെയും ഈ കോവിഡ് കാലത്ത് നമുക്കായി പ്രവർത്തിക്കുന്ന എല്ലാ ജീവനക്കാരേയും പ്രാർത്ഥനകളിൽ ഓർക്കാം.

ഫാ. ജേക്കബ് കല്ലുകുളം
മാനേജിംഗ് എഡിറ്റർ
9447563240

# ക്നാനായ കുടിയേറ്റവും മലങ്കര സഭാചരിത്രത്തിലെ നിർണ്ണായക സ്വാധീനങ്ങളും

ഡോ. കുറിയാക്കോസ് കോർ എപ്പിസ്കോപ്പ മൂലയിൽ

**ആമുഖം**

പരി.ഇഗ്നാത്തിയോസ് അബ്ദുള്ളാ ദ്വിതീയൻ പാത്രിയർക്കീസ് ബാവായുടെ ഇന്ത്യ സന്ദർശനം സംഭവബഹുലവും ഐതിഹാസികവുമായി ചരിത്രം രേഖപ്പെടുത്തേണ്ട ഒന്നാണ്. വ്യക്തിപരമായി അദ്ദേഹം സുറിയാനി സഭയ്ക്ക് ചെയ്തിട്ടുള്ള മഹത്തായ നേതൃത്വം വേണ്ടവണ്ണം ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ടോ എന്നു പോലും സംശയമാണ്. സുറിയാനി ഭാഷയിൽ അച്ചടിയും പുസ്തക പ്രസാധനവും സഭയിൽ ആദ്യമായി ആരംഭിച്ചത് അദ്ദേഹമാണ്. പരി. പത്രോസ് നാലാമൻ പാത്രിയർക്കീസിനോടൊപ്പം ലണ്ടനിൽ പോയി സഭാപ്രവർത്തനങ്ങൾക്കും സഭയുടെ വിദ്യാഭ്യാസ ആവശ്യങ്ങൾക്കുവേണ്ടി സ്വാധീനിച്ചതും അദ്ദേഹമാണ്. തുർക്കി ഗവൺമെന്റിനു സുറിയാനി സഭയിലുണ്ടായ അസ്വാരസ്യം പരിഹരിച്ചതും മലങ്കര സഭയിലേക്ക് എഴുന്നള്ളിവന്ന് സഭയ്ക്ക് നേതൃത്വം നല്കിയതും സഭയുടെ ഏകതയും അഖണ്ഡതയും സംരക്ഷിക്കുവാൻ നേതൃത്വം നൽകിയതും പരിശുദ്ധ പിതാവായിരുന്നു. പത്രോസ് നാലാമൻ പാത്രീയർക്കീസ് ബാവാ മലങ്കര സഭയെ ഏഴ് ഭദ്രാസനങ്ങളിലായി 1876 ൽ വിഭജിച്ചതിനുശേഷം ക്നാനായ പള്ളികളെ ഒരു ഭദ്രാസനമായി പ്രഖ്യാപിച്ച് ഇടവഴിക്കൽ ഗീവർഗീസ് മോർ സേവേറിയോസിനെ പ്രഥമ മെത്രാപ്പോലീത്തയായി വാഴിച്ചതും ഈ പാത്രിയർക്കീസായിരുന്നു. ഭദ്രാസന സ്ഥാപകനായ പരിശുദ്ധ അബ്ദുള്ളാ ദ്വിതീയൻ പാത്രിയർക്കീസ് ബാവായുടെ ത്യാഗനിർഭരമായ സഭാസേവന സ്മരണയ്ക്കു മുന്നിൽ ആദരവുകൾ അർപ്പിക്കുന്നു. മലങ്കര സഭയിൽ ഇന്നും നിർണ്ണായകമായ സ്വാധീനം വഹിക്കുന്ന ക്നാനായ സമൂഹത്തിന്റെ സേവനവും പ്രാധാന്യവും ചൂണ്ടിക്കാണിച്ചുള്ള ലേഖനം എഴുതുവാൻ ലഭിച്ച ഈ അവസരം വിലപ്പെട്ടതാണെന്ന് കരുതുന്നു.

## ക്നാനായക്കാർ

## സുറിയാനിസഭയുടെ സ്വത്വത്തിനടിത്തറ

ക്നായിതോമായുടെ നേതൃത്വത്തിൽ എഡേസായിൽ (ഉറഹായിൽ) നിന്നും മലങ്കരയിലേക്കു വന്നവരുടെ സംഘത്തിന്റെ നേതാവും വഴികാട്ടിയുമായിരുന്ന ക്നായിതോമായും, എഡേസായിലെ ജോസഫ് മെത്രാനും ക്നാനായക്കാർക്കു മാത്രമല്ല, മലങ്കര സഭയ്ക്കു മുഴുവൻ കടപ്പാടുള്ളവരാണ്. എഡേസാ സഭാചരിത്രത്തിൽ വളരെ പ്രാധാന്യമുള്ള ഒരു സഭാ കേന്ദ്രമാണ്. എഡേസാ ഒരു ചെറിയ സ്വതന്ത്രരാജ്യമായി ക്രിസ്തുവർഷാരംഭത്തിൽ സ്ഥിതി ചെയ്തിരുന്നുയെന്ന് ചില ചരിത്രരേഖകൾ പറയുന്നുണ്ട്. അക്ബർ രാജാവിന്റെ ഐതിഹ്യവു മായി ബന്ധപ്പെട്ടുകിടക്കുന്ന ഈ രാജ്യം യൂഫ്രട്ടീസ് തീരത്ത് സ്ഥിതി ചെയ്തിരുന്ന പൗരാണിക പട്ടണമാണ്. പഴയനിയമകാലത്ത് അബ്രഹാമുമായി എഡേസൻ ബന്ധത്തിന്റെ ഐതിഹ്യം ഇക്കാലത്തും ടർക്കിയിലെ ഔദ്യോഗിക ടൂറിസം രേഖകളിൽ പറയുന്നുണ്ട്. ഇപ്പോൾ എഡേസായിൽ സുറിയാനിക്കാർ അശ്ശേഷവും ഇല്ലെങ്കിലും ഈ പ്രദേശങ്ങൾ അദിബീനിലെ മെത്രാപ്പോലീത്തായുടെ അധികാര സീമയിലാണ്. എഡേസായിൽ നിന്നുമാണ് മോർ തോമാശ്ലീഹാ ഇന്ത്യയി



ലേക്ക് പുറപ്പെട്ടതെന്നും അക്കാലയളവിൽ ഈ യാത്ര സുഗമമായിരുന്നു എന്നുള്ളത് ഇതൊന്നിച്ചുള്ള മാപ്പിൽനിന്നും കൃത്യമായി മനസ്സിലാക്കാം. ക്രിസ്തുവിനു മുമ്പുള്ള കാലയളവ് മുതൽ എഡേസായിൽനിന്നും യൂഫ്രട്ടീസ് വഴി അറബിക്കടലിലൂടെ കേരളതീരത്ത് എത്താവുന്ന ഈ ജലമാർഗ്ഗം ക്നാനായ കുടിയേറ്റത്തിന് എത്രയോ നൂറ്റാണ്ടുകൾക്കും മുമ്പേ ഉപയോഗ്യമായിരുന്നു എന്നതും ശ്രദ്ധേയമാണ്. അതുകൊണ്ടുതന്നെയാണ് എ.ഡി. 395ൽ മോർ തോമാശ്ലീഹായുടെ തിരുശേഷിപ്പ് മൈലാപ്പൂരിൽനിന്നും ഈവഴിയായി എഡേസായിൽ എത്തപ്പെട്ടതും. ക്നാനായക്കാർ വന്നത് അന്ത്യോഖ്യാ പാത്രിയർക്കീസിനു വിധേയപ്പെട്ടിരുന്ന എഡേസായിൽനിന്നും ആയിരുന്നു. എന്നത് സിറിയൻ കുടിയേറ്റം ഇസഡ്.എം. പാറേട്ട് തുടങ്ങിയ ചില ചരിത്രകാരന്മാർ പറയുംപോലെ പേർഷ്യയിൽനിന്നും ആയിരുന്നില്ല എന്നതിനും പേർഷ്യയിലെ സാപ്പോർ ദ്വിതീയന്റെ പീഡനത്തിൽ നിന്നും രക്ഷപ്പെടുവാനുള്ള ഒളിച്ചോട്ടം ആയിരുന്നില്ല എന്നതിനും വ്യക്തമായ തെളിവാണ്. പേർഷ്യക്കാർ എഡേസാ കീഴടക്കുന്നത് പതിറ്റാണ്ടുകൾക്കുശേഷമായിരുന്നു എന്നതും ചരിത്രയാഥാർത്ഥ്യമാണ്. സിറിയൻ കുടിയേറ്റം സുറിയാനിക്കാരുടെ ഈറ്റില്ലമായിരുന്ന എഡേസിയായിൽ "പേർഷ്യൻ കുടിയേറ്റം" പേർഷ്യൻ കുരിശ് എന്നീ പ്രയോഗങ്ങൾ ശ്രദ്ധേയമായി മാത്രം ഉപയോഗിക്കേണ്ടതാണ് എന്നതാണ് എന്റെ പക്ഷം. ക്നാനായക്കാരുടെ വരവ് മലങ്കരയിലെ സഭ "സുറിയാനി സഭ" ആയി വളരുവാനുള്ള അടിത്തറയാണ് പാകിയത് എന്ന അർത്ഥത്തിൽ മലങ്കരയിലെ സുറിയാനി സഭയുടെ സത്വത്തിന്റെ നിദാനമാണ്.

### ആലപ്പോയിലെ ക്നാനായക്കാർ

അടുത്തയിട രണ്ടു പ്രാവശ്യം സിറിയായിലെ ആലപ്പോ സന്ദർശിക്കുവാൻ എനിക്കിടയായി. അവിടെ എഡേസായിൽ നിന്നും കഴിഞ്ഞ നൂറ്റാണ്ടിൽ ആലപ്പോയിലേക്കു കുടിയേറിയ കുറെ സുറിയാനിക്കാരുടെ ദൈവാലയങ്ങൾ സന്ദർശിക്കുകയുണ്ടായി. ആലപ്പോഭദ്രാസനത്തിന്റെ ഭാഗമാണെങ്കിലും എഡേസാക്കാർ 'സുറിയാനി പാളയം' എന്നപേരിൽ ആലപ്പോപട്ടണത്തിന്റെ ഒരു ഭാഗത്ത് പ്രത്യേകമായി താമസിക്കുന്നു. ആലപ്പോയിലെ അഭിവന്ദ്യനായ മോർ ഗ്രീഗോറിയോസ് ഇബ്രാഹിം മെത്രാപ്പോലീത്തായിൽ നിന്നും എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞത് ഇവർ 'ആലപ്പോയിലെ ക്നാനായക്കാർ' ഇവിടുത്തെ ക്നാനായക്കാരെപ്പോലെ അവിടെയും അവർ ഒരു പ്രത്യേക സമൂഹമായി സ്വതന്ത്ര ദൈവാലയങ്ങളും കൂട്ടവുമായി കഴിയുന്നു എന്നാണ്. 1964ൽ ആലപ്പോ സന്ദർശിച്ച കടവിൽ പോൾ റമ്പാൻ (പിന്നീട് ഡോ.പൗലോസ് മോർ അത്താനിയോസ്) എഴുതിയിരിക്കുന്നതിൻ പ്രകാരമാണ്. "മെത്രാസന അരമനയിൽ നിന്ന് ഒന്നര മൈലോളം മാറിയാണ് സുറിയാനി പാളയം. ഉറഹോ (എഡേസാ)യിൽ നിന്ന് അടുത്ത കാലത്ത് കുടിയേറിപ്പാർത്ത സുറിയാനി കുടുംബക്കാർ ഇവിടെ കൂട്ടമായി താമസിച്ചു പോരുന്നു. അവർക്കു സ്വന്തമായി ഒരു പോസ്റ്റാഫീ സുണ്ട്. അതിന്റെ മാസ്റ്റർ ഒരു സുറിയാനിക്കാരൻ ഇബ്രാഹീമാണ്. ഇവരുടെ പാളയിത്തിലേക്കു തിരിയുന്ന വഴിത്തലയ്ക്കൽ സുറിയാനി പാളയം എന്നെഴുതി വച്ചിട്ടുണ്ട്. സുറിയാനി പാളയത്തിലെ പള്ളി ഗീവർഗീസ് സഹദായുടെ നാമത്തിലാണ്. പള്ളി സാമാന്യം വലുതും നല്ലതുമാണ്. പള്ളിയുടെ മുന്നിലാണ് പാളയത്തിലെ പള്ളിക്കൂടം. അന്നു കടവിൽ തിരുമേനി കണ്ട പ്രത്യേകത ഇന്നും അവിടെ നിലനിൽക്കുന്നു.

**മലങ്കര സഭ അപ്പോസ്തോലിക സത്യവിശ്വാസ ബന്ധത്തിൽ തുടരുവാൻ സഹായകമായി എന്നത് മലങ്കര സഭയുടെ മഹാഭാഗ്യമാണ്. മോർ തോമാശ്ലീഹായുടെ തിരുശേഷിപ്പ് എഡേസായിലേക്ക് മാറ്റപ്പെട്ടതും ഈ സഭയുടെ വിശ്വാസ പൈതൃകം എന്തായിരുന്നു എന്നതിന്റെ സൂചനയും ഇവിടെയുണ്ട്.**

### സുറിയൻ കുടിയേറ്റത്തിന്റെ സഭാമാനങ്ങൾ

മോർ തോമാശ്ലീഹായ്ക്കു ശേഷം മലങ്കര സഭയുടെ സഭാപരമായ അവസ്ഥ തുലോം ദയനീയമായിരുന്നു എന്നതാണ് എല്ലാ ചരിത്രകാരന്മാരും രേഖപ്പെടുത്തിയിട്ടുള്ളത്. കൃത്യമായ രേഖകളും സമകാലിക സാക്ഷ്യങ്ങളും ലഭ്യമല്ലാത്ത സാഹചര്യത്തിലും സംഘടിതരായ സുറിയാനിക്കാരുടെ വരവിന്റെയും പശ്ചാത്തലത്തിൽ കൂടി പരിശോധിക്കുമ്പോൾ പോലും യാഥാർത്ഥ്യം ഇതല്ലാതെ മറ്റൊന്നാവാൻ തരമില്ല. മലങ്കരയിൽ സഭാഘടനയും വൈദിക പാരമ്പര്യങ്ങളും ആരാധനാക്രമങ്ങളും എല്ലാം ലഭ്യമായത് എഡേസൻ പൈതൃകത്തിൽ നിന്നാണെന്നത് വളരെ പ്രാധാന്യമേറിയ വസ്തുതയാണ്. അന്ത്യോഖ്യാ സിംഹാസനത്തിനു അന്ത്യോഖ്യായും പൗരസ്ത്യ പൗരോഹിത്യ ദേശം ഒക്കെയും ഭരണപരമായും പൗരോഹിത്യ ശുശ്രൂഷാപരമായും നിഖ്യാസുന്നഹദോസിന്റെ നിശ്ചയംകൂടി ഉണ്ടായ പശ്ചാത്തലത്തിൽ പൗരസ്ത്യം എന്ന നിർവചനത്തിൽ വരുന്ന മലങ്കര സഭയുടെ സഭാപരമായ ദൗത്യനിർവഹണമാണ് എഡേസായിലെ യൗസേഫ് മെത്രാനും അദ്ദേഹത്തിന്റെ മേലദ്ധ്യക്ഷസ്ഥാനികളും നിറവേറ്റിയത്. സിറിയൻ കുടിയേറ്റം ഈ പശ്ചാത്തലത്തിൽ ഒരു വലിയ സഭാ ദൗത്യനിർവഹണമാണ്. ക്നായി തോമായുടെ കേരളബന്ധം ഈ രാജ്യത്തിന്റെ ഫലഭൂഷ്ഠിതയും അനുകൂല കാലാവസ്ഥയും ആകർഷകമായ വാണിജ്യ വിളവുകളും ഇതര സാധ്യതകളും ഒക്കെ മനസ്സിലാക്കുവാൻ പ്രയോജനപ്പെട്ടിരിക്കും എന്നിതിനു സംശയമില്ല. അതോടൊപ്പം തന്നെ ഭരണാധികാരികളുടെ അനുകൂല മനോഭാവവും ഇവിടുണ്ടായിരുന്ന സഹോദര ക്രിസ്ത്യാനികളുടെ സഭാപരമായ വളർച്ചയുടെ അനിവാര്യതയും ഈ ദൗത്യത്തിന് ശക്തി പകർന്ന ഘടകങ്ങളാണ്. അന്നു മുതൽ മലങ്കര സഭ അപ്പോസ്തോലിക സത്യവിശ്വാസ ബന്ധത്തിൽ തുടരുവാൻ സഹായകമായി എന്നത് മലങ്കര സഭയുടെ മഹാഭാഗ്യമാണ്. മോർ തോമാശ്ലീഹായുടെ തിരുശേഷിപ്പ് എഡേസായിലേക്ക് മാറ്റപ്പെട്ടതും ഈ സഭയുടെ വിശ്വാസ പൈതൃകം എന്തായിരുന്നു എന്നതിന്റെ സൂചനയും ഇവിടെയുണ്ട്. മലങ്കരയിലെ സഭയും സിറിയൻ കുടിയേറ്റക്കാരും വിശ്വാസപരമായി ഒറ്റക്കെട്ടായി നിലനിന്നു വന്നതിന്റെയും ഐക്യവും ഏകതയും നിലനിർത്തി എഡേസാവഴി ആകമാന സഭയുമായി ഒത്തുചേർന്നു പോയതിന്റെ പ്രാരംഭ മാതൃകയാണിവിടെ കാണുന്നത്. അന്നു മുതൽ എല്ലാവിധമായ വിശ്വാസ പാശ്ചാട്ടങ്ങൾക്കും എതിരെ മലങ്കര സഭയുടെ പോരാട്ടത്തിൽ ഒന്നായി നിൽക്കുകയും പലപ്പോഴും നേതൃത്വം ഏറ്റെടുക്കുകയും ചെയ്യുന്ന വിശ്വാസ സംരക്ഷക ദൗത്യമാണ് മലങ്കരയിലെ ക്നാനായക്കാർ നല്കിയിട്ടുള്ളത്.

**(തുടരും)**

# EDESSA THE FIRST KINGDOM OF THE NAZARENES

Sundeep Abraham, Thamarapallil

Many Cananaean (zealots) had migrated from Judea to the East before the destruction of Jerusalem after heeding Jesus' prophesies about the destruction of Jerusalem. By 'East' at this time included Northern Syria (Parthia), Edessa or the area around Haran – Abraham's homeland – the area overlapping all of these were loosely referred to as Arabia and most importantly, the Kingdom of Adiabene between Northern Mesopotamia and Persia, the royal family of which not only supported the Uprising against Rome, but participated in it on the Jewish side.


Edessa, in the times of Jesus and the Roman Emperor, Tiberius Caesar, was ruled by King Abgar. It was a sandwich kingdom between Parthia and Arabia. Abgar's personal confidant, a Jewish merchant named Ananias, had been to Jerusalem to see Jesus, being attracted by the report of His miracles. On his return to Edessa he related them to Abgar. The king, seized with admiration, believed truly that Jesus was indeed the Son of God. He felt in his whole body certain acute pains which he had got in Persia, more than seven years before. Since he had received no remedy for his sufferings, Abgar sent a letter to Jesus praying Him to come and cure him of his pains. Ananias, the bearer of this letter, met Jesus at Jerusalem and returned with the portrait of Jesus in a shroud.

After the ascension of Jesus, the Apostle Thomas, sent 72 followers (chosen by Jesus himself according to the gospel of Luke 10:1-20) led by Thaddaeus (Judas), son of James to Edessa. Thenceforth Thaddaeus, laying his hands upon Abgar, cured him and began to preach the Gospel to the king and his people. He also healed all the sick and infirm people in the town, and they believed in Jesus Christ.

After his death, Abgar was succeeded by his son Izates, who reigned at Edessa (Urhai) and sister's son Monobazus II, in Armenia which included Adiabene. Izates was taught by Ananias at Basra (Charax Spasini) in modern Iraq, to worship God according to Jewish religion and embrace that religion. His mother Helena was instructed by Paul and she sent money through him and Barnabas to the Jerusalem Council. The royal family accepted the Nazarene ideology and were circumcised. Hence, the Knanaya Nazarenes succeeded in obtaining shelter in Edessa in the fourth – fifth decade CE and were very close to the royal family. This aspect has been verified by eminent historians such as J.B. Segal in his book 'EDESSA – The Blessed City' and Dr. Robert Eisenman in his book 'James, the brother of Jesus'.

When the conversion of Izates became known to his subjects, they were very angry and felt betrayed by their king. They besought the king of the Arabians to make an expedition against their king because they wanted to punish him for the hatred he had to their religious worship. The king of Arabia marched against

Izates with a large army but was defeated. But although the subjects had failed in their first attempt, they implored the king of Parthia, and desired that he would kill Izates and set over them, some other king, who should be of a Parthian family. When the king of Parthia heard this, he boldly made war upon Izates. Izates resolved to commit himself on God, his protector, in the present danger he was in of his life. The king of Parthia sent a messenger to Izates to tell him how large his dominions were and also threatened him that he should be punished as a person ungrateful to his lords and said that the God whom he worshipped could not deliver him out of the king's hands.




https://en.wikipedia.org/wiki/File:Map_County_of_Edessa_1098-1131-fr.svg

When the messenger had delivered this his message, Izates replied, that he knew the king of Parthia's power was much greater than his own; but that he knew also that God was much more powerful than all men. And when he had returned him this answer, he made supplication to God, and threw himself on the ground, and put ashes upon his head, in testimony of his confusion, and fasted, together with his family in the Jewish custom. God answered his prayer and that very night, there was an enemy attack which laid Parthia waste forcing him to retire back without doing anything. And thus it was that Izates escaped the threats of the Parthians, by the providence of God.

Izates died at the age of fifty-five years having ruled his kingdom twenty-four years and his mother, Helena, did not long outlive her son. But Monobazus II, sent her bones, as well as those of Izates, his step-brother, to Jerusalem and gave order that they should be buried at the pyramids which their mother had erected; they were three in number, and distant no more than three furlongs from Jerusalem. Helena's tomb is still to be seen before the gate of Jerusalem and is marked as 'the Tomb of the Kings'. Monobazus too visited Jerusalem for important Jewish feasts and festivals. He was at Jerusalem for the Feast of Tabernacles when the war of the Jewish zealots had reached Jerusalem from Galilee. Monobazus and Kenedeus were sympathetic to the cause of the zealots and so they took part in the war against the Imperial Roman army and were killed in the war at Jerusalem. They were buried there along with Izates and Helena.

Helena's tomb in Jerusalem is proof that Edessa is the firstkingdom which accepted Jesus the Nazarene as the Messiah. The fact that the royal family of Edessa considered Jerusalem sacred and participated in the War of the Jews on the side of the zealots show the impact the Knanaya community has had on the royal family. It was much later that Edessa embraced Christianity and had two churches – one for the Nazarenes and the other for the converted Christians. What the Knanaya ancestors practiced in Edessa was practiced in Kerala too. The Knanaya community did not move out of Mahadevapattanam except for Uraha Mar Ouseph and the priests and deacons. While the Knanayaites resided in Mahadevapattanam, Mar Ouseph had settled in Angamaly and established the Suriani Sabha from there and established churches at Kuravilangad where the Pakalomattom priests were anointed as Bishops of the Malankara Sabha. It was after the Bishops stopped coming from Antioch/Persia that the priests of that family were anointed as Archdeacons by the Malankara Church. The Knanaya community never was interested in imposing itself on the leadership of the Malankara Church, but only facilitated the well-being of the Suriani Sabha by bringing in Bishops from the West until the settlement of the Moors in Malabar.

●

കവിത

# കൊറോണ

**ഷാജൻ പെരുമ്പള്ളിപറമ്പിൽ, പുല്ലരിക്കുന്ന്**

വഴികളടഞ്ഞു വീടിൻ ജനാല
കളടയുന്നു മാനുഷ്യഹൃദയത്തിനുമൊപ്പം
ആരോടുമൊന്നിനും പങ്കിനു പോകാതെ–
ജീവിത നൗകകൾ ഒറ്റപ്പെടുന്നു
ജീവിത മാറ്റങ്ങൾ തേങ്ങുന്നു മാനുഷ്യ
വിരഹം തൻ വേദന കാലത്തിനൊപ്പം
ഓരോ വീടും സങ്കല്പ ദൂരത്താൽ
ഏവരും അന്യരായി ഒറ്റപ്പെടുന്നു.
അറിയണം പ്രകൃതിയെ എന്നുള്ളവാക്കിനാൽ
വൈറസുകൾ താണ്ഡവ നൃത്തമാടുന്നു



ഓസോൺ പാളികൾ ഒത്തുചേരുന്നു
ആകാശ പൊയ്കകൾ നിർമ്മലമാകുന്നു
വന്യജാതികൾ വിഹരിക്കുന്നു പുളകമായ്
മാനുഷ്യ കോലാഹല ആരവമില്ലാതെ
കാണാത്ത കിളികൾക്കും അപ്പുറം കേൾക്കുന്നു
നവകിളിതൻ മൊഴികൾ ആലോലമായി
തെളിയുന്നു ഗംഗതൻ നദിയിലെ വെള്ളവും
പെരുകുന്നു മീനുകൾ തൻ കൂട്ടവും കിളികളും
പുതിയതാം വാനവും പുതിയതാം ഭൂമിയും
കൊറോണയുടെ ലക്ഷ്യ പ്രാപ്തിയാകാം

●

# നേതൃത്വ പരിശീലനം

ഡോ. കെ. റ്റി. തോമസ് കൂട്ടോത്തറ

പ്രസംഗം ഒരു കലയാണ്. ആയിരങ്ങളെ ആവേശഭരിതരാക്കാൻ കഴിവുള്ള ഒരു കല മനുഷ്യമനസ്സിനെ ഉണർത്താനും ഉത്തേജിപ്പിക്കാനും പ്രേരിപ്പിക്കാനും ചിന്തിപ്പിക്കാനും പ്രസംഗത്തിനു കഴിയും. ആശയവിനിമയത്തിനായി മനുഷ്യൻ സ്വീകരിക്കുന്ന രണ്ടു മാർഗ്ഗങ്ങൾ എഴുത്തും പറച്ചിലുമാണ്. വരമൊഴിയും വാമൊഴിയും ഇവ രണ്ടും ആശയ പ്രചരണത്തിനായി യഥേഷ്ടം ഉപയോഗിക്കുന്നു. എഴുതി പ്രകാശിപ്പിക്കുന്ന കാര്യങ്ങൾ അഭ്യസ്തവിദ്യരായ കുറച്ചു പേർക്കുമാത്രം ഉപകാരപ്പെടുമ്പോൾ, പറയപ്പെടുന്ന പ്രസംഗങ്ങൾ സർവ്വജനങ്ങളെയും സ്പർശിക്കുന്നു. അതായത് എഴുത്തിനേക്കാൾ ജനകീയസ്വഭാവം പ്രസംഗത്തിനുണ്ട് എന്നർത്ഥം. അതിനാൽ പ്രസംഗം ഒരു ജനകീയ കലയാണ് എന്നു പറയാം.

വിശ്വസാഹിത്യകാരനായ ലിയോ ടോൾസ്റ്റോയി ഒരിക്കൽ പറഞ്ഞു: എല്ലാ നല്ല കലകളുടെയും ലക്ഷ്യം മനുഷ്യന്റെ മനസ്സിലെ നന്മകളെ ഉണർത്തുകയും ഉയർത്തുകയും ചെയ്യുകയാണ്. പ്രസംഗകലയുടെ ലക്ഷ്യവും ഇതുതന്നെ. ഏറെ ജനപ്രീതി പിടിച്ചുപറ്റാൻ കഴിയുന്ന കലയാണ് പ്രസംഗം. പ്രസംഗകലയുടെ പ്രാധാന്യം മനസ്സിലാക്കി അതിന്റെ ശക്തിയും സൗന്ദര്യവും എങ്ങനെ സ്വന്തമാക്കാം എന്ന അന്വേഷണവും അതിനുവേണ്ടിയുള്ള പരിശ്രമവും നടത്തുന്ന ഏതൊരാൾക്കും ഈ കലയിൽ വിജയിക്കാൻ കഴിയും.

### സഭാകമ്പം അകറ്റാൻ


സഭാകമ്പം ഒരു സാമാന്യം രോഗമാണ്. അതിൽ ഭയപ്പെടാനില്ല. ഒരു പ്രസംഗകനെന്ന നിലയിൽ അതെന്നെ ബാധിച്ചാലും ഞാൻ അതിൽനിന്നു മോചനം നേടും എന്ന് ഉറച്ചു വിശ്വസിക്കുക. ആത്മവിശ്വാസം വളർത്തുക ഉള്ളതിൽ കൂടുതൽ ആത്മവിശ്വാസവും ധൈര്യവും പ്രസംഗവേദിയിൽ പ്രകടിപ്പിക്കുക. പ്രസംഗത്തിന് നന്നായി ഒരുങ്ങുക. തൃപ്തികരമായ ഒരുക്കത്തോടെ വേദിയിൽ കയറിയാൽ സഭാകമ്പത്തിന്റെ തീവ്രത കുറയും. പ്രസംഗവേദിയുമായി നിരന്തര പരിചയം പുലർത്തുക. സഭാകമ്പത്തെ അതിജീവിച്ച ഒരു പ്രസംഗം, അടുത്ത പ്രസംഗത്തിൽ സഭാകമ്പം കുറയാൻ സഹായിക്കും.

### കുട്ടികളുടെ പ്രസംഗരീതി

കുട്ടികൾക്ക് സ്കൂളിൽ പല സന്ദർഭങ്ങളിലായി പ്രസംഗിക്കാൻ അവസരം കിട്ടാറുണ്ട്. സ്കൂളിന് പുറത്ത് ക്യാമ്പുകളിലും ബാലജന സംഘടനകളിലും മറ്റും പ്രസംഗവേദികൾ ധാരാളമുണ്ട്. എന്നാൽ മിക്ക കുട്ടികളും ഒഴിഞ്ഞുമാറുകയാണ് പതിവ്. അതിനു പല കാരണങ്ങളാകാം. ചിലർ പ്രസംഗിക്കാൻ താൽപര്യമുണ്ടെങ്കിലും, എന്താണ് പ്രസംഗിക്കേണ്ടത് എന്നറിയാത്തതിനാൽ മാറി നിൽക്കുന്നു. ഒരു പ്രസംഗമെഴുതിക്കൊടുത്താൽ ഇക്കൂട്ടർ മനഃപാഠമാക്കി പ്രസംഗിക്കാൻ തയ്യാറാകും. പ്രസംഗത്തിനായി നിർദ്ദേശിച്ചു തന്നിരിക്കുന്ന വിഷയം സ്വീകരിക്കലാണ് ആദ്യഘട്ടം. സ്വീകരിച്ച വിഷയത്തെ സ്വയം വിശകലനം ചെയ്ത് സ്വന്തമാക്കണം. അതു കഴിഞ്ഞ് വിഷയത്തോടു ബന്ധപ്പെട്ട പരമാവധി വിവരങ്ങൾ ശേഖരിക്കണം. പ്രസംഗത്തിൽ ഉദ്ധരിക്കാനുള്ള സംഗതികളും ആശയതലങ്ങളും ഇതിലുൾപ്പെടും. ശേഖരിച്ച വിവരങ്ങളിൽ നിന്നും പ്രസംഗത്തിനാവശ്യമുള്ളതുമാത്രം വേർതിരിച്ചെടുക്കുക. കൈയ്യിലുള്ള വിവരങ്ങളെ ആസ്പദമാക്കി പ്രസംഗം ചിട്ടപ്പെടുത്തുക. ആദ്യമദ്ധ്യാന്തങ്ങൾ എങ്ങനെയാവണമെന്നു തീരുമാനിച്ച് പ്രസംഗം ക്രമീകരിക്കുക. പൂർത്തിയാക്കിയ പ്രസംഗം പരിശോധിച്ച് ആവശ്യമുള്ള ചില്ലറ മാറ്റങ്ങൾ വരുത്തി പുനഃക്രമീകരിക്കുക.

### അവതരണം മെച്ചപ്പെടുത്താൻ

വിപുലമായ പദസമ്പത്ത് കൈവശമുണ്ടെങ്കിൽ വാക്കുകൾ അനായസവും അവിരാമവുമായി ഒഴുകും. പദാവലിയും പ്രയോഗപാടവവും ഒത്തുവന്നാൽ വാക്ചാതുര്യമായി. അടുത്തപടി നിറുത്തേണ്ടിടത്തു നിറുത്തി, ശബ്ദക്രമീകരണത്തോടെ പദപ്രവാഹത്തെ നിയന്ത്രിച്ച്, മുന്നോട്ടു നയിക്കാൻ കഴിഞ്ഞാൽ നന്നായി. ഉച്ചത്തിൽ വായിച്ചുള്ള ശീലം ഇവിടെ സഹായകമാകും. മുഖക്കുറി മനസ്സിന്റെ പൂക്കുറിയാണെന്നൊരു ചൊല്ലുണ്ട്. പ്രസംഗകന്റെ മുഖഭാവം പ്രസന്നമധുരമായിരിക്കണം. ഒന്നു മന്ദഹസിച്ച് പ്രസംഗം ആരംഭിക്കാൻ കഴിഞ്ഞാൽ നന്ന്. മന്ദഹാസം ഒരു പകർച്ചവ്യാധിപോലെ സദസ്സിലേക്ക് പടരുന്നതുകാണാം. പ്രസംഗകന്റെ നോട്ടത്തിനും പ്രത്യേക പ്രാധാന്യമുണ്ട്. കണ്ണിന് തനതായ വ്യക്തിത്വമുണ്ട് എന്ന് ഓർക്കുക. സദസ്സിലാകണം പ്രസംഗകൻ ദൃഷ്ടിയുന്നേണ്ടത്. പ്രസംഗത്തിന് ജീവൻ നൽകുന്നത് അംഗചലനങ്ങളാണ്. ചാഞ്ഞും ചരിഞ്ഞുമല്ലാതെ മാന്യമായ നിൽപ്പ് പ്രധാനപ്പെട്ടതാണ്. പിന്നെ ശ്രദ്ധിക്കേണ്ട അംഗങ്ങൾ കൈകളാണ്. പ്രസംഗത്തിന്റെ താളത്തിനും വീര്യത്തിനും യോജിക്കുന്ന വിധത്തിൽ സ്വാഭാവികമായ അംഗവിക്ഷേപങ്ങളാണ് വേണ്ടത്. കൃത്രിമമായ ചലനങ്ങൾ പ്രസംഗത്തെ വികലമാക്കും.




### സ്വാഗതം മുതൽ നന്ദി വരെ

സമ്മേളനത്തിലെ ആദ്യ പ്രസംഗമാണ് സ്വാഗത പ്രസംഗം. വിശിഷ്ടാതിഥികളേയും സദസ്സിനേയും സമ്മേളനത്തിലേക്ക് ക്ഷണിക്കുന്ന ചടങ്ങാണ് ഈ പ്രസംഗം. സ്വാഗത പ്രസംഗത്തിൽ രണ്ടു കാര്യങ്ങൾ ഉൾപ്പെടുത്തണം. ഒന്നാമതായി സമ്മേളനത്തിന്റെ ലക്ഷ്യത്തെക്കുറിച്ച് സംക്ഷിപ്തമായി അവതരിപ്പിക്കുക. അടുത്തത് സ്വാഗതം പറയലാണ് വേദിയിലിരിക്കുന്ന എല്ലാവരേയും സദസ്സിന് യഥോചിതം പരിചയപ്പെടുത്തി വേണം സ്വാഗതം ആശംസിക്കാൻ. വ്യക്തിപരമായ കാര്യങ്ങൾ അറിയില്ലെങ്കിൽ, ആവശ്യമെന്നു തോന്നിയാൽ മുൻകൂട്ടി ചോദിച്ചറിയണം. അവ്യക്തതയോ പിശകുകളോ ഉണ്ടാവാതിരിപ്പാൻ സ്വാഗത പ്രസംഗകൻ പ്രത്യേകം ശ്രദ്ധിക്കണം. സമ്മേളനം നിയന്ത്രിക്കുകയും നയിക്കുകയും ചെയ്യുന്നയാളാണ് അദ്ധ്യക്ഷൻ. ആദ്യവസാനം വേദിയിലെ മുഖ്യ ഇരിപ്പിടത്തിൽ അദ്ധ്യക്ഷനുണ്ടാകണം. എന്നാലിന്ന് അദ്ധ്യക്ഷൻ മിക്കവാറും നടുനായക സ്ഥാനത്ത് ഇരിക്കലേയുള്ളു. വേദി നിയന്ത്രണം സംഘാടകർ തന്നെ ചെയ്തു വരുന്നു. മീറ്റിംഗിന്റെ തുടക്കത്തിലും ഒടുക്കത്തിലുമായി ഉപക്രമം, ഉപസംഹാരം എന്നിങ്ങനെ രണ്ടുപ്രസംഗമായി ചുരുങ്ങി. അത് ദീർഘവുമാക്കാതെ നല്ലതാണ്. മറ്റുപ്രസംഗങ്ങളെ പൂർത്തീകരിക്കുന്നത് അദ്ധ്യക്ഷ പ്രസംഗമാണെന്ന വാസ്തവം ഓർക്കുക.

ഉദ്ഘാടന പ്രസംഗമാണ് സമ്മേളനത്തിലെ മുഖ്യനയം. മിക്കവാറും പ്രത്യേക ക്ഷണിതാവായി എത്തുന്ന ആളായിരിക്കും ഉദ്ഘാടകൻ. വിഷയ ത്തെക്കുറിച്ച് സുദീർഘമായും വിശദമായും സംസാരിക്കാവുന്നതാണ്. തനിക്ക് അനുവദിച്ചു തന്നിരിക്കുന്ന ബഹുമാന്യ സ്ഥാനത്തിന് യോജിച്ച വണ്ണം പ്രസംഗം പ്രൗഢമനോഹരമാക്കുക. മുഖ്യ പ്രഭാഷകൻ എന്ന പേരിലും ഇന്ന് സമ്മേളനത്തിൽ പ്രസംഗകരെ ക്ഷണിക്കാറുണ്ട്. വിഷയത്തെ വിസ്തരിച്ച് അവതരിപ്പിക്കാൻ അദ്ദേഹത്തിനും അവകാശമുണ്ട്.ഏതൊരു സമ്മേളനത്തിലും ഒന്നിലധികം ആശംസാ പ്രസംഗങ്ങൾ ഉണ്ടാവും. കഴിയുന്നത്ര ഹ്രസ്വമായും വിഷയത്തിന്റെ ഏതെങ്കിലും ഒരുവശം മാത്രമെടുത്തും നടത്തേണ്ടതാണ്. ഇത് മറ്റാരും സ്പർശിക്കാത്ത ഒരു പോയിന്റ് മാത്രം ചൂണ്ടിക്കാട്ടി അവസാനിപ്പിച്ചാലും മതി. ആവർത്തനം കൊണ്ട് വിരസമാകാതെ സൂക്ഷിച്ചേ മതിയാവൂ. അനുമോദന പ്രസംഗത്തിന്റെ സ്വഭാവവും ഇതുതന്നെ. സമ്മേളനത്തിലെ അവസാന ഇനമാണ് കൃതജ്ഞതാപ്രസംഗം അഥവാ നന്ദി പ്രകടനം പ്രസംഗകർക്കും മറ്റു സഹകാരി കൾക്കും സദസ്സിനും നന്ദി പ്രകാശിപ്പിക്കുകയാണ് ഇവിടെലക്ഷ്യം.വേദിയിൽ മുഴങ്ങിക്കേട്ട ശ്രദ്ധേയമായ ആശയങ്ങളെ അല്പമായി ഒന്നു സ്പർശിച്ചു പ്രസംഗിക്കാൻ കഴിഞ്ഞാൽ നന്ന്. ഏറ്റവും കുറച്ചു സമയം കൊണ്ട് തന്റെ കർത്തവ്യം നിറവേറ്റാൻ കൃതജ്ഞതാ പ്രസംഗകൻ ഉത്സാഹിക്കണം. ●

## കോവിഡ് കാലത്ത് പേരകുട്ടികളെ മാർഗ്ഗംകളി പഠിപ്പിക്കുന്ന ആശാൻ



കോവിഡ് അവധിയ്ക്ക് പേരകുട്ടികളെ മാർഗ്ഗം കളി പഠിപ്പിക്കുവാണ് ആശാൻ. മാർഗ്ഗകളിയും, നാടൻപാട്ടും ഒക്കെ ആയി അവധിയുടെ വിരസത മാറ്റുകയാണ് കുട്ടികളും മുതിർന്നവരും. തൊണ്ണൂറ്റിയഞ്ചിന്റെ നിറവിലാണ് ചക്രവേലിൽ ആശാൻ എന്നു വിളിക്കുന്ന കുര്യൻ ചാക്കോ. ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടെങ്കിലും മാർഗ്ഗംകളിയെക്കുറിച്ചു പറയുമ്പോൾ ആശാൻ അതൊന്നും പ്രശ്നം അല്ല. മാർഗ്ഗംകളിപാട്ടും, നാടൻ പാട്ടുകളും ഇപ്പോഴും ആശാൻ പാടും. കേരളത്തിലെ ഒട്ടുമിക്ക പ്രമുഖ കോളജുകളിലും സ്ക്കൂളുകളിലും മാർഗ്ഗംകളി പഠിപ്പിച്ചിട്ടുണ്ട്. സംസ്ഥാന യുവജനോത്സവങ്ങളിൽ മാർഗ്ഗംകളി മത്സരം ഇനആക്കിയതോടെ ആണ് ഇതിന്റെ പ്രസക്തി വർദ്ധിച്ചതെന്നു ആശാൻ പറയുന്നു. ശിഷ്യന്മാർ ആശാൻ എന്ന പേരിൽ ആണ് ഇദ്ദേഹത്തെ വിളിച്ചിരുന്നത്.

സുറിയാനി ക്രിസ്ത്യാനികളുടെ പരമ്പരാഗത കലാരൂപമായ മാർഗ്ഗംകളി നൽകിയ സംഭാവനകളെ മാനിച്ചു കേരള സംഗീത നാടക അക്കാദമി 2005 ൽ അക്കാദമി അവാർഡ് നൽകി ആദരിച്ചിരുന്നു കേരള ഫോക്‌ലോർ നാടക അക്കാദമി ചവിട്ടു നാടക കലാകാരൻ എന്ന നിലയിൽ ആദരിച്ചിട്ടുണ്ട്. രാമമംഗലം സെന്റ് ജോർജ് സൺഡേസ്ക്കൂൾ അദ്ധ്യാപകനായി 50 വർഷം സേവനം ചെയ്തു ഹെഡ്മാസ്റ്റർ ആയി പിരിഞ്ഞു. എം. ജെ. എസ്. എസ്. എ. ഗുരുശ്രേഷ്ഠ പുരസ്ക്കാരം നൽകി ആദരിച്ചിട്ടുണ്ട്.

മികച്ച കർഷകൻ കൂടിയാണ് കുര്യൻ ചാക്കോ. കാർഷിക രംഗത്തു 'ഉള്ളിടത്തു എല്ലാം കൃഷി ചെയ്യണം' എന്ന ആശയം ഇദ്ദേഹത്തിന്റെതായിരുന്നു. മികച്ച കർഷകൻ ആയി ആദരിച്ചിട്ടുണ്ട്.

4-ാം ക്ലാസ്സ് വിദ്യാഭ്യാസമുള്ളു എങ്കിലും എഴുത്തും വായനയും എന്നും കൈമുതൽ ആയിരുന്നു ഇദ്ദേഹത്തിന്. ഇപ്പോഴും രാവിലെ 2 പത്രങ്ങൾ വായിക്കുന്നത് നിർബന്ധമാണ്. ചരിത്രഗാനങ്ങൾ, അനുസ്മരണഗീതങ്ങൾ തുടങ്ങിയവ രചിച്ചിട്ടുണ്ട്. മൂന്ന് മക്കൾ ആണ്. സി.സി. ജോൺ (രാമമംഗലം സഹകരണ ബാങ്ക് പ്രസിഡന്റ്) യാക്കോബ്, ലീല ജേക്കബ്.

# സ്വർഗ്ഗീയ മണവാളനും തിരുസഭയാം മണവാട്ടിയും

**ഡോ. ഐബി ജോസ്, റാന്നി**

*നിന്റെ സൃഷ്ടാവാകുന്നു നിന്റെ ഭർത്താവ്. സൈന്യങ്ങളുടെ ദൈവമായ യഹോവ എന്നാണ് നിന്റെ വീണ്ടെടുപ്പുകാരന്റെ നാമം (യെശയ്യാവ് 54:5).*

പരിത്യക്തയെന്നു നീയോ, വിജനം എന്നു നിന്റെ ദേശമോ ഇനിമേൽ പറയപ്പെടുകയില്ല. എന്റെ സന്തോഷം എന്നു നീയും, വിവാഹിതയെന്നു നിന്റെ ദേശവും വിളിക്കപ്പെടും. എന്തെന്നാൽ കർത്താവ് നിന്നിൽ ആനന്ദം കൊള്ളുന്നു. നിന്റെ ദേശം വിവാഹിതയാകും. യുവാവ് കന്യകയെ എന്ന പോലെ നിന്റെ പുനരുത്ഥാരകൻ നിന്നെ വിവാഹം ചെയ്യും. മണവാളൻ മണവാട്ടിയിലെന്നപോലെ നിന്റെ ദൈവം നിന്നിൽ സന്തോഷിക്കും (യെശ.62:4–5).

**നമ്മുടെ ഉള്ളിലാണ് ദൈവം വസിക്കുന്നത്. ഉള്ളിലുള്ള ദൈവത്തെ പരമാത്മാവെന്നും, പരമപുരുഷനെന്നും, പരിശുദ്ധാത്മാവെന്നു മൊക്കെ വിളിക്കുന്നു. ഭാരതീയ ദർശനപ്രകാരം ഒരുവന്റെ ശരീരത്തെയും മനസ്സിനെയും പ്രകൃതിയായും, അവന്റെ ഉള്ളിലെ ആത്മാവിനെ പുരുഷനായും ചിത്രീകരിച്ചിരിക്കുന്നു.**

പഴയനിയമത്തിൽ സൗന്ദര്യത്തിന്റെ പൂർണ്ണതയായ യെരുശലേമിനെ യഹോവയുടെ മണവാട്ടിയായി കണക്കാക്കുന്നു. ദൈവാത്മാവ് വസിക്കുന്ന മന്ദിരമാണ് നമ്മുടെ ശരീരമെന്ന് വി.ബൈബിൾ പറയുന്നു. നമ്മെ സൃഷ്ടിച്ച ദൈവം തന്റെ ദൈവാംശമായ ജീവചൈതന്യത്തെ (പരമാത്മാവ്/പരിശുദ്ധാത്മാവ്) നമ്മുടെ ശരീരത്തിനുള്ളിൽ ജീവൻ നിലനിർത്തുവാനായി നിക്ഷേപിച്ചിട്ടുണ്ട്. ധ്യാനത്തിലൂടെയും പ്രാർത്ഥനകളിലൂടെയും നമ്മുടെയുള്ളിലെ ദൈവാത്മാവിനെ കണ്ടെത്തി ഉണർത്തി പ്രകാശിപ്പിച്ച് അതിൽ ലയിച്ചുചേർന്ന്, മനുഷ്യാത്മാവും ദൈവാത്മാവും ഒന്നായിരിക്കുന്ന ഈ അവസ്ഥയ്ക്ക് 'യോഗ' എന്നു പറയുന്നു. 'യോഗ' എന്ന വാക്കിന്റെ അർത്ഥം 'സംയോജിപ്പിക്കുന്നത്' എന്നാണ്. ജീവാത്മാവിനെയും പരമാത്മാവിനെയും സംയോജിപ്പിക്കുന്നതാണ് 'യോഗ'. 'അഷ്ടാംഗയോഗാ തുടങ്ങിയ യോഗ സാധനകളിലൂടെ നമ്മുടെയുള്ളിലെ മനുഷ്യാത്മാവായ ജീവാത്മാവിനെയും, ഉള്ളിന്റെ ഉള്ളിലെ സർവ്വവ്യാപിയായ മഹാദൈവമായ പരിശുദ്ധാത്മാവായ പരമാത്മാവിനെയും ലയിപ്പിച്ച് ഒന്നാക്കുന്നു. നമ്മുടെ ഉള്ളിലാണ് ദൈവം വസിക്കുന്നത്. ഉള്ളിലുള്ള ദൈവത്തെ പരമാത്മാവെന്നും, പരമപുരുഷനെന്നും, പരിശുദ്ധാത്മാവെന്നുമൊക്കെ വിളിക്കുന്നു. ഭാരതീയ ദർശനപ്രകാരം ഒരുവന്റെ ശരീരത്തെയും മനസ്സിനെയും പ്രകൃതിയായും, അവന്റെ ഉള്ളിലെ ആത്മാവിനെ പുരുഷനായും ചിത്രീകരിച്ചിരിക്കുന്നു. പ്രകൃതി, പുരുഷൻ എന്നീ രണ്ടു തത്വങ്ങളെയാണ് പ്രപഞ്ചത്തിന്റെ അടിസ്ഥാനമായി 'സാംഖ്യ ദർശനം' പറയുന്നത് പുരുഷൻ ചേതനവും, പ്രകൃതി അചേതനവുമാണ്. പ്രകൃതി പരിണാമത്തോടുത്തതും, പുരുഷൻ പരിണാമരഹിതനുമാണ്. ജഡമായ പ്രകൃതിയും ചേതനാ പുരുഷനും കൂടിച്ചേരുന്നതിലൂടെ സകല വ്യവഹാരങ്ങളും നടക്കുന്നു. വാസ്തുശാസ്ത്രമനുസരിച്ച് പ്രകൃതിയിലെ എല്ലാം പുരുഷന്റെ മാതൃകയാണ്. പ്രപഞ്ചം പരമാത്മാവിന്റെ പ്രത്യക്ഷ പ്രതീകമാണ്. പഴയ നിയമത്തിൽ യഹോവയെയും പുതിയ നിയമത്തിൽ യേശുക്രിസ്തുവിനെയും സഭയാം മണവാട്ടിയുടെ ആത്മ മണവാളനായി 'പരമപുരുഷനായി' വർണ്ണിച്ചിരിക്കുന്നു. വലിയൊരു മഹാസമുദ്രത്തെ ദൈവത്തോടുപമിച്ചാൽ, മനുഷ്യന്റെയുള്ളിലെ ദൈവാംശം ആ മഹാസമുദ്രത്തിലെജലതുള്ളിയാണ്. ഓരോതുള്ളി ജലവും ചേരുന്നതാണ് സമുദ്രം. മനുഷ്യന്റെയുള്ളിലെ പരിശുദ്ധാത്മാവിന്റെ കൃപാവരങ്ങൾക്കും സ്വർഗ്ഗീയ മണവാളനായ സത്യദൈവത്തിനും ഒരേ ഗുണങ്ങൾ തന്നെ വിശുദ്ധിയിൽ ഒരുമിക്കുമ്പോൾ.

പ്രകൃതിയെ സ്ത്രീയായും, അമ്മയായും, ദൈവശക്തിയായും ഭാരതീയ ദർശനം കാണുന്നു. ഭൂപ്രകൃതിയും, ദേഹപ്രകൃതിയും, സ്വഭാവപ്രകൃതിയുമെല്ലാം ഇതിൽപ്പെടും. പ്രകൃതിയുടെ അധിപനായ പുരുഷൻ പരമാത്മാവാണ് അഥവാ സ്വർഗ്ഗീയമണവാളനായ ദൈവം. പ്രകൃതി പുരുഷബന്ധത്തിന്റെ പരസ്പര വിശുദ്ധിയും, ഐക്യവും, സന്തുലനാവസ്ഥയും ആണ് പ്രപഞ്ചത്തിന്റെ ജീവതാളം. സൃഷ്ടിയുടെ ആത്മവികാസത്തിന്റെ സൗന്ദര്യവും, ദൃഢതയും, ഊഷ്മളതയും വിശ്വമാതൃഹൃദയമുള്ളിലുണർന്ന ആത്മീയ വിശുദ്ധർ പ്രകൃതിയെപ്പോലെ, പരിശുദ്ധ മറിയത്തെപ്പോലെ മാതൃസ്നേഹത്തിന്റെ ഉന്നതപദവിയിലേയ്ക്ക് ഉയർത്തപ്പെട്ടവരാണ്. പരി. മറിയം പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി ദൈവപുത്രനെ പ്രസവിച്ചു ദൈവാത്മാവിനാൽ പോറ്റിപുലർത്തിയതുപോലെ വിശുദ്ധർ സ്വർഗ്ഗീയ മണവാളനിൽ ഒന്നായി പ്രപഞ്ചമക്കൾക്ക് ജീവചൈതന്യമേകി സ്വർഗ്ഗീയ പൗരത്വം നേടി കൊടുക്കുന്നു.

പരമാത്മാവ് എന്നാൽ പരമമായ ആത്മാവ് അഥവാ പരിശുദ്ധാത്മാവ്/ദൈവാത്മാവ് പുതിയ നിയമത്തിൽ യേശുക്രിസ്തുവിനെ മണവാളനായ പരമാത്മാവായും തിരുസഭയെ മണവാട്ടിയായും ചിത്രീകരിച്ചിരിക്കുന്നു. സഭയാം മണവാട്ടി ആത്മീയ കന്യാകാത്വം കാത്തുസൂക്ഷിച്ച് ക്രിസ്തു എന്ന ഏകപുരുഷനെ കാത്തിരിക്കുന്ന സ്ത്രീകളും, പുരുഷൻമാരുമാണ്. ഇങ്ങനെ കാത്തിരിക്കുന്നവരുടെ കൂട്ടത്തെ അഥവാ

സത്യാരാധകരുടെ മഹാപുരുഷാരത്തെ സത്യമണവാളനായ മിശിഹായെ കാത്തിരിക്കുന്ന നിർമ്മലകന്യകയായ മണവാട്ടിയായി ചിത്രീകരിച്ചിരിക്കുന്നു. (2.കൊരി.11:3) ക്രിസ്തു എന്ന ഏകപുരുഷന് ഏല്പിപ്പാൻ വിവാഹനിശ്ചയം ചെയ്തിരിക്കുന്ന നിർമ്മലകന്യകയായ മണവാട്ടിസഭ ക്രിസ്തു എന്ന പരമാത്മാവ്/പരമപുരുഷനെ കാത്തിരിക്കുന്ന ഒരു വലിയ കൂട്ടം ഭക്തജനങ്ങളുടെ ഐക്യദാർഢ്യം നിറഞ്ഞ വിശ്വമനസ്സാണ് (Universal Mind/Universal Oneness). എതിർക്രിസ്തു/സാത്താൻ/EGO എന്ന മറ്റൊരു പുരുഷനിലേക്ക് ആകർഷിക്കപ്പെടാതെ, അതിവിശുദ്ധാത്മസ്നേഹം (AGAPE) എന്ന സത്യമണവാളനായ ക്രിസ്തുവിൽ ഏകാഗ്രമായ ഭക്തിയും വിശ്വാസവും ഉറപ്പിച്ച് കാത്തിരിക്കുകയെന്നതാണ് സഭയാം മണവാട്ടിയുടെ ആന്തരീക ബ്രഹ്മചര്യം കൊണ്ട് ഉദ്ദേശിക്കുന്നത്. ബ്രഹ്മചര്യമെന്നാൽ മഹാവിശുദ്ധസ്നേഹമെന്ന 'ക്രിസ്തു' എന്ന ബ്രഹ്മത്തിൽ തന്നെ ചരിക്കുക. 'യഹോവയിൽ തന്നെ രസിച്ചു കൊൾവിൻ, നിന്റെ ആഗ്രഹങ്ങളൊക്കെയും അവൻ സാധിച്ചുതരും' (സങ്കീ.37:4). രസങ്ങൾ ലൗകികമായ പലതിലേക്കും വഴുതിപ്പോകാതെ പരമപിതാവിൽ തന്നെ ഉറച്ചിരിക്കട്ടെ. ദൈവാത്മാവിൽ നങ്കൂരമുറപ്പിക്കാം. ശരീരമെന്ന പരിധിയും മനസ്സെന്ന പരിമിതിയും ഭേദിച്ച് ആത്മാവിന്റെ ആഴത്തിൽ/അനന്തതയിൽ വേരൂന്നി വളരാം.

പരമമായ ആത്മശുദ്ധിയാണ് പരിശുദ്ധാത്മാവ് എന്ന പരമാത്മാവ്. പരിശുദ്ധാത്മാവിനോടുള്ള ഗാഢമായ പ്രണയത്തിലും ഐക്യത്തിലും സുദൃഢമായ തന്മയീഭാവത്തിലും ഏകീകരണത്തിലും നാം ചെയ്യുന്ന പ്രവർത്തിയും വാക്കും, ചിന്തയുമൊക്കെ അതിമഹത്വങ്ങളും ലോകത്തെതന്നെ മാറ്റിമറിക്കുന്നതുമായിരിക്കും. നമ്മുടെയുള്ളിലെ അനന്തവും അക്ഷയവുമായ പരിശുദ്ധാത്മശക്തിയുടെ ഉണർവ്വിന് ലോകത്തെ വിശുദ്ധിയിൽ രൂപാന്തരപ്പെടുത്തുവാനും അനുഗ്രഹപ്രദമാക്കുവാനും കഴിയും. പരമാത്മാവിന്റെ ഗുണഗണങ്ങളിൽ ജ്വലിച്ച് പരിശുദ്ധാത്മാവിന്റെ കൃപാവരങ്ങളിൽ നിറഞ്ഞ് കവിഞ്ഞ് ദൈവിക സ്വഭാവം ഉള്ളിൽ നിറച്ച് സത്യമണവാളനോടുള്ള പ്രണയ സാക്ഷാത്കാരമായി നമ്മിൽ ഉരുത്തിരിയുന്ന കഴിവും, കലയും, കർമ്മവുമെല്ലാം പരിപൂർണ്ണതയിൽ മികവുറ്റതായിരിക്കും. നിരന്തരം പരിശുദ്ധാത്മ ധ്യാനത്തിലൂടെ മാനസം പവിത്രീകരിച്ച് സമാധിയുടെ താളലയങ്ങളിൽ ആത്മീയോന്നതിനേടിയവർ ജീവിതം ഉന്നത വിജയമാക്കും.

പഴയനിയമ വിശുദ്ധരും പുതിയ നിയമ വിശുദ്ധരും, എഴുത്തുകാരും, കലാ-സാംസ്ക്കാരിക പ്രതിഭകളും, സത്യാന്വേഷകരും ശാസ്ത്രജ്ഞരും, സാഹിത്യകാരും തുടങ്ങി ജീവിതത്തിന്റെ എല്ലാ മേഖലകളിലും വിജയിച്ചുനിൽക്കുന്നവർ അവരുടെ ഉള്ളിന്റെ ഉള്ളറകളിലെ പരമാത്മാവിന്റെ അനന്തകൃപാവരങ്ങളെയും, ഊർജ്ജത്തെയുമാണ് അവരുടെ ജീവാത്മാവുമായി ഇണചേർത്ത് അവരുടെ ജീവിതത്തിലും വാക്കിലും പ്രവർത്തിയിലും പ്രസംഗത്തിലും കലാസൃഷ്ടികളിലുമൊക്കെ പ്രതിഫലിപ്പിക്കുന്നത്. അങ്ങേയറ്റത്തെ ഏകാഗ്രതയോടെ മനസ്സിന്റെ ചഞ്ചലതയെ/ചിത്തവൃത്തിയെ നിരോധിച്ച് അത്യധികം ശാന്തവും സ്വസ്ഥവുമായി എല്ലാത്തിനെയും സമചിത്തതയോടെ, സമന്വയീഭാവത്തോടെ ദർശിക്കുവാനുള്ള മനസ്സിന്റെ സന്തുലനാവസ്ഥയാർജ്ജിച്ച് കർമ്മങ്ങളിലെ കാര്യക്ഷമത വർദ്ധിപ്പിച്ച് ചെയ്യുന്ന ജോലി ഭംഗിയായും, പ്രതിഫലേച്ഛ കൂടാതെയും കൃത്യമായും വിജയകരമായും അനുഗ്രഹപ്രദമായും ചെയ്തുതീർക്കുവാനും

**പരമമായ ആത്മശുദ്ധിയാണ് പരിശുദ്ധാത്മാവ് എന്ന പരമാത്മാവ്. പരിശുദ്ധാത്മാവിനോടുള്ള ഗാഢമായ പ്രണയത്തിലും ഐക്യത്തിലും സുദൃഢമായ തന്മയീഭാവത്തിലും ഏകീകരണത്തിലും നാം ചെയ്യുന്ന പ്രവർത്തിയും വാക്കും, ചിന്തയുമൊക്കെ അതിമഹത്വങ്ങളും ലോകത്തെതന്നെ മാറ്റിമറിക്കുന്നതുമായിരിക്കും. നമ്മുടെയുള്ളിലെ അനന്തവും അക്ഷയവുമായ പരിശുദ്ധാത്മശക്തിയുടെ ഉണർവ്വിന് ലോകത്തെ വിശുദ്ധിയിൽ രൂപാന്തരപ്പെടുത്തുവാനും അനുഗ്രഹപ്രദമാക്കുവാനും കഴിയും. പരമാത്മാവിന്റെ ഗുണഗണങ്ങളിൽ ജ്വലിച്ച് പരിശുദ്ധാത്മാവിന്റെ കൃപാവരങ്ങളിൽ നിറഞ്ഞ് കവിഞ്ഞ് ദൈവിക സ്വഭാവം ഉള്ളിൽ നിറച്ച് സത്യമണവാളനോടുള്ള പ്രണയ സാക്ഷാത്കാരമായി നമ്മിൽ ഉരുത്തിരിയുന്ന കഴിവും, കലയും, കർമ്മവുമെല്ലാം പരിപൂർണ്ണതയിൽ മികവുറ്റതായിരിക്കും.**

പരമാത്മാവുമായുള്ള 'സംയോഗം' നമ്മെ സഹായിക്കുന്നു. കർമ്മങ്ങൾ കഷ്ടപ്പെട്ടുചെയ്യാതെ ഇഷ്ടപ്പെട്ടു ചെയ്യുമ്പോൾ ഉചിതമായും ചന്തമായും ക്രമമായും ദൈവാത്മ പ്രണയബോധത്തോടും ചെയ്യാൻ കഴിയുന്നു. അപ്പോൾ കർമ്മം ഈശ്വരനാകുന്നു (Work is worship).

ജഡത്തിന്റെ വ്യാപാരങ്ങളും ആത്മാവിന്റെ ഫലങ്ങളുമെന്തെല്ലാമാണെന്ന് ഗലാത്യർ 5:16-26 ൽ പറഞ്ഞിരിക്കുന്നു. ജഡമോഹങ്ങൾ ആത്മാവിനും എതിരാണ്. അമിതമായ ശരീരബോധം, ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം പാപത്തിലേക്കും, പരാജയഭീതിയിലേക്കും അപകർഷതയിലേക്കും വഴിതെളിക്കും. ശുദ്ധമായ ആത്മബോധം ശക്തിപ്പെട്ടവർ ധൈര്യശാലികളും വിജയികളുമായിരിക്കും. പരിശുദ്ധാത്മ വരങ്ങൾ ആന്തരികസൗന്ദര്യവും, സൗഖ്യവും വർദ്ധിപ്പിക്കുന്ന ആഭരണങ്ങളാണ്, ഔഷധമാണ്. ആത്മാവുണ്ടെങ്കിലെ ശരീരത്തിനു ജീവൻ ഉള്ളൂ. ആത്മാവ് ശരീരമല്ല. ആത്മാവിന് ലിംഗഭേദമില്ല. ആത്മാവ് ആണോ പെണ്ണോ അല്ല. ആത്മാവിന് ഭേദചിന്തയില്ല. ആത്മാവ് അഭേദ്യമായി പരമാത്മാവുമായി/ദൈവവുമായി അദ്വൈത ബന്ധത്തിലാണ്. ആത്മാവ് ഒരുവന്റെയുള്ളിലെ ദൈവാംശമാണ്. ശാരീരികമായി ചിന്തിക്കുന്നവൻ ആണോ പെണ്ണോ ആണെന്ന പരിധി/ബന്ധനത്തിനുള്ളിലാണ്. ആത്മീയമായി ചിന്തിക്കുന്നവൻ ലിംഗഭേദമില്ലാതെ താൻ ദൈവത്തിന്റെ അംശമാണെന്ന് വിശ്വസിക്കുന്നു. മനസ്സും ശരീരവും അഹംകാരികമാണ്. അതിനു പരിധിയും പരിമിതിയുമുണ്ട്. ആത്മാവ് ദൈവികമാണ്. അതിന് പരിധിയും പരിമിതിയുമില്ല. ആത്മശക്തിയോടെ ജീവിക്കുന്നവന് ഉള്ളിലെ ദൈവകൃപ സകലതും സാധ്യമാക്കുന്നു. ആത്മശക്തിയുടെ പരമവീര്യത്തിൽ ജീവിക്കണമെങ്കിൽ സദാ പരിശുദ്ധാത്മാവിനെക്കുറിച്ച് ചിന്തിക്കണം. തിരുവചനം പഠിക്കണം ധ്യാനിക്കണം. വചനമെന്ന മായമില്ലാത്ത പാൽ കുടിച്ച് ക്രിസ്തു എന്ന തലയോളം വളരണം. ജഢികർ ജഢത്തിനായും ആത്മീയർ ആത്മാവിനുള്ളതും ചിന്തിക്കുന്നു. ജഡം മരിക്കും, നശിക്കും. ജഢികചിന്തകൾ വർദ്ധി ക്കുമ്പോൾ ആത്മബലവും ധൈര്യവും

ചോർന്നുപോകും. ആത്മവിശ്വാസവും നന്മയും ഇല്ലാതെയാവും. ആത്മാവ് ഒരിക്കലും നശിക്കാത്ത 'ശുദ്ധബലവും' നിത്യജീവനും നമ്മിൽ നിറക്കും. ജഡം സഭയിലെ ഓരോ അംഗങ്ങളും വ്യത്യസ്തരാണെന്ന് നമ്മെ തെറ്റിദ്ധരിപ്പിക്കും. ആത്മാവ് ഓരോരുത്തരും ഒറ്റക്കെട്ടായി ഒന്നായിചേർന്ന് ഏകവിശുദ്ധസഭയുടെ 'ഏകത്വം' 'ഒരുമയുടെ ബലം' നമ്മെ പഠിപ്പിക്കുന്നു. ശരീരം ദൈവത്തിന്റെ മന്ദിരമാണെന്നു പറയുന്നു. ഉള്ളിലെ ദൈവാത്മാവിന് വസിക്കാൻ പറ്റിയ പ്രാപഞ്ചിക ശരീരമാണ് നാം ഓരോരുത്തരുമടങ്ങുന്ന സഭ. We are the universal body of Christ. ക്രിസ്തുവിനൊപ്പം മരിക്കുന്നവർ ക്രിസ്തുവിനൊപ്പം ഉയിർക്കും. മൺമയം വിൺമയമായി മറുരൂപപ്പെടുന്ന അനുഭവം ജീവിച്ചിരിക്കുമ്പോൾ തന്നെ സ്വന്തമാക്കണം.

മത്തായി 25:6 ൽ മണവാളനെ കാത്തിരിക്കുന്ന പത്തു കന്യകമാരുടെ കഥ പറയുന്നു. 'അർദ്ധരാത്രിക്കോ മണവാളൻ വരുന്നു. അവനെ എതിരേൽപ്പാൻ പുറപ്പെടുവീൻ എന്നു ആർപ്പുവിളി ഉണ്ടായി' സമയത്തും അസമയത്തും ഉണർന്നിരുന്ന് സദാ ജാഗ്രതയോടെ, ഏകാഗ്രതയോടെ എപ്പോഴും എണ്ണകരുതി, വിളക്കെപ്പോഴും കത്തിച്ച് ഒരുങ്ങിയിരിക്കുന്ന ബുദ്ധിയുള്ള കന്യകമാരെപ്പോലെ സഭയാം മണവാട്ടി കർത്താവിന്റെ രണ്ടാമത്തെ വരവിനായി കാത്തിരിക്കണം. സങ്കീർത്തനങ്ങളിൽ ദാവീദു പറയുന്നതുപോലെ മാൻ നീർത്തോടുകളിലേക്കു ചെല്ലുവാൻ കാംക്ഷിക്കുന്നതുപോലെ ഉള്ളം ദൈവത്തോടു ചേരുവാൻ ആഗ്രഹിച്ച് സദാ ഒരുക്കമുള്ളവരായിരിക്കണം. ദേഹവും ദേഹിയും ആത്മാവിൽ പുതുക്കപ്പെടുവാനും, തേജസ്ക്കരിക്കപ്പെടുവാനും, മറുരൂപപ്പെട്ട് സ്വർഗ്ഗീയ അനുഭൂതികൾ സ്വായത്തമാക്കുവാനും നമ്മുടെ ചിന്തകൾ/കണ്ണുകൾ സദാ സ്വർഗ്ഗത്തിലേക്കുയർത്തി കാത്തിരിക്കാം. മഴയെ കാത്തിരിക്കുന്ന വേഴാമ്പലിനെപ്പോലെ. 45-ാം സങ്കീർത്തനത്തിൽ ഒരു രാജാവിന്റെ വിവാഹം പ്രതിപാദിക്കുന്നു. അതു സ്വർഗ്ഗീയ മണവാളനായ 'മ്ശിഹാ രാജാവിനെക്കുറിച്ചുള്ള' പ്രവചനവും വർണ്ണനയുമാണ്. ഉത്തമഗീതത്തിൽ പറഞ്ഞിരിക്കുന്ന 'ആത്മീയ പ്രണയ സാക്ഷാത്കാരങ്ങൾ' സ്വർഗ്ഗീയ മണവാളനെ/ പരമാത്മാവിനെ അറിയാനും അനുഭവിക്കുവാനും കാത്തുകാത്തു ജാഗ്രതയോടൊരുങ്ങി വ്രതനിഷ്ഠയോടെ കഴിയുന്ന സഭയാം മണവാട്ടിയുടെ ജീവാത്മാവിന്റെ സംശുദ്ധമായ രചനയാണ്, ഹൃദയം പകരലാണ്. വെളിപാട് 19:5-10 വരെ കുഞ്ഞാടിന്റെ വിവാഹവിരുന്നിനെക്കുറിച്ച് വർണ്ണിച്ചിരിക്കുന്നു. വിളിക്കപ്പെട്ടവർ ചുരുക്കം. മുൻപൻമാർ പിൻപന്മാരും, പിൻപന്മാർ മുൻപൻന്മാരുമാകുന്ന ഈ ഓട്ടമത്സരത്തിൽ വിളിയും തിരഞ്ഞെടുപ്പും ഉറപ്പിക്കുക. പുതിയ ആകാശവും, പുതിയ ഭൂമിയും സംജാതമാകുമ്പോൾ വെളിപാട് 21 പുതിയ ജെറുശലേമിന്റെ ഭാഗമായി മണവാളനിൽ ഒന്നുചേർന്നു ജീവിക്കുവാൻ ജീവിതവും ജീവനും സത്യത്തിനു സമർപ്പിക്കുക. ●


## 20th Death Anniversary
## 11 -05- 2020



**Anish Abraham Arackal**
**Arackal Anish Villa**
**Chingavanam**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി

Born: 31-8-1981
Died: 11-5-2000

By Sorrowing Family



**സമുദായത്തിന് ഇത് അഭിമാനം**

TOP DOWNLOADED PAPER 2018-2019



CONGRATULATIONS TO
**Vinoy Thomas**
whose paper has been recognized as
one of the most read in
**Journal of Applied Polymer Science**

WILEY

**മികച്ച താപ പ്രതിരോധ പദാർത്ഥം കണ്ടെത്തുന്നതിനുള്ള പഠനത്തിൽ തിരുവൻവണ്ടൂർ ഇടവകാംഗമായ കണ്ടതിൽ ഡോക്ടർ വിനോയ് തോമസ്സ് സമർപ്പിച്ച പ്രബന്ധം 2018-19 വർഷം ഏറ്റവും കൂടുതൽ ആളുകൾ ഡൗൺലോഡ് ചെയ്ത പ്രബന്ധങ്ങളിൽ ഒന്നാണെന്ന് ലോകത്തിലെ ഏറ്റവും വലിയ പബ്ലിഷിംഗ് കമ്പനികളിൽ ഒന്നായ WILEY സർട്ടിഫൈ ചെയ്തിരിക്കുന്നു.**

**Congrats Dr. Vinoy Thomas**

തിരുവൻവണ്ടൂർപള്ളി ഇടവകാംഗമാണ്

# വിനീതഭാവം

ഫാ. മാത്യു ചെറുകരേത്ത്
(ഡയറക്ടർ, സുഖാർ റിട്രീറ്റ് സെന്റർ, വെളിയനാട്)

നിങ്ങളിൽ ഏറ്റവും വലിയവൻ ഏറ്റവും ചെറിയവനെപ്പോലെ ആയിരിക്കണം (ലൂക്കോസ് 22:26) എന്ന് യേശുക്രിസ്തു പറഞ്ഞപ്പോൾ ഈ വിനീതഭാവത്തെ യേശു പ്രകീർത്തിക്കുകയായിരുന്നു. സകല ഗുണങ്ങളും ദൈവത്തിൽ നിന്നും നാം സ്വീകരിക്കുന്നു. അതുവഴി ഉണ്ടാകുന്ന സ്തുതിയും ദൈവമഹത്വവും ദൈവത്തിനു തന്നെ നൽകേണ്ടതാകുന്നു. ദൈവദാനങ്ങൾ ഏറ്റുവാങ്ങുവാൻ വ്യക്തിയെ പ്രാപ്തമാക്കുന്നത് ഈ വിനീതഭാവമാണ്. വിശുദ്ധിയുടെ ഉത്തുംഗപദത്തിൽ എത്താനുള്ള ഒന്നാമത്തെ മാർഗ്ഗം വിനയം, രണ്ടാമത്തേതും വിനയം, മൂന്നാമത്തേതും വിനയം ഇങ്ങനെ ആറുപ്രാവശ്യം ചോദിച്ചാലും വിനയം എന്നുതന്നെ ഞാനുത്തരം പറയുമെന്ന് വിശുദ്ധ അഗസ്റ്റിൻ പറയുന്നു. "ദൈവമേ നീ ആരാകുന്നു, ഞാൻ ആരാകുന്നു" എന്ന് വിശുദ്ധന്മാർ നിരന്തരം ഉരുവിട്ടുകൊണ്ടിരിക്കുന്നു. ദൈവത്തിന്റെ നന്മകൾ കൂടുതൽ കൂടുതൽ അറിയുന്തോറും തങ്ങളുടെ ശൂന്യത അധികമധികം അവർ വ്യക്തമായി കണ്ടു.

നമ്മുടെ എല്ലാ കഴിവുകളും, സമ്പത്തും സാമർത്ഥ്യവും ബുദ്ധിവൈഭവവും, സ്വഭാവ സവിശേഷതകളും പാവപ്പെട്ട ഒരു ഭിക്ഷുവിന് ധരിക്കാൻ ലഭിച്ച മനോഹര വസ്ത്രംപോലെയാകുന്നു. ആ വസ്ത്രം ധരിച്ച് അതിനെപ്പറ്റി അഹങ്കാരപൂർവ്വം സ്വയം പ്രശംസിക്കുന്നെങ്കിൽ അവൻ എത്ര ഭോഷൻ എന്ന് മറ്റുള്ളവർ പറയുകയില്ലേ? വി.പൗലോസ് ശ്ലീഹാ കോറിന്ത്യയിലെ വിശ്വാസികളോട് ചോദിക്കുന്നു. "ദാനമായി ലഭിച്ചതല്ലാതെ നിനക്ക് എന്തുണ്ട്? എല്ലാം ദാനമായിരിക്കെ, ദാനമല്ല എന്ന മട്ടിൽ നീ എന്തിന് അഹങ്കരിക്കുന്നു"? (1 കോരി.4:7). നമ്മിലുള്ളവയെല്ലാം ദൈവം ദാനമായി കനിഞ്ഞുതന്നവയാണ്. ദൈവത്തിനും നന്ദി പറയുന്നതിനു പകരം അഹങ്കാരവും ഗർവ്വം നിറഞ്ഞ മനോഭാവവും വച്ചുപുലർത്തുമ്പോൾ ആ ദാനങ്ങളെ നാം അശുദ്ധമാക്കുകയല്ലേ ചെയ്യുന്നത്?

ഉപഭോഗസംസ്ക്കാരത്തിന്റെയും, ആർഭാട സംസ്ക്കാരത്തിന്റെയും ഗർത്തത്തിൽ വീണുകിടക്കുകയാണ് ക്രൈസ്തവ സമൂഹം. 2018 ലെ മഹാപ്രളയവും, 2020 ലെ കോവിഡ്-19-ഉം ആ മനോഭാവത്തിനു മാറ്റം വരുത്തുമോ എന്ന് കാലം തെളിയിച്ചുതരട്ടെ. വി.വിവാഹം, വി. മാമ്മോദീസ തുടങ്ങിയ കൂദാശകളിൽ പോലും നാം ചെയ്യുന്ന പല പ്രവൃത്തികൾ ആ കൂദാശയുടെ വിശുദ്ധി ഇല്ലാതാക്കുക മാത്രമല്ല അത് നമുക്ക് ദോഷമായി ഭവിക്കുന്നു. കരിമരുന്നുപ്രയോഗവും, ചെണ്ടമേളവും, ബൈക്ക് റെയിസിംഗ് പോലുള്ള കാര്യങ്ങൾ വി.വിവാഹകൂദാശയുടെ പവിത്രതയെ കളങ്കപ്പെടുത്തുന്നതാണെന്ന് ഓർമ്മിക്കുക. വിവാഹകൂദാശയിലൂടെ ഭാര്യാഭർത്താക്കന്മാരാകുന്ന മണവാളനും മണവാട്ടിക്കുമാണ് മണർകോലം സ്റ്റേജിൽ നാം ഒരുക്കുന്നത്. എന്നാൽ ഇന്ന് ഉറപ്പിനും, ഒത്തുകല്യാണത്തിനും നാം സ്റ്റേജ് ഡെക്കറേറ്റ് ചെയ്തു മണർകോലം പോലെ ആക്കി ഒരുമിച്ചിരുത്തുന്നത് ശരിയാണോ എന്ന് ചിന്തിക്കുക. ഒത്തുകല്യാണത്തിന് പെണ്ണിനെ ഒരുക്കുവാൻ കൊണ്ടുപോകുമ്പോൾ കൂടെ വഴിപ്പോലയായി ഒരുക്കുവാൻ മദ്യകുപ്പിയും ഇപ്പോൾ കൊണ്ടുപോകുന്നു. ഈ മദ്യകുപ്പി അണിയിച്ചൊരുക്കി മൂന്ന് പ്രാവശ്യം കൊടുക്കട്ടേ എന്നും വാങ്ങിക്കട്ടേ എന്നും ചോദിക്കുന്നതു കേൾക്കുമ്പോൾ ഒരു ചോദ്യം മനസ്സിൽ ഉയരുന്നു. ഇതു ശരിയാണോ? അല്ല എന്നുതന്നെ മനസ്സു പറയുന്നു. പ്രതികരിക്കുവാൻ സാധിക്കാതെ പോകുന്നതിന്റെ മനോവിഷമം മറച്ചുവെയ്ക്കുന്നില്ല.



ദൈവതിരുമുമ്പാകെ അർപ്പിക്കുന്ന വി.ബലിപോലും നാം അടിപൊളിയാക്കുവാനുള്ള ശ്രമത്തിൽ ഇത് വെറും ഒരു പ്രഹസനമായി മാറുന്നു. ശബ്ദത്തിന്റെയും സ്വരമാധുര്യത്തിന്റെയും പേരിൽ ജനങ്ങൾ വി. ബലിയെ തരം തിരിച്ച് കാണുന്നത് നമ്മുടെ മനോഭാവത്തിന്റെ അഹന്തയെ ആണ് സൂചിപ്പിക്കുന്നത്.

വിനീതർക്ക് ദൈവം സമീപസ്ഥനാണ് തന്റെ നന്മകൾ കൊണ്ട് അവരെ അലങ്കരിക്കുന്നു. അഹങ്കാരികളിൽ നിന്നാകട്ടെ ദൈവം അകന്നിരിക്കുന്നു. വി. ജോൺ ക്രിസോസ്റ്റം പഠിപ്പിക്കുന്നത് ശ്രദ്ധിക്കുക. "വെള്ളം കൊണ്ട് തീകെടുത്തുകയല്ലാതെ തീ കൊണ്ട് ആരും തീ കെടുത്തുകയില്ല". അതായത് ശാന്തശീലം കോപത്തെ ഇല്ലാതെ ആക്കുന്നു എന്നാൽ കോപം കോപിഷ്ഠനെ ശാന്തനാക്കുന്നില്ല.

വിനീതഹൃദയമുള്ളവർ ദൈവതിരുമുമ്പിൽ വലിയവരായി പ്രശോഭിക്കുന്നു. ദൈവം അഹങ്കാരികളെ എതിർക്കുകയും എളിമയുള്ളവർക്കു കൃപകൊടുക്കുകയും ചെയ്യുന്നു (യാക്കോ.4:6). ഊശാനയുടെ ലുത്തീനിയ പ്രാർത്ഥനയിൽ നാം പ്രാർത്ഥിക്കുന്നതുപോലെ ആകാശവിതാനങ്ങളിൽ ഒതുങ്ങാത്തവൻ ആയിരിക്കേ താഴ്മയോടെ കഴുതക്കുട്ടിയുടെ പുറത്ത് കയറിയ ഞങ്ങളുടെ കർത്താവായ യേശുമശിഹാനിന്റെ താഴാഴ്മ എത്രയോ വാഴ്ത്തപ്പെട്ടതാകുന്നു. ആയതിനാൽ യേശുവിന്റെ താഴ്മയും, വിനയവും നമുക്ക് സ്വീകരിച്ചുകൊണ്ട് മുന്നേറുവാൻ ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

# സൂലോക്കോ
## (സ്വർഗ്ഗാരോഹണ പെരുന്നാൾ)

ഫാ. ജേക്കബ് ഫിലിപ്പ്, നടയിൽ

മാനവവംശത്തിന്റെ രക്ഷയ്ക്കുവേണ്ടി പിതാവായ ദൈവത്തിൽ നിന്നു വന്ന ദൈവപുത്രൻ തന്റെ ദൗത്യം പൂർത്തികരിച്ചതിനുശേഷം സർവ്വമഹത്വത്തോടുകൂടി പിതാവിൽ ഒന്നാകുവാൻ വേണ്ടി സ്വർഗ്ഗത്തിലേക്കു കരേറിയതിന്റെ സ്മരണ സ്വർഗ്ഗാരോഹണ പെരുന്നാളായി പരിശുദ്ധ സഭ ആചരിക്കപ്പെടുകയാണ്. ഉയർപ്പിനുശേഷം നാൽപതാം ദിവസം സ്വർഗ്ഗാരോഹണ പെരുന്നാൾ ആഘോഷിക്കുന്നു.

നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണത്തെപ്പറ്റി വി. മർക്കോസിന്റേയും ലൂക്കോസിന്റേയും സുവിശേഷങ്ങളിൽ സൂചന നൽകുന്നുണ്ട്. തന്റെ പുനരുത്ഥാനത്തിനുശേഷം കർത്താവ് നാൽപതുനാളോളം ഭൗമിക മണ്ഡലങ്ങളിൽ അധിവസിച്ചുകൊണ്ട് പല പ്രാവശ്യം ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ട് ദൈവരാജ്യം സംബന്ധിച്ച കാര്യങ്ങളെ അവരോട് പ്രസ്താവിച്ചുകൊണ്ടിരുന്നു. അവസാനം കർത്താവ് അവരെ ബെഥാന്യയ്ക്ക് കൂട്ടിക്കൊണ്ടുപോയി ഒലിവുമലയിൽവച്ച് സ്വർഗ്ഗാരോഹണം ചെയ്തു. സ്വർഗ്ഗാരോഹണത്തെ സംബന്ധിച്ചുള്ള വിവരണം സംക്ഷിപ്തവും സൂക്ഷ്മവുമായ ഭാഷയിലാണ് വി. ലൂക്കോസ് നൽകിയിരിക്കുന്നത്.

1. കർത്താവ് അവരോടു സംസാരിച്ചതിനുശേഷം ശിഷ്യന്മാർ കാൺകെ സ്വർഗ്ഗാരോഹണം ചെയ്തു.
2. ഒരു മേഘം തന്നെ ആവരണം ചെയ്കയാൽ അവരുടെ ദൃഷ്ടിയിൽ നിന്ന് താൻ അപ്രത്യക്ഷനായി തീർന്നു.
3. കർത്താവ് സ്വർഗ്ഗത്തിലേക്കു കയറി പിതാവിന്റെ വലതുഭാഗത്ത് ആസനസ്ഥനായി.
4. ശിഷ്യന്മാർ ആകാശത്തിലേക്ക് അമ്പരന്നു നോക്കിക്കൊണ്ടിരിക്കുമ്പോൾ വെള്ള വസ്ത്രധാരികളായ രണ്ടു ദൂതൻമാർ അവർക്ക് പ്രത്യക്ഷനായി. സ്വർഗ്ഗാരോഹണം ചെയ്ത യേശു സ്വർഗ്ഗത്തിലേക്കു പോയതുപോലെ തന്നെ വീണ്ടും വരുമെന്ന് അവരോടു പറഞ്ഞു.

യേശുക്രിസ്തുവിന്റെ ഉയർത്തെഴുന്നേല്പിനുശേഷം ആരും അറിയാതെ തിരോധാനം ചെയ്തിരുന്നുവെങ്കിൽ അവനെന്നേക്കും ചരിത്രത്തിന്റെ ഏടുകളിൽ മറയപ്പെടുമായിരുന്നു. എന്നാൽ ശിഷ്യന്മാർ നോക്കി നിൽക്കേ അവൻ അവരുടെ കാഴ്ചയ്ക്കു മറഞ്ഞു എന്നത് അതീവപ്രാധാന്യമർഹിക്കുന്നു. ലോകചരിത്രം മാറ്റി എഴുതപ്പെട്ട ഒരു സംഭവം എന്നു മാത്രമല്ല മനുഷ്യചരിത്രത്തിന് ഇന്നും മാറ്റം വരുത്തിക്കൊണ്ടിരിക്കുന്ന ഒരു സംഭവമെന്ന് നിസംശയം പറയാവുന്നതാണ്. യേശുക്രിസ്തുവിന്റെ ചില സവിശേഷ പാഠങ്ങൾ നമ്മെ പഠിപ്പിക്കുന്നു. സ്വർഗ്ഗാരോഹണം ഒന്നിച്ചുകൂടലിന്റെ ഒരനുഭവമാണ്. യേശുപിതാവായ ദൈവത്തിൽ നിന്നു വന്ന് ദൈവവുമായി ഐക്യപ്പെട്ട് ഭൂമിയിൽ ജീവിച്ച് മനുഷ്യകുലത്തെ ദൈവവുമായി രമ്യപ്പെടുത്തിയതിനുശേഷം ദൈവപിതാവിന്റെ അടുത്തേക്ക് തിരിച്ചുപോകുന്നതാണ് സ്വർഗ്ഗാരോഹണം. യേശുപിതാവുമായി ഒന്നായിരിക്കുന്നതുപോലെ നാമും ദൈവവുമായി ഒന്നായിത്തീരുവാൻ അവൻ നമ്മെ ക്ഷണിക്കുന്നു.

യേശുവിന്റെ മരണത്തിനുശേഷം നിരാശയാലും ഭയത്താലും പതറിപ്പോയ ശിഷ്യന്മാരെ ഒന്നിച്ചുകൂട്ടുന്നതിന് സ്വർഗ്ഗാരോഹണത്തിലൂടെ സാധിച്ചു. ഉത്ഥാനം പ്രദാനം ചെയ്ത ആ പ്രത്യാശ അതിന്റെ പൂർണ്ണതയിൽ അനുഭവവേദ്യമാകുന്നത് സ്വർഗ്ഗാരോഹണത്തിലാണ് ശിഷ്യന്മാർക്ക് കഷ്ടതകളും വെല്ലുവിളികളും ഏറ്റെടുക്കുന്നതിനും മരണത്തിന്റെ മുന്നിലും വിശ്വാസത്തിൽ ഉറച്ചു നിൽക്കുന്നതിനുമുള്ള ശക്തി ലഭിച്ചത് ക്രിസ്തുവിലുള്ള പ്രത്യാശയിലൂടെയായിരുന്നു. ഇവിടെയാണ് ഉത്ഥാനത്തിന്റെയും സ്വർഗ്ഗാരോഹണത്തിന്റെ പ്രത്യാശയുടെ സന്ദേശം പ്രസക്തമാകുന്നത്. ഈ പ്രതീക്ഷ ലോകത്തിനു നൽകുക എന്നതാണ് ക്രിസ്ത്യാനികളുടെ ദൗത്യം. ക്രിസ്തുവിലുള്ള പ്രത്യാശ നമ്മുടെ ജീവിതം ധന്യമാക്കുമെന്ന് വിശ്വസിച്ചുകൊണ്ട് പരിശുദ്ധാത്മാവിന്റെ ശക്തി നമ്മെ നയിക്കുമെന്നുള്ള ബോധ്യത്തോടുകൂടെ പ്രത്യാശഭരിതമായ ജീവിതം നയിക്കാം.

യേശുക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണം നമ്മെ പഠിപ്പിക്കുന്ന മറ്റൊരു വിശേഷപാഠം – മരണത്തിന്റെ അപ്പുറം നമ്മെ സ്വീകരിപ്പാൻ സ്നേഹിതനായ കർത്താവ് ഉണ്ട് എന്നുള്ളതാണ്. മരണത്തെ എല്ലാവർക്കും ഭയമാണ്. ആ ഭയം നല്ലതാണ്. അതു ദൈവംവച്ചിരിക്കുന്നതാണ്. മരണഭയമില്ലെങ്കിൽ അക്രമം വർദ്ധിക്കും. എന്നാൽ മരണത്തെ ഭയപ്പെടേണ്ടതില്ല. മരണസമയം വരുമ്പോൾ പ്രത്യാശയോടെ കടന്നുപോകുവാനുള്ള വഴിയാണ് സ്വർഗ്ഗാരോഹണം മൂലം കർത്താവ് തുറന്നിരിക്കുന്നത്. നമ്മെ സ്വീകരിപ്പാൻ യേശു കർത്താവ് സ്വർഗ്ഗീയ തുറമുഖത്ത് കാത്തിരിക്കുന്നു. കുഴിമാടത്തിലോ കല്ലറയിലോ മനുഷ്യജീവിതം അവസാനിക്കുന്നില്ല എന്നും തിരശ്ശീലക്കപ്പുറം മഹത്വജീവിതം ഉണ്ടെന്നും നമുക്കുറപ്പു ലഭിക്കുന്നു. സ്വർഗ്ഗാരോഹണ മലയായ ഒലിവു മലയുടെ പടിഞ്ഞാറുവശത്തായി ഗത്സീമോൻ താഴ്‌വരയെയും കിഴക്കുവശത്തായി ബഥാന്യയും സ്ഥിതിചെയ്യുന്നു. ഗത്സീമോൻ താഴ്‌വര പ്രാർത്ഥനയുടേയും ബഥാന്യ ദൈവീക സംസർഗ്ഗത്തിന്റേയും അനുഭവങ്ങൾ വിളിച്ചറിയിക്കുന്നു. ദൈവിക സംസർഗ്ഗത്തിന്റെയും പ്രാർത്ഥനയുടേയും മധ്യേയുള്ള ജീവിതം ദൈവികമഹത്വത്തിലേയ്ക്ക് മനുഷ്യനെ ഉയർത്തി ദൈവത്തോടൊപ്പം നിത്യം വസിക്കുന്നതിന് ഇടയാക്കി തീർക്കുന്നു.

വെള്ളവസ്ത്രം ധരിച്ച ദൂതൻമാർ ശിഷ്യന്മാരോട് അറിയിച്ചതുപോലെ കർത്താവ് സ്വർഗ്ഗാരോഹണം ചെയ്തപ്രകാരം ഭൂതലത്തെ ന്യായം വിധിപ്പാൻ വീണ്ടും വരും, അതിനാൽ ഈ കാലങ്ങളെ നാം അഗണ്യമായി കരുതാതെയുള്ള നമ്മുടെ ഐക്യത്തെ സുദൃഢമായി വിശുദ്ധിയിൽ നിന്ന് വിശുദ്ധിയിലേയ്ക്ക് കടന്ന് ക്രിസ്തുവിൽ കൂടി ദൈവരാജ്യത്തിന് പരിപൂർണ്ണ അവകാശികളായിത്തീരാം. “നിങ്ങൾ ഊർശ്ലേമിൽ നിന്നും വാങ്ങിപ്പോകാതെ എന്നോട് കേട്ട പിതാവിന്റെ വാഗ്ദത്തത്തിനായി കാത്തിരിക്കണം” എന്ന കല്പന അനുസരിച്ച് പരിശുദ്ധ ശ്ലീഹന്മാരും മറ്റ് വിശ്വാസികളും ഊർശ്ലേമിൽ സെഹിയോൻ മാളികയിൽ, ഇന്നത്തെ വിശുദ്ധ മർക്കോസിന്റെ ദയറായിൽ കൂടി “ഒരുമനപ്പെട്ട് പ്രാർത്ഥന കഴിച്ചുപോന്നു എന്നതിനെ അനുകരിച്ച് സ്വർഗ്ഗാരോഹണപെരുന്നാൾ മുതൽ പത്തുദിവസത്തേക്ക് ആത്മവിശുദ്ധിയോടുകൂടി വിശുദ്ധാത്മ നൽവരങ്ങളുടെ പുതുക്കത്തിനായി വിശുദ്ധ സഭാംഗങ്ങൾ ഏവരും വ്രതത്തോടെ കാത്തിരിക്കേണ്ടതാകുന്നു. ഈ കാലഘട്ടത്തിൽ നോമ്പുകാലങ്ങളിൽ എന്നതുപോലെതന്നെ വിവാഹകൂദാശ നടത്തുന്നതിന് തിരുസഭ അനുവദിച്ചിട്ടില്ലാത്തതാകുന്നു.

# പെന്തിക്കോസ്തിയും ജീവിത നവീകരണവും

ഫാ. മാത്യു കുരുവിള എരുത്തിപ്പാട്ട്

പെന്തിക്കോസ്തി പെരുന്നാൾ ആചരിക്കാൻ പരി. സഭയായി ഒരുങ്ങുന്ന ഈ സന്ദർഭത്തിൽ പഴയപുതിയ നിയമപശ്ചാത്തലത്തിൽ പെന്തിക്കോസ്തി പെരുന്നാൾ നൽകുന്ന സന്ദേശം എന്തെന്ന് ഒരു വിചിന്തനം നടത്തുന്നത് ഉചിതമെന്ന് വിചാരിക്കുന്നു.

**പെന്തിക്കോസ്തി പെരുന്നാൾ പഴയ നിയമ പശ്ചാത്തലത്തിൽ**

യഹൂദന്മാരുടെ മൂന്ന് പ്രധാന പെരുന്നാളുകൾ ആണ് പെസഹ, പെന്തിക്കോസ്തി, കൂടാരപ്പെരുന്നാൾ. ഇസ്രയേലിന്റെ പരിപാലനത്തിനും വിടുതലിനുമായി അവരുടെ ജീവിതയാത്രയിൽ ഇടപെട്ട് വഴിനടത്തിയ യഹോവയായ ദൈവത്തെ നന്ദിയോടെ സ്മരിക്കുന്നതിനെയാണ് ഈ പെരുന്നാളുകൾ തലമുറതലമുറയായി യഹൂദജനം ആചരിച്ചുവന്നത്. പെന്തിക്കോസ്തി എന്ന വാക്കിന്റെ അർത്ഥം അൻപതാമത്തെ എന്നാണ്. യഹൂദന്മാർ പെസഹ പെരുന്നാളിനുശേഷം അൻപതാമത്തെ ദിവസമാണ് പെന്തിക്കോസ്തി ആചരിച്ചിരുന്നത്. വിളവെടുപ്പ് പെരുന്നാൾ ആയിട്ടും പെന്തിക്കോസ്തി ആചരിച്ചിരുന്നു. ഹാർവെസ്റ്റ് ഫെസ്റ്റിവൽ, വാരപ്പെരുന്നാൾ എന്നീ പേരുകളിലും പെന്തിക്കോസ്തിപ്പെരുന്നാളിലും അറിയപ്പെട്ടിരുന്നു. (പുറ.23:16,34:22, സംഖ്യ.28:26). യഹൂദന്മാരെ സംബന്ധിച്ചിടത്തോളം സന്തോഷത്തിന്റെയും സ്തോത്രത്തിന്റെയും പെരുന്നാൾ ആയിട്ടാണ് പെന്തിക്കോസ്തി ആചരിച്ചിരുന്നത്. ദൈവം തങ്ങൾക്ക് നൽകുന്ന അനുഗ്രഹത്തെ നന്ദിയോടെ സ്മരിച്ച് വിളകളുടെ ആദ്യഫലം ദൈവത്തിനു സമർപ്പിക്കുന്ന നാളുകളാണ് പെന്തിക്കോസ്തി. ഭൗതിക നന്മകളും അനുഗ്രഹങ്ങളും ദൈവം നൽകുന്നതാണെന്നുള്ള അവബോധം നൽകുകയാണ് ഈ പെരുന്നാൾ ആചരണത്തിലൂടെ. അന്നും ഇന്നും എന്നും ഈ ബോധ്യത്തോടെ സ്തോത്രവഴിപാടുകൾ ദൈവത്തിന് അർപ്പിക്കുവാൻ ദൈവജനത്തിന് കഴിയണം. യേശുക്രിസ്തുവിന്റെ കാലഘട്ടത്തിൽ കൊയ്ത്തുപെരുന്നാൾ എന്നതിനേക്കാൾ ഉപരിയായി യഹോവയായ ദൈവം സീനായി പർവ്വതത്തിൽ മോശയിലൂടെ ന്യായപ്രമാണം നൽകിയതിന്റെ ഓർമ്മയായിട്ട് ആണ് യഹൂദന്മാർ ഈ പെരുന്നാൾ ആചരിച്ചിരുന്നത്.

**പെന്തിക്കോസ്തി പെരുന്നാൾ ക്രിസ്തീയസഭയിൽ**

പെന്തിക്കോസ്ത് നാളിൽ സെഹിയോൻ മാളികയിൽ കൂടിയിരുന്ന ശിഷ്യന്മാരിൽ പരിശുദ്ധാത്മാവ് ഇറങ്ങി വസിച്ച ദിവസം എന്നതിലാണ് പുതിയനിയമസഭ പെന്തിക്കോസ്തി പെരുന്നാളിന് പ്രാധാന്യം നൽകുന്നത്. പഴയനിയമ പെന്തിക്കോസ്തിയുടെ ഒരു നിറവേറൽ ആയി സെഹിയോൻ മാളികയിൽ ഉണ്ടായ സംഭവത്തെ മനസ്സിലാക്കാം. യഹോവയായ ദൈവം മോശയിലൂടെ ഇസ്രായേൽ ജനത്തിന് ന്യായപ്രമാണം നൽകിയതുപോലെ വചനമായ യേശുക്രിസ്തുവിലൂടെ തങ്ങൾക്ക് ലഭിച്ച പുതിയനിയമ കല്പന പരി. പത്രോസ്ശ്ലീഹാ പരിശുദ്ധാത്മ നിറവിൽ എഴുന്നേറ്റ് പ്രസംഗിച്ചപ്പോൾ 3000 പേർ മാനസാന്തരപ്പെട്ടു സഭയോട് ചേർന്നു (അപ്പോ.പ്രവ.2:41). യഥാർത്ഥത്തിൽ ഇത് ഒരു വിളവെടുപ്പ് അനുഭവമായി നമുക്ക് മനസ്സിലാക്കാം.

**പെന്തിക്കോസ്തി നവീകരണത്തിന്റെ പെരുന്നാൾ**

പരി. സഭയിൽ ഓരോ വർഷവും ഈ പെരുന്നാൾ ആചരിക്കുമ്പോൾ നമ്മുടെ ആത്മീയ നവീകരണത്തിനുള്ള അവസരമായി അതിനെ കാണുവാൻ കഴിയണം. അഗ്നിനാവുപോലെ ശിഷ്യന്മാരുടെമേൽ പരിശുദ്ധാത്മാവ് ആവസിച്ചതുപോലെ സഭയും പരിശുദ്ധാത്മ അഭിഷേകം പ്രാപിക്കണം. പെന്തിക്കോസ്തിയുടെ ശുശ്രൂഷയിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം സഭയിലും വിശ്വാസികളിലും ശക്തിപ്പെടുത്തുവാൻ പ്രത്യേകം പ്രാർത്ഥിക്കുന്നുണ്ട്. "നിന്റെ ശ്രേഷ്ഠമായ പെരുന്നാളിന്റെ ഈ സമയത്ത് ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു എപ്പോഴും നീ ഞങ്ങളിൽ വസിച്ചു വാക്കിലും പ്രവൃത്തിയിലും നടപടികളിലും ഉത്തമവും പൂർണ്ണവുമായ സകലപ്രവർത്തനങ്ങളിലും നിന്റെ ദൈവീക വ്യാപാരം സദാ ഞങ്ങളിൽ പ്രത്യക്ഷപ്പെടുത്തണം ". പെന്തിക്കോസ്തി പെരുന്നാൾ ശുശ്രൂഷയിൽ പിതാവ് പുത്രൻ പരിശുദ്ധാത്മാവ് എന്നിവരെ സംബോധന ചെയ്ത് നടത്തുന്ന മൂന്ന് ശുശ്രൂഷാനന്തരം വിശ്വാസികളുടെ മേൽ വെള്ളം തളിക്കുന്നത് നമ്മെ ശുദ്ധീകരിക്കുന്ന പരിശുദ്ധാത്മാവിന്റെ പ്രതീകമായിട്ടാണ്. പരിശുദ്ധാത്മാവിനെ അനുസരിച്ച് ജീവിക്കാനുള്ള ആഹ്വാനം ഈ പെരുന്നാൾ നൽകുന്നു. അപ്പോ.പ്രവൃ.1:4 ൽ യേശുക്രിസ്തു അപ്പസ്തോലന്മാരോടു പറയുന്നു നിങ്ങൾ യെരുശലേമിൽ നിന്ന് വാങ്ങിപ്പോകാതെ എന്നോട് കേട്ട പിതാവിന്റെ വാഗ്ദത്തത്തിനായി കാത്തിരിക്കണം. പിതാവ് നൽകിയ വാഗ്ദാനം പരിശുദ്ധാത്മാവെന്ന കാര്യസ്ഥനെ അയച്ചുതരും. അവ സകലവും നിങ്ങൾക്ക് ഉപദേശിച്ചു തരും (യോഹ.14:36). പരിശുദ്ധാത്മാവിന്റെ വരവിനെക്കുറിച്ചും പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും യേശുതമ്പുരാന്റെ ശിഷ്യന്മാരോട് പറഞ്ഞു അവരെ ശക്തിപ്പെടുത്തുന്നുണ്ട് (യോഹ.16:6-13) പരിശുദ്ധാത്മാവിൽ ഉള്ള വാസത്തിലൂടെ മാത്രമെ ഒരുവൻ സാക്ഷ്യ ജീവിതം നയിക്കാൻ സാധിക്കുകയുള്ളൂ. സാക്ഷയ് ജീവിതം നയിക്കുവാൻ വിളിക്കപ്പെട്ടവരാണ് ഓരോ ക്രിസ്ത്യാനിയും. യേശുക്രിസ്തു അപ്പോസ്തോലന്മാരോടു പറഞ്ഞു പരിശുദ്ധാത്മാവു നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾക്ക് ശക്തി ലഭിച്ചിട്ടു ജെറുശലേമിലും യഹൂദയിൽ എല്ലായിടത്തും ശമരിയായിലും ഭൂമിയുടെ അറ്റത്തോളം എന്റെ സാക്ഷികളും ആകും അപ്പോ.പ്രവൃ.1:8) ക്രിസ്തീയ സാക്ഷ്യ ജീവിതം നയിക്കാൻ വിളിക്കപ്പെട്ടവരാണ് നാം എന്ന ഓർമ്മപ്പെടുത്തൽ പെന്തിക്കോസ്തി പെരുന്നാൾ നൽകുന്നു. വിശുദ്ധിയോടെ നമ്മുടെ ആത്മശരീര മനസ്സുകളെ സൂക്ഷിപ്പാൻ കഴിയണം. ഓരോ ക്രിസ്ത്യാനിയും ദൈവത്തിന്റെ മന്ദിരമാണ്. 1കോരി. 3:16,17 ൽ പൗലോസ്ശ്ലീഹാ പറയുന്നു "നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും ദൈവത്തിന്റെ മന്ദിരം നശിപ്പിക്കുന്നതിനെ ദൈവം നശിപ്പിക്കുമെന്നും നിങ്ങൾ അറിയുന്നില്ലയോ. ദൈവത്തിന്റെ മന്ദിരം വിശുദ്ധമല്ലോ നിങ്ങളും അങ്ങനെ തന്നെ". പരിശുദ്ധാത്മ നിറവ് എന്നു പറയുമ്പോൾ ചിലർ തെറ്റിദ്ധരിപ്പിക്കുന്നതുപോലെ വൈകാരിക ബഹളമോ അനുഭൂതിയോ അല്ല. പൗലോസ്ശ്ലീഹാ ഗലാത്യർക്ക് എഴുതിയ ലേഖനം അഞ്ചാം അദ്ധ്യായത്തിൽ പറയുന്നു ജഡത്തിന്റെ പ്രവർത്തികൾ ഏതൊക്കെ, ആത്മാവിന്റെ ഫലങ്ങൾ എന്തൊക്കെയാണ്. "ആത്മാവിന്റെ ഫലങ്ങളോ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം" (ഗലാത്യ.5:22). പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ നമ്മുടെ ജീവിത യാത്ര സഫലമാക്കട്ടെ.



# മലർവാടിക്കൂട്ടം

ഒരു തോട്ടക്കാരന്റെ കീഴിലാണ് കഴുത ആദ്യ മായി ജോലിക്കു ചേർന്നത്. തോട്ടക്കാരൻ ക്രൂര നാണെന്നും, തനിക്ക് ഭാരിച്ച ജോലികൾ നൽകു ന്നുവെന്നും അതിനു തോന്നി.

പ്രഭോ എനിക്ക് ഒരു പുതിയ യജമാനനെ നൽകാൻ കനിവുണ്ടാകണമേ എന്ന് ജൂപ്പിറ്റർ ദേവനോട് അപേക്ഷിച്ചു. ജൂപ്പിറ്റർ ദേവൻ കുപി തനായി കഴുതയെ ഒരു കുശവന്റെ അടിമയാക്കി. തോട്ടക്കാരൻ നൽകിയതിനേക്കാൾ ഭാരിച്ച ജോലി കളാണ് അയാൾ കഴുതയെക്കൊണ്ട് ചെയ്യിച്ചത്.

വീണ്ടും കഴുത ജൂപ്പിറ്റർ ദേവനോട് പരാതി ബോധിപ്പിച്ചു. ദേവൻ ഒരു ചെരുപ്പുകുത്തിയെ യജ മാനനായി നൽകി.

പക്ഷെ അധികദിവസം വേണ്ടിവന്നില്ല മറ്റ് രണ്ട് യജമാനന്മാരെക്കാൾ ക്രൂരനാണ് ചെരുപ്പു കുത്തി എന്ന് കഴുത അനുഭവത്തിലൂടെ തിരിച്ച റിഞ്ഞു. ഭാരിച്ച ജോലിയും ശാരീരിക പീഢനങ്ങ ളും കൊണ്ട് അതിന് പൊറുതിമുട്ടി.

എന്നോളം ഭാഗ്യഹീനനായി ആരെങ്കിലും കാണുമോ? ഒരിക്കൽ കഴുത സ്വയം ചോദിച്ചുപോ യി. എനിക്ക് ആദ്യത്തെയോ, രണ്ടാമത്തേയോ യജമാനന്റെ അടുക്കൽ ഉള്ളതുകൊണ്ട് തൃപ്തി പ്പെട്ടു കഴിഞ്ഞാൽ മതിയായിരുന്നു. ഈ മനു ഷ്യൻ ഞാൻ ജീവിച്ചിരിക്കെ ജോലിയെടുപ്പിച്ചു എല്ലൊടിക്കുമെന്നു മാത്രമല്ല മരിച്ചാൽ തോലൂരി ചെരുപ്പുണ്ടാക്കുക കൂടി ചെയ്യും.

ഉള്ളതുകൊണ്ട് തൃപ്തിപ്പെടുകയാണ് ബുദ്ധി. കിട്ടിയതിനെ ഉപേക്ഷിച്ച് മെച്ചമായവ തേടിപ്പോയാൽ പിന്നീടു കിട്ടുന്നത് ആദ്യത്തേതി നേക്കാൾ മോശമായിരിക്കും.

സസ്നേഹം
**കൊച്ചേട്ടൻ**



## ബാലദീപം ക്വിസ്

**റ്റി. ജെ. ജേക്കബ് തുണ്ടിയിൽ**

1. ശവസംസ്ക്കാരത്തിനായി മൃതശരീരം വി. ദേവാല യത്തിലേയ്ക്ക് കൊണ്ടുപോകുന്ന യാത്രയ്ക്കു പറ യുന്ന പേരെന്ത്?
2. "സുവിശേഷത്തിന്റെ ശനിയാഴ്ച" അഥവ "ഉപവാ സമുള്ള ശനിയാഴ്ച" എന്നറിയപ്പെടുന്ന ദിവസം ഏത്?
3. ഓശാന ഞായറാഴ്ചയുള്ള പ്രത്യേക ശുശ്രൂഷ എന്ത്?
4. കാഴ്ച പ്രാപിച്ച കുരുടനായ ബർത്തീമായി ആരുടെ മകനായിരുന്നു?
5. കടലിന്റെ അതിര് ഏത്?
6. യിരെമ്യാ പ്രവാചകനെ അടിച്ച പുരോഹിതൻ ആര്?
17. ഒടിഞ്ഞുപോകാത്തതായ രണ്ടു ലോഹങ്ങൾ ഏതെല്ലാം?
18. ദൈവം മനുഷ്യരിൽ അന്വേഷിക്കുന്നതായ ഒരു രഹസ്യം എന്താകുന്നു?
19. മരുഭൂമിയിൽ കാട്ടുമൃഗങ്ങളോടുകൂടി പാർത്തവൻ ആരാകുന്നു?
10. യേശുക്രിസ്തു ആദ്യമായി സുവിശേഷം പ്രസംഗി ച്ചത് എവിടെയാകുന്നു?

**ഏപ്രിൽ ഉത്തരങ്ങൾ**

1. വി. മർക്കോസ് (1: 2-3)
2. യഹൂദാജനത്തിന്റെ (യിരെ:17:1)
3. മാൻപേട (യിരെ: 14:5)
4. നാല് ശുശ്രൂഷകൾ
5. രഹസ്യപ്രാർത്ഥന
6. "കർത്താവിനെ സ്തോത്രം ചെയ്യുന്നതും......."
7. യഹൂദയുടെ പാപം (യിരെ: 17:1)
8. യിരെമ്യാവ് (15:16)
9. സെബദിമക്കൾക്ക് (മർക്കോസ് 3:17)
10. ശുദ്ധമുള്ള നോമ്പ്



# വിശ്വേശ്വരയ്യ
# ഇൻഡ്യയുടെ എൻജിനീയർ

**എബി**

മൈസൂറിലെ കൃഷ്ണരാജസാഗർ അണക്കെട്ടും, അതിനോടുചേർന്നുകിടക്കുന്ന വൃന്ദാവൻ ഗാർഡനും മാത്രം മതി മൈസൂറിന്റെ രാജശില്പിയായ മോക്ഷഗുണ്ടം വിശ്വേശ്വരയ്യയെ ഓർക്കാൻ. അസാധാരണമായ വൈഭവഗുണമുള്ള എൻജിനീയർ, കഴിവുറ്റ ഭരണാധികാരി, ദീർഘവീക്ഷണമുള്ള രാഷ്ട്രതന്ത്രജ്ഞൻ എന്നിങ്ങനെ ഒട്ടേറെ വിശേഷണങ്ങൾക്ക് അദ്ദേഹം അർഹനായി. മൈസൂർ രാജ്യത്തിന്റെ ദിവാൻ പദവിവരെ അലങ്കരിച്ച വിശ്വേശ്വരയ്യയുടെ കൈയ്യൊപ്പു പതിഞ്ഞ ഒട്ടേറെ സ്ഥാപനങ്ങൾ ഇന്നും മികവിന്റെ പ്രതീകങ്ങളായി നിലനിൽക്കുന്നു.

1861 സെപ്തംബർ 15 ന് കർണ്ണാടകയിലെ കോളാർ ജില്ലയിൽ മുദ്ദനഹള്ളിഗ്രാമത്തിലെ ഒരു ബ്രാഹ്മണ കുടുംബത്തിലായിരുന്നു വിശ്വേശ്വരയ്യയുടെ ജനനം. അച്ഛൻ ശ്രീനിവാസശാസ്ത്രി സംസ്കൃത പണ്ഡിതനും ആയുർവേദചികിത്സകനുമായിരുന്നു. അമ്മയുടെ പേര് വെങ്കടലക്ഷമ്മ. 15-ാം വയസ്സിൽ പിതാവിന്റെ മരണത്തെത്തുടർന്ന് കുടുംബത്തിന്റെ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാൻ നിർബന്ധിതനായി. കുട്ടികൾക്ക് ട്യൂഷനെടുത്താണ് പഠനത്തിനുള്ള പണം കണ്ടെത്തിയത്.



കോളാറിലെ ചിക്കബെല്ലാപൂർ ടൗണിലായിരുന്നു സ്കൂൾ വിദ്യാഭ്യാസം. 1880 ൽ B.A. പാസ്സായി. 1883 ൽ പൂനെ കോളജ് ഓഫ് സയൻസിൽ നിന്ന് ഒന്നാം റാങ്കോടെ സിവിൽ എൻജിനീയറിംഗ് ബിരുദം കരസ്ഥമാക്കി. പഠനകാലത്തുതന്നെ പ്രശസ്തമായ 'ജെയിംസ് ബർക്കിലി' മെഡൽ നേടുകയും ചെയ്തു. 1884 ൽ ബോംബെ സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ അസിസ്റ്റന്റ് എൻജിനിയറായി ഔദ്യോഗിക ജീവിതം ആരംഭിച്ചു. ആ കാലത്ത് ഒരു ഇൻഡ്യൻ എൻജിനീയർക്ക് ലഭിക്കാവുന്ന ഏറ്റവും ഉന്നതപദവിയായ സൂപ്രണ്ടിംഗ് എൻജിനിയർ പദവിവരെയെത്തി.

സിന്ധുനദിയിൽ നിന്നുള്ള ജലം സുക്കൂർപട്ടണത്തിൽ (ഇപ്പോൾ പാക്കിസ്ഥാനിൽ) വിതരണം ചെയ്യുന്നതിനുള്ള സുപ്രധാനപദ്ധതിക്കു രൂപം നൽകി. അതിനുശേഷം സൂററ്റിലെ ജലസേചന സൗകര്യങ്ങളുടെ സംവിധാനം ഒരുക്കാൻ നിയോഗിക്കപ്പെട്ടു. അതോടെ വിശ്വേശ്വരയ്യ എന്ന മിടുക്കനായ എൻജിനിയറുടെ പ്രൊഫഷണൽ വൈഭവം ഉറപ്പിക്കപ്പെട്ടു. കോലാപ്പൂരിലെ മണ്ണുകൊണ്ടുള്ള അണക്കെട്ടിന് ചോർച്ച സംഭവിച്ചപ്പോൾ അതിന് സുരക്ഷിതമായ പരിഹാരം കണ്ടെത്തി ഏദൻ പോർട്ടിലെ ബ്രിട്ടീഷ് ഗവൺമെന്റിന്റെ സൈനിക അധിവാസകേന്ദ്രത്തിലെ കുടിവെള്ള വിതരണവും അതോടൊപ്പം ഭൂഗർഭ മലിന ജലനിർമ്മാണത്തിനുള്ള പദ്ധതികളും വിജയകരമായി നടപ്പിലാക്കി. ഇത് ദിവാന്റെ പ്രത്യേക പ്രശംസയ്ക്ക് കാരണമായി.

1908 ൽ 47-ാം വയസ്സിൽ വിശ്വേശ്വരയ്യ ഔദ്യോഗിക പദവിയിൽ നിന്നും സ്വയം വിരമിച്ചു. അതിനുശേഷം യൂറോപ്പിൽ പര്യടനം നടത്തി വിവിധ പദ്ധതികളുടെ പ്രായോഗിക തലങ്ങൾ കൂടുതൽ മനസ്സിലാക്കി. തിരികെ വരുമ്പോൾ അദ്ദേഹം പറഞ്ഞു: "Industrialise or Perish".

1909 ൽ മൈസൂർ മഹാരാജാവ് വിശ്വേശ്വരയ്യയെ ചീഫ് എൻജിനിയറായി നിയമിച്ചു. അങ്ങനെ അദ്ദേഹം കൃഷ്ണരാജസാഗർ ഡാമിന്റെ ശില്പിയായി. അതിനോടനുബന്ധിച്ച് 2.8 കി.മീ. നീളമുള്ള തുരങ്കവും നിർമ്മിച്ചു. പണി പൂർത്തിയാകുമ്പോൾ ഇൻഡ്യയിലെ അന്നുള്ളതിൽ വച്ചേറ്റവും വലിയ അണകെട്ടായിരുന്നു അത്. ചേർന്നുള്ള വൃന്ദാവൻ ഗാർഡൻ ഇന്നും സഞ്ചാരികൾക്ക് ഹരമാണ്.

മൈസൂർ മഹാരാജാവ് അദ്ദേഹത്തെ ദിവാനാക്കി നിയമിക്കുമ്പോൾ അദ്ദേഹം ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും ഒരു വിരുന്നു നൽകി. സ്വാർത്ഥ താല്പര്യങ്ങൾക്കായി തന്നെ ആരും സമീപിക്കില്ലെന്ന് ഉറപ്പു നേടിയതിനുശേഷം മാത്രമാണ് വിശ്വേശ്വരയ്യ ദിവാൻ പദവി സ്വീകരിച്ചത്. നവീന ആശയങ്ങൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുകവഴി സർക്കാർ വകുപ്പുകളിലും ഉദ്യോഗസ്ഥരിലും അച്ചടക്കവും കാര്യക്ഷമതയും വർദ്ധിപ്പിക്കാൻ കഴിഞ്ഞു.

മൈസൂർ യൂണിവേഴ്സിറ്റി, ബാംഗ്ലൂരിൽ എൻജിനീയറിംഗ് കോളജ്, ചന്ദനതൈല ഫാക്ടറി, ഭദ്രാവതിയിലെ ഇരുമ്പ് ഉരുക്കുഫാക്ടറി, വിവിധ റെയിൽ പാതകൾ തുടങ്ങി വൈവിധ്യമാർന്ന സംരംഭങ്ങൾക്ക് അദ്ദേഹം തുടക്കം കുറിച്ചു. വ്യോമയാനരംഗത്തും ഒരു ഫാക്ടറി സ്ഥാപിച്ചു. പിൽക്കാലത്ത് അത് H.A.L. ന്റെ ഭാഗമായി

Constructing India, Planed Economy for India Rural Industrialation മുതലായ ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചു. ഇവ പ്രധാനമന്ത്രി നെഹ്റുവിന് സ്വാതന്ത്ര്യാനന്തര ഭാരതം കെട്ടിപ്പടുക്കുന്നതിൽ അങ്ങേയറ്റം മാർഗ്ഗദർശകങ്ങളായി. ആധുനിക ഇൻഡ്യ കണ്ട ഏറ്റവും മിടുക്കൻ എൻജിനിയറായ വിശ്വേശ്വരയ്യയുടെ ജന്മദിനമായ സെപ്തംബർ 15 എൻജിനിയേഴ്സ് ദിനമായി ആചരിക്കുന്നു. 1955-ൽ രാജ്യം അദ്ദേഹത്തെ ഭാരതരത്നം നൽകി ആദരിച്ചു. അദ്ദേഹത്തിന്റെ100-ാം വയസ്സിൽ തപാൽ സ്റ്റാമ്പും പുറത്തിറക്കി. അദ്ദേഹത്തിന്റെ സ്മാരക സ്ഥാപനങ്ങളിലൊന്നാണ് ബാംഗ്ലൂരിലെ പ്രസിദ്ധമായ വിശ്വേശ്വരയ്യാ മ്യൂസിയം. പ്രഗൽഭനായ എൻജിനിയർ മാത്രമല്ല മികച്ച ഭരണാധികാരി, സാമ്പത്തിക വിദഗ്ദ്ധൻ, സാമൂഹിക പ്രവർത്തകൻ എന്നിങ്ങനെ ഒരു ബഹുമുഖപ്രതിഭയായിരുന്നു അദ്ദേഹം. 101 വർഷവും ആറു മാസവും നീണ്ട ജീവിതകാലം 1962 ഏപ്രിൽ 12 ന് അവസാനിച്ചു. മുദ്ദനഹള്ളിയിൽ അദ്ദേഹത്തെ സംസ്ക്കരിച്ചു. ആധുനിക ഇൻഡ്യയിലെ എൻജിനിയർ ജീനിയസ്സായ വിശ്വേശ്വരയ്യയുടെ നിസ്തുല സേവനങ്ങൾ രാജ്യം ഇന്നും സ്മരിക്കുന്നു.

# എപ്പോഴും സന്തോഷിക്കുവിൻ

**ഫാ. സിജിൽ ജോസ് വിലങ്ങൻപാറ**

വിശുദ്ധനായ പൗലോസ്ശ്ലീഹാ നമ്മെ ഓർ മ്മപ്പെടുത്തുന്നു. "നിങ്ങൾ എപ്പോഴും നമ്മുടെ കർത്താവിൽ സന്തോഷിക്കുവിൻ. ഞാൻ വീണ്ടും പറയുന്നു, നിങ്ങൾ സന്തോഷിക്കുവിൻ." ഫിലി. 4:4).

ആഹ്ലാദവും സന്തോഷവും നിറഞ്ഞ ഒരു ജീവിതം എല്ലാവരുടെയും ആഗ്രഹവും സ്വപ്നവുമാണ്. ഈ ആഗ്രഹത്തിന്റെ പൂർത്തീകരണത്തിനാണ് പലരും ഭൗതികനേട്ടങ്ങൾ വാരിക്കൂട്ടാനും ആവോളമാസ്വദിക്കാനും വെമ്പൽ കൊള്ളുന്നത്. ജീവിത വ്യഗ്രതകൾക്കിടയിൽ ജീവിക്കാൻ തന്നെ മറന്നുപോകുന്നവരുണ്ട്. സമ്പത്തും, അധികാരവും, പ്രശസ്തിയുമൊക്കെ സന്തോഷത്തിന്റെ മാനദണ്ഡങ്ങളായി പലരും കരുതുന്നു.

1945 ഏപ്രിൽ 30 ന് ആയിരുന്നു ലോകം നടുക്കത്തോടെ ഇന്നും ഓർക്കുന്ന ആ സംഭവം. ലോകത്തെ വിറപ്പിച്ച അഡോൾഫ് ഹിറ്റ്ലറും ഭാര്യ ഈവാ ബ്രൗണും ആത്മഹത്യ ചെയ്തത് അന്നായിരുന്നു. സർവ്വീസ് പിസ്റ്റൾ വായിൽ വച്ചു നിറയൊഴിച്ച് ജീവനൊടുക്കിയ ഹിറ്റ്ലറുടെ ജീവിതം എന്നുമൊരു സമസ്യയായിരുന്നു. ഒന്നുമില്ലായ്മയിൽ നിന്ന് അധികാരത്തിന്റെയും പ്രതാപത്തിന്റെയും അത്യുച്ച കോടിയിലെത്തി ലോകത്തെ കിടുകിടാ വിറപ്പിച്ച ഹിറ്റ്ലർക്ക് അതേ ലാഘവത്തോടെ സ്വന്തം ജീവിതത്തെ നേരിടുവാൻ കഴിഞ്ഞില്ല അനേകരുടെ സന്തോഷം കാറ്റിൽ പറത്തിക്കൊണ്ട് സ്വപ്നം കണ്ടതെല്ലാം കാൽച്ചുവട്ടിലെത്തിച്ച, മനുഷ്യരെ കൊന്നു രസിച്ച ഹിറ്റ്ലർക്ക് സന്തോഷത്തെ മാത്രം സ്വന്തമാക്കുവാൻ സാധിച്ചില്ല.

ഒരു കാലത്ത് ഹോളിവുഡിലെ സ്വപ്ന നായിക യായിരുന്നു. മെർലിൻ മൺറോ പ്രശസ്തിയും, പണവും അധികാരവും, ആരാധകരും. സൗന്ദര്യവും എല്ലാം അവർക്ക് സമ്പത്തായി ഉണ്ടായിരുന്നു. അമേരിക്കൻ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ജോൺ എഫ്. കെന്നഡിയുടെ വിജയത്തിൽപോലും ഇവർക്കുണ്ടായിരുന്നു. നിർണ്ണായക സ്വാധീനം ഇവർ കെന്നഡിക്കുവേണ്ടി ഇലക്ഷൻ പ്രചരണത്തി നിറങ്ങിയത് അദ്ദേഹത്തിന്റെ വിജയത്തിനു പ്രധാന കാരണമായി പാശ്ചാത്യ ലോകത്ത് വ്യക്തമായ സ്വാധീനം ഈ സിനിമാനടിക്കുണ്ടായിരുന്നു. അങ്ങനെ പ്രശസ്തിയുടെ കൊടുമുടിയിൽ നിൽക്കുമ്പോൾ 32-ാം വയസ്സിൽ ലോകത്തെ ദുഃഖത്തിലാഴ്ത്തി ഇവർ ആത്മഹത്യ ചെയ്തു. അവരുടെ ആത്മഹത്യകുറിപ്പിൽ അവർ ഇങ്ങനെ എഴുതി വെച്ചിരുന്നു.



"എനിക്ക് ലോകത്തിന്റെ എല്ലാ സുഖവും ഉണ്ടായിരുന്നു. എന്നാൽ ഒന്നു മാത്രം എനിക്കുണ്ടായിരുന്നില്ല ഹൃദയത്തിൽ സന്തോഷം. ആ സന്തോഷം തേടി സമാധാനം തേടി ഞാൻ ഈ ലോകത്തിൽനിന്ന് വിട പറയുന്നു.

ലോകത്തിന്റെ പണത്തിനോ, അധികാരത്തിനോ, പ്രശസ്തിക്കൊന്നും തന്നെ അവർക്ക് യഥാർത്ഥ സന്തോഷം നൽകുവാൻ സാധിച്ചില്ല.

തിരുവചനം സന്തോഷവാനായ ഒരു മനുഷ്യനെ നമുക്ക് പരിചയപ്പെടുത്തുന്നുണ്ട്. മറ്റാരുമല്ല മഹാനായ ദാവീദ് രാജാവ് തന്നെ. കർത്താവിന്റെ പേടകം അദ്ദേഹത്തിന്റെ നഗരത്തിലേക്കു വരുമ്പോൾ ചണനൂൽ കൊണ്ടുള്ള അരക്കച്ചമാത്രം ധരിച്ച് സ്വന്തം നിലയും വിലയുമെല്ലാം മറന്ന് സർവ്വശക്തിയോടും കൂടെ സന്തോഷിച്ചാർപ്പു വിളിച്ച് നൃത്തം ചെയ്ത ദാവീദിന് ഉള്ളു നിറയെ സന്തോഷമായിരുന്നു. സ്വന്തം സന്തോഷത്തിന്റെ രഹസ്യം ദാവീദ് വെളിപ്പെടുത്തുന്നതിങ്ങനെയാണ്. "ഞാൻ കർത്താവിനെ എപ്പോഴും കൺമുമ്പിൽ ദർശിച്ചിരുന്നു ഞാൻ പതറിപ്പോകാതിരിക്കാൻ അവിടുന്ന് എന്റെ വലത്തുവശത്തുണ്ട്. എന്റെ ഹൃദയം സന്തോഷിച്ചു. എന്റെ നാവു സ്തോത്രമാലപിച്ചു. എന്റെ ശരീരം പ്രത്യാശയിൽ നി വസിക്കും എന്തെന്നാൽ എന്റെ ആത്മാവിനെ അവിടുന്ന് പാതാളത്തിൽ ഉപേക്ഷിക്കുകയില്ല." (അ.പ്ര 2:25,26).

ആഴമായ വിശ്വാസവും ദൈവാശ്രയബോധവും ദാവീദിന് നൽകിയത് ഹൃദയം നിറഞ്ഞ ആനന്ദവും പ്രത്യാശയുമാണ്.

**"സ്നേഹിതാ, ധൈര്യമവലംബിക്കുക നിങ്ങളുടെ ചുമതല നിർവ്വഹിക്കുവാൻ നിങ്ങൾ സങ്കോചം വിചാരിക്കേണ്ട എന്റെ കഴുത്തു വളരെ നീളം കുറഞ്ഞതാണ്. അതിനാൽ നിങ്ങൾക്ക് അപകീർത്തി വരാതിരിക്കണമെങ്കിൽ ലക്ഷ്യം പിഴയ്ക്കാതിരിക്കുവാൻ സൂക്ഷിച്ചു കൊള്ളണം".**

ലോകത്തിന്റെ പണവും, പ്രതാപവും അധികാരവും, പ്രശസ്തിയുമെല്ലാം നമുക്ക് സുഖം നൽകിയേക്കാം എന്നാൽ യഥാർത്ഥ സന്തോഷം നൽകില്ല. സന്തോഷം ലഭിക്കണമെങ്കിൽ ദാവിദിനെപ്പോലെ ദൈവാത്മാവിനാൽ നിറയണം. സങ്കീർത്തകൻ എഴുതി."അങ്ങയിൽ ശരണം പ്രാപിക്കുന്നവർ സന്തോഷിക്കട്ടെ. അവർ എന്നും ആനന്ദ ഭരിതരായി സംഗീതമാലപിക്കട്ടെ."! (സങ്കീ.5:11).

ബ്രിട്ടന്റെ ഭരണാധികാരിയായിരുന്നു വി. തോമസ് മൂർ പരമാധികാരിയായിരുന്നു രാജാവിന്റെ തെറ്റായ നയങ്ങളെ അനുകൂലിക്കാത്തതിനാൽ അദ്ദേഹത്തിന് വധശിക്ഷ ഏൽക്കേണ്ടിവന്നു ക്രിസ്തുവിന്റെ സന്തോഷം അദ്ദേഹത്തിലുണ്ടാരുന്നതിനാൽ മരണ സമയത്തുപോലും ഫലിതങ്ങൾ പറയുവാൻ അദ്ദേഹത്തിന് സാധിച്ചു. വധ സ്ഥലത്തേക്കുകയറുവാനുള്ള ഗോവണി ഉറപ്പില്ലാത്തതാണെന്നു കണ്ട് അദ്ദേഹം കൂടെയുണ്ടായിരുന്നു ഉദ്യോഗസ്ഥരോടു പറഞ്ഞു "മുകളിലേക്ക് കയറുവാൻ എന്നെ സഹായിക്കുക. താഴോട്ടു വരുന്ന കാര്യം ഞാൻ തന്നെ നോക്കിക്കൊള്ളാം" വധശിക്ഷയുടെ സമയമായപ്പോൾ അല്പനേരം മുട്ടുകുത്തി നിന്നു പ്രാർത്ഥിച്ചതിനുശേഷം ആരാച്ചാരെ ചുംബിച്ചുകൊണ്ടു വിശുദ്ധൻ പറഞ്ഞു.

"സ്നേഹിതാ, ധൈര്യമവലംബിക്കുക നിങ്ങളുടെ ചുമതല നിർവ്വഹിക്കുവാൻ നിങ്ങൾ സങ്കോചം വിചാരിക്കേണ്ട എന്റെ കഴുത്തു വളരെ നീളം കുറഞ്ഞതാണ്. അതിനാൽ നിങ്ങൾക്ക് അപകീർത്തി വരാതിരിക്കണമെങ്കിൽ ലക്ഷ്യം പിഴയ്ക്കാതിരിക്കുവാൻ സൂക്ഷിച്ചു കൊള്ളണം". അനന്തരം വധ മണ്ഡപത്തിൽ നിവർന്ന് കിടന്ന് താടിമീശ ഒരു വശത്തേക്കു മാറ്റിപ്പിടിച്ചുകൊണ്ടു പറയുകയാണ്.

"എന്റെ താടിമീശ ഒരപരാധവും പ്രവർത്തിച്ചിട്ടില്ല. അതിനാൽ അതു ഛേദിക്കപ്പെടാതിരിക്കട്ടെ". യേശുവിൽ വസിക്കുന്നവർക്ക് പീഡനങ്ങൾ പോലും സന്തോഷകരമായ അനുഭവമാണ്. മനുഷ്യനെ മനസ്സിലാക്കുവാൻവേണ്ടി ജീവിതം തന്നെ മാറ്റിവച്ചവരാണ് ഭാരതീയ ഋഷിവര്യന്മാർ. അവർ കണ്ടെത്തിയത് മനുഷ്യൻ ഒരു ആധ്യാത്മിക ജീവിയാണെന്ന് മഹാരഹസ്യമായിരുന്നു. ഭക്ഷണം, പ്രജനനം, വിശ്രമം ഇവയിൽ കവിഞ്ഞ ആഗ്രഹങ്ങളൊന്നും മൃഗങ്ങൾക്കില്ല. എന്നാൽ മനുഷ്യന് ഭൗതികമായ ഒന്നും സംതൃപ്തി നൽകുകയില്ല. എന്നു മാത്രമല്ല മനുഷ്യ മനസ്സിൽ ദൈവത്തിനായുള്ള ഒരു ദാഹം എപ്പോഴുമുണ്ടാകും. സങ്കീർത്തകൻ വെളിപ്പെടുത്തുന്നു. "നീർച്ചാൽ തേടുന്ന മാൻപേടയപ്പോലെ ദൈവമെ എന്റെ ഹൃദയം അങ്ങയെ തേടുന്നു. എന്റെ ഹൃദയം ദൈവത്തിനായി ദാഹിക്കുന്നു. ജീവിക്കുന്ന ദൈവത്തിനു വേണ്ടി തന്നെ" (സങ്കീ.42:1-2).

മനുഷ്യന്റെ ആന്തരികദാഹം പൂർത്തീകരി ക്കപ്പെടുമ്പോൾ അവനിലെ ആദ്ധ്യാത്മിക വിരസത വിട്ടകലും അപ്പോഴുണ്ടാകുന്ന ആത്മീയ ഉണർവ്വ് അവനെ സന്തോഷത്തിലേക്ക് നയിക്കും.

**ഉപസംഹാരം**

പ്രിയമുള്ളവരെ കോവിഡ്-19 എന്ന സാംക്രമിക പീഡയാൽ ലോകം മുഴുവനും ദുരിതത്തിലായിരിക്കുന്നു. തന്മൂലം അനേകം മനുഷ്യഹൃദയങ്ങളിൽ നിരാശയും, ഭയവും, ഭാവിയെക്കുറിച്ചുള്ള ആകുലതകളും പിടി മുറുക്കിയിരിക്കുന്നു. ഇപ്പോൾ നമുക്കാവശ്യം ദൈവത്തിലുള്ള അടിയുറച്ച വിശ്വാസവും പ്രത്യാശയുമാണ്. സങ്കീർത്തകൻ ചോദിക്കുന്നു; "എന്റെ ആത്മാവേ നീ എന്തിനു വിഷാദിക്കുന്നു. നീ എന്തിനു നെടുവീർപ്പിടുന്നു? ദൈവത്തിൽ പ്രത്യാശവയ്ക്കുക" (സങ്കീ. 42:11) ദൈവത്തിലുള്ള പ്രത്യാശ കഷ്ടപ്പാടിലും, പ്രതികൂല സാഹചര്യങ്ങളിലും നമ്മുടെ ഹൃദയത്തിൽ സന്തോഷം നൽകും. ഓർക്കുക ദൈവം ഒരിക്കലും നിന്നെ കൈവിടുകയോ ഉപേക്ഷിക്കുകയോ ഇല്ല.

പത്രോസ് ശ്ലീഹായുടെ സ്നേഹമുള്ള വാക്കുകൾ നമുക്ക് ഓർക്കാം "നിങ്ങളുടെ ഉത്കണ്ഠകളെല്ലാം കർത്താവിനെ ഏല്പിക്കുവിൻ. അവിടുന്ന് നിങ്ങളുടെ കാര്യത്തിൽ ശ്രദ്ധാലുവാണ്. നിങ്ങൾ സമചിത്തതയോടെ ഉണർന്നിരിക്കുവിൻ" (1.പത്രോ.5:6-7).

●

പ്രിയരെ,

ക്നാനായദീപം പ്രിന്റു ചെയ്യുന്ന ദൈനം ദിന ചിലവുകൾ വർദ്ധിക്കുന്നതിനാൽ 2020 ജനുവരി ഒന്നുമുതൽ ക്നാനായ ദീപത്തിന്റെ വരിസംഖ്യയും, പരസ്യചാർജുകളും ചെറിയതോതിൽ വർദ്ധിപ്പിക്കുകയാണ്. പുതുക്കിയ പരസ്യനിരക്കുകൾ ചുവടെ ചേർക്കുന്നു.

## ക്നാനായദീപം വരിസംഖ്യ

| | |
|---|---|
| ഒരുവർഷം | Rs. 150/- |
| പത്തുവർഷം | Rs. 1500/ |
| വിദേശത്തേയ്ക്ക് (ഒരു വർഷം) | Rs. 3000/ |
| **പരസ്യനിരക്ക്** | |
| ഉപകാരസ്മരണ | Rs. 350/ |
| പേര് മാത്രം | Rs. 200/ |
| മാട്രിമോണിയൽ | Rs. 600/ |
| **ബ്ലായ്ക്ക് & വൈറ്റ്** | |
| ചരമം (ചെറിയ കോളം) | Rs. 850/ |
| കാൽപേജ് | Rs. 1700/ |
| അരപേജ് | Rs. 3500/ |
| ഫുൾപേജ് | Rs. 5000/ |
| **കളർ പരസ്യനിരക്ക്** | |
| കാൽപേജ് | Rs. 4000/ |
| അരപേജ് | Rs. 6500/ |
| ഫുൾപേജ് | Rs. 10000/ |
| കവർ ഇൻസൈഡ് | Rs. 12500/ |
| ബായ്ക്ക് കവർ | Rs. 15000/ |

**മാനേജിംഗ് എഡിറ്റർ**



# കൊറോണക്കാലവും വീട്ടിലെ വിദ്യാഭ്യാസവും

**അനിൽബോസ്. എ. (അക്രഡിറ്റഡ് ട്രയിനർ)**
**ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് കേരള സർക്കാർ, തിരുവനന്തപുരം**

മുൻകൂട്ടി പ്രതീക്ഷിക്കാത്ത ദുരന്തങ്ങൾ. ചിലപ്പോൾ അറിയാതെ തന്നെ സങ്കൽപ്പിക്കാനാകാത്ത സാഹചര്യങ്ങൾ വന്നുചേരുന്നു. ഇന്ന് മനുഷ്യജീവിതം കൊറോണ വൈറസിന്റെ സ്വാധീനത്തിൽ കിതച്ചുകൊണ്ടിരിക്കുന്നു.

ആഗോളതലത്തിൽ 300 ദശലക്ഷം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം തടസ്സപ്പെട്ടു. പക്ഷേ ഇതിന്റെ മറ്റൊരു വശം ലോകമെമ്പാടുമുള്ള ഓൺലൈൻ വിദ്യാഭ്യാസം ഉയർന്നു. കോർപ്പറേറ്റ് ജീവനക്കാരുടെ ഉന്നമനത്തിനായി സൗജന്യ ഓൺലൈൻ കോഴ്സുകൾ വാഗ്ദാനം ചെയ്യുന്നു.

ഓരോ മേഘത്തിനും ഒരു വെള്ളിവരയുണ്ട് എന്നതുപോലുള്ള ശൈലികൾ ഉൾക്കൊള്ളുന്ന ഈ ഓൺലൈൻ ഡെലിവറി രീതി പ്രതീക്ഷിക്കപ്പെടേണ്ടതാണ്. മാത്രമല്ല നവലിബറൽ സിദ്ധാന്തങ്ങളുമായി പൊരുത്തപ്പെടുകയും അത് ബഹുജനാധിഷ്ഠിത ഉന്നതവിദ്യാഭ്യാസത്തെക്കുറിച്ച് സാമാന്യബുദ്ധിയോടെ ചിന്തിക്കുകയും ചെയ്യുന്നു.

വിദ്യാഭ്യാസത്തിന്റെ ചരിത്രം എപ്പിസോഡുകളാൽ നിറഞ്ഞിരിക്കുന്നു. ഈ മാസ് സ്കെയിൽ ഓൺലൈൻ പഠനസമീപനത്തിനും സമാനഫലം ലഭിക്കും. ഒരു പ്രതിസന്ധിപ്രതികരണത്തിനപ്പുറത്തേക്ക് ഇത് വ്യാപിപ്പിക്കാൻ കഴിയും. സർവ്വകലാശാലകളിൽനിന്നും കേന്ദ്രങ്ങളിൽനിന്നും ഏറ്റവും കൂടുതൽ നീക്കം ചെയ്യുമ്പോൾ കമ്മ്യൂണിറ്റിയിലെത്തുന്ന ഓൺലൈൻ പഠനത്തിന്റെ നല്ല വശങ്ങൾ അവഗണിക്കുന്നത് ഇപ്പോൾ വിഡ്ഢിത്തമായിരിക്കും.

ഓൺലൈൻ പഠനത്തിന് ലോകമെമ്പാടുമുള്ള എവിടെയും ഏത് സമയത്തും ബഹുജനവിദ്യാർത്ഥികളെ അഭിസംബോധന ചെയ്യുവാൻ കഴിയും. ഏറ്റവും ആധുനിക സാങ്കേതികവിദ്യ എങ്ങനെ ഉചിതമായ രീതിയിൽ ഉപയോഗിക്കാം എന്നതിനെക്കുറിച്ചും ചിന്തിക്കേണ്ടതുണ്ട്.

കോവിഡ് 19 പൊട്ടിപ്പുറപ്പെടുന്നതിനെതിരെ ലോകം പോരാടുമ്പോൾ 130-ലധികം രാജ്യങ്ങൾ ഇപ്പോൾ രാജ്യവ്യാപകമായി സ്കുളുകൾ അടച്ചു. ഇത് ആഗോളതലത്തിൽ 80% വിദ്യാർത്ഥികളേയും ബാധിക്കുന്നു. ഇത് അഭൂതപൂർവ്വമാണ്. ഓരേ സമയം നിരവധി കുട്ടികളെ സ്കൂളിൽനിന്ന് ലോകം കണ്ടിട്ടില്ല.

ഇതുപോലുള്ള ഒരു സാഹചര്യത്തിൽ സങ്കടമോ, ഉത്കണ്ഠയോ, ആശയക്കുഴപ്പമോ, ഭയമോ, ദേഷ്യമോ, ആശങ്കയോ തോന്നുന്നത് സാധാരണമാണ്. ദുരിതബാധിത പ്രദേശങ്ങളിലേയും (രാജ്യങ്ങളിലെയും) വിദ്യാർത്ഥികൾ



എങ്ങനെ അനിശ്ചിതത്വത്തിൽ പഠിക്കുന്നുവെന്നും പോസിറ്റീവ് ആയി തുടരുമെന്നും മനസ്സിലാക്കുക.

ഒരു കുട്ടി വീട്ടിലാണെങ്കിൽ അവൻ ആരോഗ്യ വാനാണെന്നും, അവന് ടി.വി, വൈഫൈ ഫോൺ, എന്നിവ ഉണ്ടെന്നും സന്തോഷിക്കുന്നു.

സ്കൂളിനായി തയ്യാറെടുക്കേണ്ട കാര്യങ്ങളിൽ വ്യാപൃതനാകുന്നു. ഒറിഗാമിയും പൂക്കളും നിർമ്മിക്കാൻ തുടങ്ങുകയും പുനർജന്മത്തിന്റെ സീസണായി കരുതി മുന്നോട്ടു പോകുകയും ചെയ്യുന്നു. ഒറിഗാമി സർഗ്ഗാത്മകതയേയും സൗന്ദര്യബോധത്തേയും ഉത്തേജിപ്പിക്കുന്നു. അന്തിമ ഫലം അവരുടെ മുഖത്ത് എപ്പോഴും പുഞ്ചിരി വിടർത്തുന്നു.

കുട്ടികൾ അവരുടെ വികാരവിചാരങ്ങൾ സ്വതന്ത്രമാക്കുന്നു. ചിന്തകൾ ഒരു കടലാസിലോ നോട്ടുബുക്കിലോ, കമ്പ്യൂട്ടറിലെ ഒരു പ്രമാണത്തിലോ ഇടുക. ഇത് പലപ്പോഴും എഴുതുവാനുള്ള ആഗ്രഹത്തിന്റെ ഒരു തുടക്കമാകും. ആളുകൾ നിങ്ങളെ കേൾക്കേണ്ടതുണ്ട് ഏതു വിധേനയും അത് സാധ്യമാക്കണം.

കൊറോണക്കാലത്തിന്റെ ആദ്യകാലം രസകരമായിരുന്നു. പക്ഷേ കുറച്ചു ദിവസങ്ങൾക്കു ശേഷം വൈറസ് കൂടുതൽ ആളുകളിലേക്ക് പടരുകയും എല്ലാം അടയ്ക്കുകയും ചെയ്തതോടെ ഒരു നിർവ്വികാരതയുടെ നാളുകളായി മാറി.

ക്രമേണ വീട്ടിൽ വിരസമായിത്തീരും എന്നാൽ ദിവസം മുഴുവൻ ഫോണിലും ലാപ്ടോപ്പിലും കണ്ണുകൾ പരതുന്നത് പന്തിയല്ല എന്നും മുത്തശ്ശിമാർ പറയുന്നു. അതിനാൽ തന്നെത്താൻ രസിപ്പിക്കുവാൻ വഴികൾ കണ്ടെത്തുക. ആദ്യം വായന. വായനയെ സ്നേഹിക്കുക എന്നാൽ പുസ്തകശാലകൾ അടച്ചിരിക്കുന്നതും വളരെ വിഷമം ഉണ്ടാക്കുന്നു. അടുത്തതായി പാചകം ആസ്വദിക്കുന്നത് നല്ലതു തന്നെ. ഓർഗനൈസ് ചെയ്ത് വീട് സുഖകരമാക്കുന്ന തും വിദ്യാഭ്യാസപരമായ മാറ്റങ്ങൾക്കു വഴിയൊരുക്കുന്നു. അടുക്കും ചിട്ടയും മനസ്സിൽ സ്ഥാനം പിടിക്കുന്നു.

സാധാരണ സ്കൂൾ വിദ്യാഭ്യാസവുമായി താരതമ്യം ചെയ്യുമ്പോൾ ഓൺലൈൻ പഠനം വളരെ ഫലപ്രദമല്ല എന്നു തന്നെ പറയാം. സ്കൂളിൽ ചോദ്യാവലികൾ അദ്ധ്യാപകരുമായും കൂട്ടുകാരുമായും ചർച്ചയിലൂടെ പരിഹരിക്കാം. ചങ്ങാതിമാരെ നഷ്ടപ്പെടുന്നത് പരിഹരിക്കാൻ വാട്ട്സാപ്പ് ഗ്രൂപ്പും പ്രയോജനകരമാണ്.

പാഠങ്ങൾ രാവിലെ 11 മണിക്ക് ആരംഭിക്കാം. സമയം വളരെ സൗകര്യ പ്രദമാണ്. കാരണം പാഠങ്ങൾ ശരിയായി തയ്യാറാക്കാനും കഴിയും. മാനസികാവസ്ഥ നിലനിർത്താൻ പുസ്തകവായന അനിവാര്യമാണ്. കൗശല വസ്തുക്കൾ നിർമ്മിക്കുകയും, ഡാൻസ്, പാട്ട്, സംഗീത ഉപകരണങ്ങൾ വായിക്കുകയും ചെയ്യാം.

ലോകമെമ്പാടുമുള്ള വിദ്യാർത്ഥികളോടു പറയുവാനുള്ളത് നിങ്ങൾ ആസ്വദിക്കുന്ന കാര്യങ്ങൾ പരീക്ഷിക്കുക എന്നതാണ്. ഇത് നിങ്ങളുടെ ഗൃഹപാഠം മാത്രമല്ല പുതിയ കാര്യങ്ങൾ പരീക്ഷിക്കുവാനുള്ള അവസരം കൂടിയാണ്.

എന്നത്തേക്കാളും കൂടുതൽ കുടുംബവുമായും, സുഹൃത്തുക്കളുമായും, സംസാരിക്കുകയും ആശയവിനിമയം നടത്തുകയും ആകാം. സിനിമകൾ സെലക്ട് ചെയ്തു കാണാം. മുൻകാലങ്ങളെ അപേക്ഷിച്ച് കൂടുതൽ ഭക്ഷണം ആസ്വദിക്കാം. വീട്ടിൽ പഠിക്കാൻ കഴിയുന്ന തരത്തിൽ അനുയോജ്യമായ ക്രമീകരണം വരുത്തുക അനിവാര്യമാണ്.




നിങ്ങളുടെ രക്ഷകർത്താവിനെയോ അദ്ധ്യാപകനെ പോലെ നിങ്ങൾ വിശ്വസിക്കുന്ന ഒരാളോട് സംസാരിക്കുക. സ്വയം വിദ്യാഭ്യാസം നേടുകയും വിശ്വസനീയമായ ഉറവിടങ്ങളിൽ നിന്ന് വിവരങ്ങൾ നേടുകയും ചെയ്യുക. സ്വയം പരിരക്ഷിക്കുക. നിങ്ങളുടെ കൈകൾ ഇയ്ക്കിടെ കഴുകുക. മറ്റുള്ളവർ നിങ്ങളുടെ മുഖത്ത് തൊടാതിരിക്കുവാൻ ഓർമ്മിപ്പിക്കുക. കപ്പുകൾ പങ്കിടരുത്. പാത്രങ്ങൾ, ഭക്ഷണം, പാനീയങ്ങൾ എന്നിവ മറ്റുള്ളവരുമായി പങ്കിടരുത്.

നിങ്ങളേയും, നിങ്ങളുടെ സ്കൂളിനേയും, കുടുംബത്തേയും, സമൂഹത്തേയും ആരോഗ്യകരമായി നിലനിർത്തുന്നതിൽ ഒരു വിദ്യാർത്ഥി എന്ന നിലയിൽ നേതാവായിരിക്കുക. നിങ്ങളുടെ സമപ്രായക്കാരെ കളങ്കപ്പെടുത്തരുത്. രോഗിയാണെന്ന് ആരെയും കളിയാക്കരുത്. വൈറസ് ഭൂമിശാസ്ത്രപരമായ അതിരുകൾ, വംശങ്ങൾ, പ്രായം, കഴിവ് അല്ലെങ്കിൽ ലിംഗഭേദം എന്നിവ പിന്തുടരുന്നില്ലെന്ന് ഓർമ്മിക്കുക.

# പുതുജീവിതം

ജോമോൻ ജോയി പരവൻചേരിൽ, കുറിച്ചി

ഒരു സാധാരണ കുടുംബമായിരുന്നു ഷാജിയുടേത്. അപ്പനും അമ്മയും രണ്ടു ഇളയ സഹോദരിമാരും അടങ്ങുന്നത്. അവരുടെ പ്രതീക്ഷകൾ മുഴുവനും മൂത്തമകനായ ഷാജിയായിരുന്നു. നന്നായി പഠിക്കുമായിരുന്നു ഷാജിയും സഹോദരിമാരും. അവരുടെ പ്രതീക്ഷകൾപോലെ ഷാജി ഡിഗ്രി പാസ്സായി. അതു കഴിഞ്ഞ് ഷാജിയുടെ ശ്രദ്ധ മുഴുവൻ ഒരു ജോലി സമ്പാദിക്കുന്നതിലായി. ഏറെ താമസിയാതെ ഷാജിയ്ക്ക് ഒരു ജോലി ലഭിച്ചു. ഒരു കമ്പനിയിൽ സെയിൽസ് എക്സിക്യൂട്ടിവായി. 3 മാസം കഴിഞ്ഞപ്പോൾ കമ്പനിയിലെ മാനേജ്മെന്റ് പ്രശ്നങ്ങൾ കാരണം കമ്പനി പൂട്ടി. വീണ്ടും ഷാജി ശ്രമിച്ചു. മാസങ്ങൾക്കുശേഷം കുറെക്കൂടി ഭേദപ്പെട്ട ഒരു ജോലി കിട്ടി.

പക്ഷേ അതിന്റെ മുതലാളി ഒരു ലുബ്ധനായിരുന്നു. മൂന്നും നാലും മാസങ്ങൾ കൂടുമ്പോഴാണ് ഒരു മാസത്തെ ശമ്പളം കൊടുക്കുന്നത്. അതു കാരണം ഒന്നിനും തികയാതെ വന്നു. തന്നെയുമല്ല നേരെ ഇളയ സഹോദരിയെ കെട്ടിച്ചയ്ക്കാനുള്ള ആലോചനകളും വന്നു തുടങ്ങി. ഷാജിയ്ക്ക് ഒരു കര പറ്റാനായില്ല. ഷാജി മടുക്കാതെ വീണ്ടും ഒരു ജോലിയ്ക്ക് ശ്രമിച്ചു തുടങ്ങി. പക്ഷേ പറ്റിയതൊന്നും കിട്ടാതെ വന്നപ്പോൾ ഒരു ബിസിനസ്സ് തുടങ്ങി പക്ഷേ അതും ഏറെ താമസിയാതെ പൊളിഞ്ഞു. പതുക്കെ വീട്ടിൽ അപസ്വരങ്ങളും കുത്തു വാക്കുകളും നിറയുവാൻ തുടങ്ങി. ശമ്പളം കിട്ടുന്ന ജോലിയുമില്ല. കൈയിലിരുന്ന കാശെടുത്ത് ബിസിനസ്സ് തുടങ്ങിയത് പൊളിഞ്ഞു, കടത്തിലുമായി പെങ്ങന്മാരെ കെട്ടിച്ചയക്കാനുള്ള കാശെവിടുന്ന് ലഭിക്കും. ഷാജിയ്ക്ക് ഉറക്കമില്ലാതായി. എങ്ങനെയും കുറച്ച് കാശുണ്ടാക്കുക. മാതാപിതാക്കളുടേയും സഹോദരിമാരുടെയും വായടയ്ക്കാമല്ലോ. ഒരു ദിവസം ഷാജി ആരോടും പറയാതെ നാടുവിട്ടു. ട്രെയിൻ കയറി, മുംബൈയിലെത്തി.

കാശുണ്ടാക്കാനുള്ള ശ്രമത്തിൽ ഒരു ലഹരി മരുന്നു കച്ചവടക്കാരനുമായി ബന്ധപ്പെട്ടു. അപ്പോൾ അവന്റെ മനസ്സാക്ഷി, അവനോട് വാദിച്ചു. ഷാജി നീ ഇതു ചെയ്യരുത്, എത്രയോ മനുഷ്യർ ഇതിനടിമയായി, ആത്മാവിനെ നശിപ്പിക്കുന്നു. ഈ പാപത്തിൽ നിന്റെ കൈ പുരളരുത്. അതേ സമയം തന്നെ പിശാചും അവനോട് വാദിച്ചു. ഷാജി, ഇപ്പോൾ നിനക്കാവശ്യം പണമാണ് നീ നിന്റെ ചുറ്റും കണ്ണോടിച്ചു നോക്കു, പണം ഉള്ളവരുടെ വീട്ടിൽ സുഖം ഉണ്ട്. അവർ എത്ര മ്ലേച്ഛന്മാരാണെങ്കിലും ആളുകൾ അവരെ ബഹുമാനിക്കുന്നു. അവരുടെ പുറകെ നടക്കുന്നു. നിനക്ക് പണമില്ലാതിരുന്ന സമയത്ത് ആരെങ്കിലും നിന്നെ മാനിച്ചോ? ഇല്ല. പിന്നെ ലഹരി മരുന്നു കടത്ത്, നീ ഇല്ലെങ്കിലും മറ്റൊരാൾ അതു ചെയ്തുകൊള്ളും. നീ മരിക്കുന്നതുകൊണ്ട് മറ്റൊരാൾ അത് ചെയ്യാതിരിക്കില്ല. അതുകൊണ്ട് നീ അതിൽ കുറ്റം കാണണ്ട. അവസാനം സാത്താൻ തന്നെ ഷാജിയ്ക്ക് മേൽ വിജയം നേടി.

ഷാജി പതുക്കെ കാശുണ്ടാക്കാൻ തുടങ്ങി വീട്ടിലേയ്ക്ക് പണം അയച്ചു തുടങ്ങി. അതോടൊപ്പം തന്നെ, തന്റെ നിലനില്പിനുവേണ്ടി, ഷാജി കൊലപാതകങ്ങളും തുടങ്ങി. ആദ്യം നിവൃത്തിയില്ലാതെ തന്റെ ജീവനുവേണ്ടി, തന്റെ ബിസിനസ്സ് എതിരാളിയെ കൊന്നതോടെ ഷാജിക്ക് അതിനോടുള്ള അറപ്പു മാറി. കൊണ്ടും കൊടുത്തും അയാൾ രാജാവായി. അതിൽ അയാൾ മതി മറന്നു. വലിയ വീടു കെട്ടി. പെങ്ങന്മാരെ ഉന്നത നിലയിൽ കെട്ടിച്ചയച്ചു നാട്ടുകാരും വീട്ടുകാരും അയാളെ മാനിക്കാൻ തുടങ്ങി വമ്പൻ സ്ത്രീധനം വാങ്ങി, വലിയ കുടുംബത്തിൽനിന്നും വിവാഹം കഴിച്ചു.

പക്ഷേ അതുകൊണ്ടൊന്നും നിന്നില്ല, ശത്രുക്കൾ തക്കം പാർത്തിരുന്നു. വിജിലൻസ് റെയ്ഡ് നടന്നു. അയാൾ ഒളിവിലായി. ശത്രുക്കൾ തന്റെ ബിസിനസ്സ് സാമ്രാജ്യം തകർത്തു. തന്റെ വീടു കൊള്ളയടിക്കാൻ ചെന്ന ഗുണ്ടകളെ ചെറുത്തു തന്റെ അച്ചനെ അവർ വെട്ടിക്കൊലപ്പെടുത്തി. തന്റെ ഭാര്യയെയും, വീട്ടിലുണ്ടായിരുന്ന ഇളയ സഹോദരിയേയും മാനഭംഗപ്പെടുത്തി. ആ അപമാനം സഹിക്കവയ്യാതെ അവർ ആത്മഹത്യ ചെയ്തു.

ഓരോ നിമിഷവും അയാൾ മരണത്തെ ഭയന്നു സ്വന്തം അമ്മയും രണ്ടു മക്കളും ഉണ്ട് ബാക്കി ഒളിവിലായിരുന്ന അയാളുടെ രഹസ്യതാവളം ശത്രുക്കൾ കണ്ടെത്തി, അയാളെ ആക്രമിച്ചു. കഷ്ടിച്ച് രക്ഷപെട്ടെങ്കിലും അയാളുടെ വലതുകാൽ നഷ്ടപ്പെട്ടു. അവസാനം, അയാൾ ആശ്വാസം തേടി, തന്റെ പെറ്റമ്മയുടെ അടുത്ത് ചെന്നു. പക്ഷേ അവർ



പൊട്ടിത്തെറിച്ചു. “ദ്രോഹീ, നീ കാരണം, നിന്റെ പണക്കൊതി കാരണം എന്റെ ഭർത്താവ് കൊല്ലപ്പെട്ടു. എന്റെ ഇളയ മകളും നിന്റെ ഭാര്യയും നഷ്ടപ്പെട്ടു. ഓരോ നിമിഷവും, ഞാൻ നിന്റെ ശത്രുക്കളെ ഭയപ്പെട്ട് കഴിയുന്നു. നീ ഏതു നരകത്തിലേക്ക് എങ്കിലും പോയി തുലയ്”. പെറ്റമ്മയുടെ വാക്കുകൾ അയാളെ സ്തബ്ധനാക്കി. എല്ലാം പൊറുത്ത് സ്വീകരിക്കുമെന്ന് കരുതിയത് വെറുതെയായി.

പണം ഉണ്ടായിരുന്ന കാലത്ത്, എല്ലാവർക്കും എന്തൊരു സ്നേഹമായിരുന്നു. അവർക്കുവേണ്ടിയാണല്ലോ ഞാൻ ഇത്രയും കഷ്ടപ്പെട്ടത്. അവസാനം കഷ്ടകാലം വന്നതോടെ എല്ലാവരും കൂട്ടത്തോടെ കൈയ്യൊഴിഞ്ഞു. അയാൾ ചിന്തിച്ചു പോയി. അപ്പോൾ വഴിയിലിരുന്ന ഒരാൾ വായിക്കുന്ന പത്രത്തിലെ ഒരു പരസ്യം അയാൾ കണ്ടു. “ഏതു പ്രശ്ന പരിഹാരത്തിനും സമീപിക്കുക, ജ്യോത്സ്യൻ ഗോപാൽജി” അതിൽ കണ്ട മേൽവിലാസ പ്രകാരം അയാളെ കണ്ടു. ശാസ്ത്ര പ്രകാരം പറഞ്ഞു, “ഇപ്പോൾ കണ്ടകശനിയാണ്, കൊണ്ടുപോകും. സമയം വളരെ മോശമാണ്. മരണം അടുത്ത ഏതു മണിക്കൂറിലും സംഭവിക്കാം. അവസാന പ്രതീക്ഷയുമറ്റ അയാൾ വിങ്ങിക്കൊണ്ട് ഒറ്റക്കാലിൽ ക്രച്ചസിൽ തിരികെ നടന്നു.

ഷാജി തന്റെ ജീവിതത്തിന്റെ ബാക്കിപത്രമെടുത്തു ഇല്ല ഒന്നും ബാക്കിയില്ല. എല്ലാം നഷ്ടപ്പെട്ടു. ഇനി ജീവിച്ചിരിക്കുന്നതിലെന്തർത്ഥം. സന്തോഷമില്ല സമാധാനമില്ല. ഷാജി പെട്ടെന്നോർത്തു. മുംബെ യിലെത്തിയ സമയത്ത് താൻ തന്റെ മനസ്സാക്ഷി പറഞ്ഞത് ചെയ്യാതെ പാപ വഴിയിൽ നടന്നതു കൊണ്ടാണ് ഇതൊക്കെ സംഭവിച്ചത് തന്റെ പാപ വഴികളെക്കുറിച്ചോർത്ത് അയാൾ അനുതപിച്ചു. ദൈവം പോലും ഇനി തന്നെ സ്വീകരിക്കുകയില്ല. അപ്പോൾ സാത്താൻ ഷാജിയെ തന്റെ വലയിലാക്കാൻ, തന്റെ അവസാന ആയുധം എടുത്തു, ആത്മഹത്യ. ഷാജി ചിന്തിച്ചു അതേ, ആത്മഹത്യ, അതു ചെയ്യുക താനിനി ജീവിച്ചിരിക്കാൻ പാടില്ല.

അയാൾ അടുത്ത റെയിൻപാളത്തിലെത്തി, ട്രെയിനിൽ തല വെച്ച് ആത്മഹത്യ ചെയ്യാനായി ഒറ്റക്കാലിൽ നടക്കവേ, അകലെനിന്ന്, മൈക്കിൽകൂടി ഒരു ശബ്ദം ഒഴുകിയെത്തി. “ പെറ്റമ്മ മറന്നാലും നിന്നെ മറക്കാത്ത ഒരു ദൈവം നിനക്കായി കാത്തിരിക്കുന്നു. നിന്റെ ഹൃദയത്തിന്റെ വാതിൽ തുറക്കുക”. ദൈവം അവനോട് ഇടപെട്ടു. എങ്കിലും അവൻ ശങ്കിച്ചു നിന്നു അങ്ങനെയും ഒരു ദൈവമോ അതാര്, ഓ, ആൾക്കാർക്ക് വേറെ പണിയില്ലേ, ചുമ്മാ പറയുന്നതാണ്. തന്റെ ഇര രക്ഷപ്പെടാതിരിക്കാൻ സാത്താൻ ഇടപ്പെട്ടു. “നിന്റെ പാപങ്ങൾ എത്ര കടും ചുമപ്പായിരുന്നാലും, അത് ഹിമംപോലെ വെളുക്കും. ദൈവം അവനോട് അവസാനമായി ഒന്നുംകൂടെ ഇടപെട്ടു. അതാരാണ് എന്റെ ഇത്രയും കടുത്ത പാപങ്ങൾ മറന്ന് പെട്ടെന്ന് എന്നെ ശുദ്ധീകരിക്കുവാൻ മനസ്സുള്ളത്. ഷാജി ആ പ്രസംഗ സ്ഥലത്തേയ്ക്ക് നടന്നു ചെന്ന് ആ പ്രസംഗം ശ്രദ്ധിച്ചു.

ഏതായാലും പ്രസംഗിച്ച ആളുമായി ഒന്ന് സംസാരിച്ചു കളയാം ഷാജി, ആ സുവിശേഷകനുമായി തന്റെ പ്രശ്നങ്ങൾ പങ്കുവച്ചു. എനിക്കാരുമില്ല, എല്ലാം നഷ്ടപ്പെട്ടു. എനിക്ക് കുറ്റബോധം ഉണ്ട്. എങ്കിലും ഞാനിനി ജീവിച്ചിരിക്കുന്നതിലർത്ഥമില്ല. ആ സുവിശേഷകൻ എല്ലാം ശാന്തമായി കേട്ടു. എന്നിട്ടു പറഞ്ഞു, ഷാജി പറഞ്ഞല്ലോ നഷ്ടപ്പെട്ടെന്ന്, ബാലൻസ് ഒന്നുമില്ലെന്ന് എങ്കിൽ ദൈവം പറയുന്നു, ഷാജിയ്ക്ക് ഉണ്ടെന്ന് പറയാൻ ധാരാളം ഇപ്പോഴുമുണ്ട്.

ങേ! അതൊരു പുതിയ അറിവാണല്ലോ. ഷാജി അത്ഭുതപ്പെട്ടു. അതൊക്കെ? ഷാജി അയാളോട് ചോദിച്ചു ആ സുവിശേഷകൻ ഷാജിയോട് തിരികെ ചോദിച്ചു, ഒരു കാലില്ലേ? ഉണ്ട് രണ്ട് കൈയില്ലേ? ഉണ്ട്. കാഴ്ചയില്ലേ? ഉണ്ട്. ശബ്ദം കേൾക്കാം. രണ്ടു മക്കളുണ്ട്. കാൻസർ വന്നിട്ടില്ല, പ്രമേഹമില്ല ജോലി എന്തൊക്കെയറിയാം? ഷാജി പറഞ്ഞു, ഡ്രൈവിംഗ് അറിയാം. ഡിഗ്രിക്കാരനാണ്. ഈ അവസ്ഥയിലും ഇത്രയും അനുഗ്രഹങ്ങൾ ദൈവം തന്നിരിക്കുന്നു. ഇതൊന്നുമില്ലാത്ത ആൾക്കാരുടെ ഫോട്ടോകൾ അയാളെ ആ ദൈവദാസൻ കാണിച്ചു. രണ്ടു കാലുകളും തളർന്ന്, നിരങ്ങി നീങ്ങി ജീവിക്കുന്ന ഒരു പെൺകുട്ടിയുടെ ഫോട്ടോ എടുത്ത് കാണിച്ച് ഷാജിയോട് അയാൾ പറഞ്ഞു. ഈ പെൺകുട്ടി അനാഥയാണ്, അപ്പനോ, അമ്മയോ, സഹോദരങ്ങളോ ആരുമില്ല. എങ്കിലും തന്റെ ബലഹീനതകളിലും പ്രസാദത്തോടെ, പ്രത്യാശയോടെ ഇരിക്കുന്ന ഈ പെൺകുട്ടിയെ കണ്ടോ? അവൾക്ക് ആത്മഹത്യ ചെയ്യാൻ തോന്നുന്നില്ല. പക്ഷേ ഷാജിയോ? എന്താണതിനു കാരണം? ഷാജി തിരികെ ചോദിച്ചു. മറ്റൊന്നുമല്ല യേശു അവളിലുണ്ട്. നീ യേശുവിനെ നോക്കുക. യേശു നിന്നെ കാത്തുകൊള്ളും നിനക്കൊരു പുതു ജീവൻ അവൻ തരും. നിന്റെ തെറ്റുകളെ ദൈവത്തോട് ഏറ്റു പറയുന്നുവെങ്കിൽ, അവൻ നിന്റെ പാപങ്ങളെ ക്ഷമിക്കും ഈ അശാന്തിയിൽ, ഈ അരക്ഷിതാവസ്ഥയിൽ, ഈ അസമാധാനത്തിൽ, ഒറ്റപ്പെടലിൽ യേശു ഇപ്പോഴും ഷാജിയെ വിളിക്കുന്നു. നീ നിന്റെ പാപങ്ങളെ ഏറ്റു പറഞ്ഞുപേക്ഷിക്കുമെങ്കിൽ നിന്നെ രക്ഷിക്കുവാൻ യേശു തയ്യാറാണ്. ഷാജി എന്തു തീരുമാനിക്കുന്നു?

തന്റെ പാപങ്ങളെ ഇവിടെ ഏറ്റു പറയണം, തന്റെ പാപങ്ങൾക്ക് പകരമായി തനിക്കെന്തു ലഭിക്കും എന്നുഴറി നടന്നിരുന്ന ഷാജി ഒരു മൃതസഞ്ജീവനി പോലെയാണത് കേട്ടത്. അവിടെവച്ച് ഷാജി തന്റെ പാപങ്ങളെ യേശുവിനോട് ഏറ്റു പറഞ്ഞ് ഉപേക്ഷിച്ചു ഒരു ദൈവപൈതലായി തീർന്നു. അതോടെ അവനിൽ ഒരു പുതുജീവൻ ഉളവായി. അവനിൽ പ്രത്യാശയും സന്തോഷവും സമാധാനവും നിറഞ്ഞു.

മുന്നമേ അവന്റെ രാജ്യവും നീതിയും അന്വേഷിക്കുക. അതൊടൊപ്പം ഇതൊക്കെയും നിനക്ക് ലഭിക്കും” എന്നുള്ളതായി പിന്നീട് അവന്റെ ജീവിത പ്രമാണം. ആ വിശ്വാസത്തിൽ ജീവിച്ച് ഷാജി ഒരു പുതിയ ജോലി അന്വേഷിച്ചു. ഷാജിക്കെതിരെയുള്ള കേസുകൾ തെളിവില്ലാതെ തള്ളിപ്പോയി.

ആ സുവിശേഷകന്റെ സഹായത്തോടെ അയാൾ തന്റെ വീട്ടിലേക്ക് പോയി തന്റെ അമ്മയും യേശുവിനെ സ്വീകരിച്ചു. രണ്ടും കാലും തളർന്ന് അനാഥയായ പെൺകുട്ടി അനുഭവിക്കുന്ന പ്രത്യാശ എന്തായിരുന്നു എന്ന് ഷാജിയും തന്റെ അമ്മയും അറിഞ്ഞു തുടങ്ങി. ഷാജി തന്റെ ശത്രുക്കളോട് ക്ഷമിച്ചു. ഭാര്യ വീട്ടുകാരും സഹോദരന്മാരുടെ വീട്ടുകാരും അവനോട് ക്ഷമിച്ചു. ഒരു ജോലി അന്വേഷിച്ചിട്ടും ലഭിക്കാതെ ഇരുന്നതുകൊണ്ട് ഒരു ചെറിയ ബിസിനസ്സ് തുടങ്ങി. ഷാജിയുടെ മക്കൾ തിരികെ വന്നു. പിന്നീട് ഒരു ദൈവപൈതലിനെ വിവാഹം കഴിച്ചു. കുടുംബമായി ദൈവത്തെ ആരാധിച്ചു പോന്നു.




## വരനെ ആവശ്യമുണ്ട്

**M. 350**

BDS പാസ്സായ ക്നാനായ യുവതിക്ക് (25) ദൈവഭയമുള്ള അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph. 9818857532

**M. 351**

BBA പാസ്സായതിനുശേഷം സ്വകാര്യസ്ഥാപനത്തിൽ ജോലി ചെയ്യുന്ന ക്നാനായ യുവതിക്ക് (26/172cm) അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph. 9656275012

**M. 352**

Knanaya parents invite proposal for their daughter (24/5') born and brought up in Kerala presently doing Pharm-D 6th year Internship (JSS Ooty) seeking alliance from parents of qualified God fearing boys preferably working in USA.

Ph. 9846644005,
WhatsApp. 9846644005

## വധുവിനെ ആവശ്യമുണ്ട്

**M. 353**

B.E. Mechanical Engineering കഴിഞ്ഞ് ഒമാനിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (28/160cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. (നേഴ്സുമാർക്ക് മുൻഗണന).

Ph. 9446280774, 8714334677

**M. 354**

Post B.Sc. കഴിഞ്ഞ് ഖത്തറിൽ Male നേഴ്സായി ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (30/174cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. (നേഴ്സുമാർക്ക് മുൻഗണന, ഫാമിലി വിസ ഉണ്ട്.)

Ph. 9288605821, 8943155941

**M. 355**

കേരള സർക്കാർ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ ക്ലർക്കായി ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (34/182cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph. 8111907247

**M. 356**

സ്വന്തമായി നാട്ടിൽ ബിസിനസ്സും ഉയർന്ന സാമ്പത്തികവുമുള്ള ക്നാനായ യുവാവിന് (29/180cm, BA, Fire, Safety Diploma) നാട്ടിലോ വിദേശത്തോ ജോലിയുള്ള നേഴ്സുമാരുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. വിദ്യാഭ്യാസമുള്ള ജോലി ഇല്ലാത്തവരെയും പരിഗണിക്കും.

വിദേശത്ത് കൊണ്ടുപോകാൻ സാധിക്കുന്നതാണ്. സാമ്പത്തികം പ്രശ്നമല്ല.
Ph. 9847790389

**M. 357**

B.Sc. Computer കഴിഞ്ഞ് അബുദാബിയിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (34) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. (ഇപ്പോൾ നാട്ടിലുണ്ട്).
Ph. 9495912242

**M. 358**

B.Sc. Nursing കഴിഞ്ഞ് നാട്ടിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (29/176) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.
Ph. 9446473825, 9426369421

**M. 359**

മെക്കാനിക്കൽ ഡിപ്ലോമ പാസ്സായിട്ട് ദുബായിൽ ഒരു കമ്പനിയിൽ ജോലി ചെയ്യുന്ന യുവാവിന് (26) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.
Ph. 9387734877, 97444927115




# വ്യക്തിത്വം വിലപ്പെട്ടനിധി

**റ്റി. കെ. തോമസ് തൈകുറിഞ്ഞിയിൽ, തിരുവൻവണ്ടൂർ**

വാക്കുകൾ വളരെ സൂക്ഷിച്ചുമാത്രം ഉപയോഗിക്കുക, കാരണം അതുകേട്ട ആൾക്ക് പൊറുക്കാൻ മാത്രമേ സാധിക്കൂ. മറക്കാൻ കഴിയില്ല. പറയുന്നത് മുഴുവൻ അറിയുന്നത് നല്ലതാണ്. അറിയുന്നത് മുഴുവൻ പറയുന്നത് അത്ര നല്ലതല്ല. നല്ല വാക്കും പുഞ്ചിരിയുമാണ് മറ്റുള്ളവർക്ക് നൽകാവുന്ന വലിയ സമ്മാനം. ഒരു വൃക്ഷം അറിയപ്പെടുന്നത് അതിന്റെ ഫലത്തിന്റെ പേരിലാണ്. മനുഷ്യൻ അറിയപ്പെടുന്നത് അവന്റെ പ്രവൃത്തിയുടെ പേരിലും. പ്രിയപ്പെട്ടവരുടെ സന്തോഷത്തിനുവേണ്ടി തോറ്റു കൊടുക്കുന്നത് ജീവിതത്തിലെ ഏറ്റവും വലിയ സന്തോഷം. ജാതി നോക്കുന്നവരോട് കൂട്ടുകൂടരുത്, കൂട്ടുകൂടിയവരുടെ ജാതി നോക്കരുത്. കഴിവുള്ളവർക്ക് ഉയരങ്ങൾ താണ്ടാൻ കഴിയും. പക്ഷെ സ്വഭാവഗുണമുള്ളവനേ അത് എന്നും നിലനിർത്താൻ കഴിയൂ. കടപ്പാടുകൾ നിറവേറ്റാൻ തുടങ്ങുമ്പോഴാണ് കഷ്ടപ്പാടുകൾ എന്താണെന്ന് നാം തിരിച്ചറിയൂ. ബുദ്ധിമാൻ തെറ്റുപറ്റിയാൽ ഖേദം പ്രകടിപ്പിക്കും. വിഡ്ഢികൾ സ്വയം ന്യായീകരിച്ചുകൊണ്ടേയിരിക്കും. ക്ഷമയും, അദ്ധ്വാനവുമാണ് സൗഭാഗ്യങ്ങളുടെ താക്കോൽ, അതില്ലാത്തവൻ ഈ ലോകത്തിൽ കുറേ കടവും ബാദ്ധ്യതകളും മാത്രം സമ്പാദിക്കുന്നു. അദ്ധ്വാനിക്കുന്നവൻ വൈകിയാണെങ്കിലും ഒരുനാൾ വിജയം വരിക്കും. നാം അറിയാതെ ഏതു നിമിഷവും അണഞ്ഞുപോകുന്ന ഒരു വിളക്കാണ് നമ്മുടെ ജീവൻ. നല്ല വാക്ക്, നല്ല പുഞ്ചിരി, ദാനശീലം ഇവയാണ് ഒരാളുടെ ഏറ്റവും ഉദാത്തമായ സ്വഭാവഗുണങ്ങൾ. ആരോഗ്യവും നിർഭയത്വവുമാണ് മനുഷ്യന് ലഭിക്കുന്ന ഏറ്റവും വിലപ്പെട്ട നിധികൾ. തിന്മ വിതച്ച് നന്മ കൊയ്യാമെന്ന് കരുതുന്നത് വെറും മോഹം മാത്രമാണ്. ജീവിതം ഒരുനാൾ അവസാനിക്കുമെന്നറിയാമെങ്കിലും മനുഷ്യൻ കൂടുതൽ തിരക്കുകളിൽ ഏർപ്പെടുന്നു, തിരക്കുകൾക്ക് ഒരിക്കലും അവസാനം ഉണ്ടാകുന്നതുമില്ല. കൂടെയുള്ളവരെ കേൾക്കാൻ മനസ്സു കാണിക്കുന്നു എങ്കിൽ, നിങ്ങളെ കേൾക്കാൻ കൂടെയുള്ളവർ തയ്യാറാകും. കൂടെ യാത്ര ചെയ്യുമ്പോഴാണ് ഒരാളുടെ യഥാർത്ഥ സ്വഭാവം പുറത്തുവരുന്നത്. പൊങ്ങച്ചം പറയുന്നവർ അധികവും ഉള്ളിൽ കഴമ്പില്ലാത്തവർ ആയിരിക്കും. നല്ല കുടുംബത്തിലും, നല്ല മാതാപിതാക്കൾക്കും ജനിച്ചവർ ആ നല്ല ഗുണം കാണിക്കുകതന്നെ ചെയ്യും. മരണപ്പെട്ടവർക്കെല്ലാം, സാക്ഷാത്കരിക്കാൻ ബാക്കിയുള്ള ഒരുപാട് സ്വപ്നങ്ങളും, ആഗ്രഹങ്ങളും ഉണ്ടായിരിക്കും എന്നതാണ് യഥാർത്ഥ സത്യം. പൂർണ്ണമായി എല്ലാം തീർത്തിട്ട് ഭൂമി വിട്ടുപോകുന്ന ഒരു ജീവിയും ഉണ്ടാകില്ല. രോഗം പേടിച്ചു നാം ഭക്ഷണം നിയന്ത്രിക്കുന്നു, പക്ഷെ നരകം ഭയന്ന് ആരും തിന്മകളെ വർജ്ജിക്കുന്നില്ല. ഇന്നത്തെ സുഖത്തിനുവേണ്ടിയാണ് സകല ജനത്തിന്റെയും മത്സരം, എന്നാൽ മരണശേഷമുള്ള സുഖത്തിനും, നിത്യജീവനുവേണ്ട കർമ്മങ്ങളിലും ആർക്കും മത്സരമില്ല എന്നതാണ് വസ്തുത. ●

ചിറ്റെക്കെഴുതിയ കത്ത്
ഫാ.കെ.എ. ചെറിയാൻ കൂട്ടോത്തറ

# എഴുത്തുകുത്തുകളുടെ കോവിഡ്കാലം

ഒറ്റക്കിരുന്നു ഞാൻ ബോറടിച്ചു, ഉടൻ ചിറ്റക്ക് ഞാനൊരു കത്തെഴുതി
കാറ്റിൽ പറന്നാ വിമാനത്തിലാ കത്ത് ചിറ്റതൻ ചാരത്ത് ചെന്നണഞ്ഞു
ചൊല്ലി ഞാൻ ഇന്നത്തെ ലോകത്തിൻ ദുഃഖത്തെ,
ചെല്ലമായ് ചൊല്ലുവാൻ ഒന്നുമില്ല, ചൊല്ലിടാം എന്നാലും ചിലതൊക്കെ
ഞാനെന്റെ ചില്ലിട്ട മോഹത്തിൽ ഉള്ളതെല്ലാം
ലോകമൊട്ടാകെ പടർന്നു പിടിച്ചൊരു
ലോകത്തിൻ കൊണ്ടിയാം കോവിഡിനെ
മാലോകരെല്ലാം ഭയന്നുവിറയ്ക്കുമ്പോൾ
മാനത്തുനോക്കി ഞാനെൻ കൈകൾ കൂപ്പി
മനുജൻ തൻമാനസം മാറാതൊരിക്കലും
മാറില്ലി ദുർവ്യാധി മന്നിൽനിന്നും
മന്നവൻപോലും മരവിച്ചു നിൽക്കുമി മന്നിന്റെ ദുഃഖമതെത്ര മാത്രം
ചിന്തിക്കു മനുജാനിൻ ചെയ്തികൾ ഒരോന്നും എന്തൊരു ഹിനമാണവയീ ഭൂവിൽ
അനന്തകനായി നീ ഭൂവിൽ ചരിക്കുമ്പോൾ,
അത്യന്തം ഖിന്നമാണെൻ ജീവിതം
ശാസ്ത്രികൾ, ശാസ്ത്രജ്ഞർ, സന്നദ്ധ പ്രവർത്തകർ,
സമ്പന്നർ, സാമൂഹിക രാഷ്ട്രീയക്കാർ,
ആരോഗ്യപ്രവർത്തകർ, നിയമപാലകർ അവർ
അക്ഷീണം നന്നായി ചെയ്തീടുന്നു.
മാനവർക്കാവശ്യം ആരോഗ്യമാണെന്നു മാലോകരെല്ലാമേ ചൊല്ലിടുമ്പോൾ
മെയ്യും മനസ്സും മറന്നു പ്രവർത്തിച്ചു മനുജർക്കായി
മന്നിൽ പിറന്ന മാലാഖമാർ.
നേതൃത്വം നൽകി കേരള സംസ്ഥാനം, ലോകത്തിൽ മൂന്നിലിന്ന്  ഒന്നാമനായ്
മാലോകർക്കെല്ലാർക്കും വാനോളം ചൊല്ലാനായ്, മുഖ്യനും മുഖ്യന്റെ മന്ത്രിമാരും
ഇന്നുനാം കാണുന്നു ലോകത്തിൽ ഒന്നാമൻ,
കേരളം എന്നൊരു സംസ്ഥാനത്തെ
ആരോഗ്യമന്ത്രിയാം ഷൈലജ ടീച്ചറോ ലോകത്തിൽ നമ്പർ വൺ ഹീറോയിനായ്
അങ്ങനെ കേരളം കോവിഡാം ബാധയെ ഒറ്റക്കെട്ടായി ചെറുത്തുനിന്നു
മാലോകർക്കെല്ലാർക്കും മാലാഖയാണിന്ന്
സിസ്റ്റേഴ്സും പോലീസും ഡോക്ടർമാരും
ഓർക്കുക നാം എല്ലാം ശ്രദ്ധിച്ചു ജീവിച്ചാൽ നാളെയും ഈ മന്നിൽ തമ്മിൽ കാണാം
അല്ലെങ്കിൽ കാണാനോ തീണ്ടാനോ പറ്റില്ല, ആരോഗ്യമില്ലാതെ മൺമറയും
അർപ്പിക്കു നമ്മെ നാം ആത്മാർത്ഥമായ്തന്നെ, ദൈവമുമ്പിൽ
അകറ്റിടു നമ്മിലെ അന്തകശക്തിയോ, അന്ത്യത്തിൽ ആത്മാവേ നേടുവാനായ്
മനുജാനീ മാറിടു മാറ്റങ്ങൾ ആവശ്യം, മന്നിൽ
പിന്നെ നീ മരിച്ചിടുമ്പോൾ
മാറണം നല്ലൊരു ഓർമയായ് നിൻനാമം മാറ്റു കൂടട്ടെ
നിൻ ആത്മാവിനായ്

# ക്നാനായ കോൺഗ്രസ് ആദരിച്ചു



സമ്പൂർണ്ണ ലോക്ഡൗൺ കാലത്ത് കൊറോണ വൈറസ് വ്യാപനം തടയുന്നതിൽ സുസ്തൃർഹ്യമായ സേവനം നടത്തുന്ന പോലീസ് ഉദ്യോഗസ്ഥരെ ആദരിക്കുന്നതിന്റെ ഭാഗമായി ചിങ്ങവനം പോലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥർക്ക് ക്നാനായ കോൺഗ്രസ് സമാഹരിച്ച ഭക്ഷണസാമഗ്രികളും, മിനറൽ വാട്ടറും നൽകുകയുണ്ടായി. പ്രസിഡന്റ് ഫാ. ജേക്കബ് കല്ലുകുളത്തിന്റെ കൈയ്യിൽ നിന്ന് സി.ഐ. ബിൻസ് ജോസഫ്, എസ്. ഐ. റ്റോം മാത്യു എന്നിവർ ഏറ്റുവാങ്ങി. ട്രസ്റ്റി അനീഷ് റ്റി. സി. തകിടിയിൽ, അനീഷ് കയ്യത്ര, ജൂബി കൊല്ലംപറമ്പിൽ എന്നിവർ നേതൃത്വം നൽകി.



പമ്പാനദിയിൽ ഒഴുക്കിൽപ്പെട്ട് താണുപോയ ഇട്ടിയപ്പാറ കുറ്റിയിൽ ഡെക്കറേഷൻ ഉടമ ഏലിയാസ് ജേക്കബ്ബിനേയും മകളേയും ജീവിതത്തിലേക്ക് കൈപിടിച്ച് കയറ്റിയ ഐത്തല ചെറുവട്ടയ്ക്കാട്ട് ജെറിൻ സജിക്ക് അനുമോദനം അറിയിച്ചുകൊണ്ട് ക്നാനായ കോൺഗ്രസ് കേന്ദ്രകമ്മറ്റി അംഗങ്ങളായ റവ. ഫാ. ബിനു പയ്യനാട്ട്, റവ.ഫാ. കൊച്ചുമോൻ തോമസ്, ജോ. സെക്രട്ടറി ജെയ്മോൻ മേപ്രത്ത് എന്നിവർ ജെറിന്റെ വീട്ടിൽ ചെന്ന് ആശംസകൾ അറിയിച്ച് പൊന്നാട അണിയിക്കുകയും പ്രത്യേകമായി കുടുംബത്തെ ഓർത്ത് പ്രാർത്ഥിക്കുകയും ചെയ്തു.

Registered No. KL/CHC/29/2018-20
Published on 15 April 2020
**KNANAYA DEEPAM**
Chingavanam
RNI No. KERBIL/2006/19210
Vol. 31, Issue: 5 ₹ 15

2–ാം ചരമ വാർഷികം
13–06–2020


33–ാം ചരമ വാർഷികം
03–05–2020



**Kunjamma Chandy** **M. U. Chandy**

Meppurathu House
Cherukulanji P. O., Ranni

40th Day of Demise
22-5-2020
In Loving Memory of
Dr. Jacob Thomas
Padinjarepurackal (h) Kallissery



*I am the resurrection and the life. Any one who believes in me will live, even after death.*
*John 11: 25*

Mourned by his Sorrowing Family:
Mary Thomas(wife)
Joppy & Helena, Thomas & Swapna, Saji & Mini, Santhosh & Cherry (children)
& Grand children

Printed And Published By **FR. JAICOBKUTTY K.S. KALLOOKULAM**, Owned By The Malankara Syrian Knanaya Archdiocese, Printed At Clemis Press, Clemis Centre, Chingavanam Kottayam And Published At Clemis Centre, Chingavanam, Kottayam. Editor : **ROY MATHEW COR-EPISCOPA MULAMOOTTIL**